# അണുശക്തിവളർച്ച് ഇന്ത്യയിൽ

ഓരോ രാജ്യത്തേയും വിദ്യുച്ഛക്തിയുടെ ആളോഹരി ഉപഭോഗം ആ രാജ്യത്തിൻെറ സാമ്പത്തിക സാമൂഹ്യസാംസ്ക്കാരികാഭിവൃദ്ധിയേയും തദ്വാരാ ആ നാട്ടിലെ ജനങ്ങളുടെ ജീവിതനിലവാരത്തേയുമാണ് സൂചിപ്പിക്കുന്നത്. എന്നാൽ ഒരു വികസ്വരരാജ്യമായ ഇന്ത്യ വിദ്യുച്ഛക്തിയുടെ പ്രതിവർഷോപഭോഗത്തിൻെറ കാര്യത്തിൽ വളരെ പിന്നോക്കമായാണ് നിൽക്കുന്നത്. ഇന്ത്യയിൽ വിദ്യുച്ഛക്തിയുടെ ആളോഹരി പ്രതിവർഷോപഭോഗം ഏകദേശം 85 കിലോവാട്ടാണ്. ഇത് അമേരിക്കയുടേയും മററ് വികസിതനാടുകളുടേയും ആളോഹരി ഉപഭോഗത്തിൻെറ നാലിലൊന്നേ വരികയുള്ളൂ.

രാജ്യത്തു പ്രചാരത്തിലുള്ള ഹൈഡ്രോ, തെർമൽ, ന്യൂക്ലിയർ എന്നീ വൈദ്യുത ഉല്പാദനമാർഗ്ഗങ്ങളിൽ പൊതുവേ ആദായകരം ഹൈഡ്രോപവറാണ്. ഇന്ത്യയിൽ മഴ കാലവർഷക്കാററിനെ ആശ്രയിച്ചിരിക്കുന്നതിനാൽ വൈദ്യുതോൽപ്പാദനം ഡാമിൽ വെള്ളം ശേഖരിക്കുന്നതിന്നനുസരിച്ച് കൂടിയും കുറഞ്ഞുമിരിക്കും. ഇതുവരെ നാം രാജ്യത്തുള്ള അഞ്ചിലൊന്ന് ജലവൈദ്യുതശേഷിയെ പ്രയോജനപ്പെടുത്തിയിട്ടുള്ളു. ഹൈഡ്രോപവറിൻെറ ഒരു പ്രധാന പോരായ്മ വൈദ്യുതി ആവശ്യമുള്ള സ്ഥലത്തിന്നടുത്ത് മിക്കപ്പോഴും ജലവൈദ്യുത വിഭവങ്ങൾ സുലഭമായിരിക്കുകയില്ല എന്നതാണ്. അതിനാൽ ജലവൈദ്യുതി യഥേഷ്ടം കിട്ടാൻ സാദ്ധ്യതയുള്ളിടത്ത് അതും അല്ലാത്തിടത്ത് മററുവിധത്തിലുള്ള വിദ്യുച്ഛക്തിയും ഉപയോഗപ്പെടുത്തുകയാണ് ഒരു വികസ്വര രാജ്യമായ ഇന്ത്യക്ക് ഉചിതമായിട്ടുള്ളത്.

മററു രീതിയിലുള്ള ഉല്പാദനം എണ്ണ, കൽക്കരി, യുറേനിയം തുടങ്ങിയ ഇന്ധനങ്ങളുടെ ലഭ്യതയെ ആശ്രയിച്ചിരിക്കുന്നു. യുറേനിയം ഇന്ധനമായുപയോഗിക്കുകയും ഏറെനാൾ പ്രവർത്തിക്കുകയും ചെയ്യുന്ന അണുവൈദ്യുത നിലയങ്ങൾ, കൽക്കരിഖനികളിൽനിന്ന് എണ്ണൂറ് കിലോമീററിൽ കൂടുതൽ ദൂരെ സ്ഥിതിചെയ്യുന്ന പഴയരീതിയിലുള്ള നിലയങ്ങളേക്കാളും മററു ഇന്ധനങ്ങളുപയോഗിക്കുന്ന നിലയങ്ങളേക്കാളും ആദായകരമാണ്. ഇന്ത്യയിൽ കൽക്കരി, എണ്ണ തുടങ്ങിയ അറിയപ്പെടുന്ന ഇന്ധനങ്ങളുടെ ശേഖരം കുറവായതിനാലും യുറാനിയം രൂപപ്പെടുത്തുന്ന തോറിയത്തിൻെറ ശേഖരം ധാരാളം ഉള്ളതിനാലും ഇവിടെ വൈദ്യുതോല്പാദനത്തിന്ന് അണുശക്തി ഉപയോഗപ്പെടുത്തുന്നതാണ് ഏററവും ആദായകരം.

ഇന്ത്യയിൽ ന്യൂക്ലിയർ തെർമൽ പവർസ്റ്റേഷനുകളുടെ ചരിത്രം മഹാനായ ഡോക്ടർ എച്ച്. ജെ. ഭാഭയുടെ ചരിത്രമാണ്. ഇന്ത്യയിൽ ന്യൂക്ലിയർ പഠനത്തിൻെറ ഉപജ്ഞാതാവും നിയന്താവും മരണംവരെ അതിൻെറ ജീവനാഡിയുമായി വർത്തിച്ച ദേഹവുമായിരുന്നു അദ്ദേഹം. ഇന്ത്യയിൽ അങ്ങോളമിങ്ങോളമുള്ള നേഷനൽ ലാബൊറട്ടറീസിൻെറ ഉപജ്ഞാതാവ് ഡോക്ടർ ഭട്ട്നഗർ ആണെങ്കിൽ തെർമൽ പവർസ്റ്റേഷനുകളുടെ ഉപജ്ഞാതാവ് ഭാഭയായിരുന്നു. ആററത്തിൽ അടങ്ങിയിരിക്കുന്ന അത്ഭുതാവഹമായ ശക്തിയെപററി മനസ്സിലാക്കിയ ഭാഭ 1944-ൽ Tata Institute of Fundamental Researchൻെറ ചെയർമാനായിരുന്ന Sir. Dorajiക്കെഴുതിയ കത്ത് പ്രസിദ്ധമാണ്. ആ കത്തിൽ ഇന്ത്യ വൈദ്യുതോല്പാദനത്തിന്ന് ന്യൂക്ലിയർ എനർജി ഉപയോഗപ്പെടുത്തുകയാണെങ്കിൽ നമുക്ക് വിഭവസമ്പന്നമായ ഒരു രാഷ്ട്രമാകാൻ കഴിയുമെന്ന് അദ്ദേഹം എഴുതുകയുണ്ടായി.

---

മൊഹമ്മദ് പാലങ്ങാട്, III B.Sc. Chemistry

---

ഇന്ത്യയിൽ ന്യൂക്ലിയർ എനർജിയുടെ ശരിയായ പുരോഗതിയെ ലക്ഷ്യംവെച്ചുകൊണ്ട് എസ്സ്. എസ്സ്. ബട്ട്നഗറിൻെറ സഹായത്തോടെ 1948 ആഗസ്റ്റിൽ ആറോമിക്എനർജി കമ്മീഷൻ സ്ഥാപിതമായി. പരമാവധി അഭ്യന്തരമായി ലഭ്യമാകുന്ന വിജ്ഞാനവും സാങ്കേതികത്വവും ഉപയോഗപ്പെടുത്തി കഴിയുന്നത്ര കുറഞ്ഞനിരക്കിൽ വിദ്യുച്ഛക്തി വിതരണംചെയ്യുന്നതിന്ന് ഇന്ത്യൻ അണുശക്തിപരിപാടി മുൻഗണനനൽകുന്നു.

1954ൽ പണ്ഡിററ് നെഹ്റു നേഷനൽ ഫിസിക്കൽ ലാബോറട്ടറിയിൻ വിളിച്ചുകൂട്ടിയ ശാസ്ത്രജ്ഞന്മാരുടെ സമ്മേളനമാണ് ഇന്ത്യയിൽ സ്ഥാപിക്കേണ്ട റിയാക്ടറിന്ന് അവസാന രൂപംനൽകിയത്, ഭാഭയ്ക്കു് യൂറോപ്യന്മാരുമായുണ്ടായിരുന്ന അടുത്ത ബന്ധത്തിൻെറ ഫലമായി, ഫ്രാൻസിൻെറ സഹായത്താൽ റിയാക്ടർ മെററീരിയൽസിനെപററിയും, ന്യൂട്രോൺ ഫിസിക്സ്, റിയാക്ടർ കൺട്രോണിങ്, യുറേനിയം ഉപയോഗം എന്നിവയെപററിയും കൂടുതൽ നന്നായി മനസ്സിലാക്കാൻ നമുക്ക് കഴിഞ്ഞു. Swimming Pool മോഡലിലുള്ള ഒരു റിയാക്ടർ സ്ഥാപിക്കാൻ ആവശ്യമായ യുറേനിയം ഇന്ധനത്തിന്നുള്ള വിവിധ വസ്തുക്കൾ ലഭിക്കാൻവേണ്ടി ഭാഭ, സർ

ജോൺകോക്ക് റോഫ്ട്ടുമായി ഒരു കരാറിൽ ഏർപ്പെട്ടു. റിയാക്ടറിനുവേണ്ട ഇതര ഘടകങ്ങളെല്ലാം നാം സ്വന്തമായുണ്ടാക്കാനും തീരുമാനിച്ചു. 1956 ആകുമ്പോഴേക്കും ഒരു റിക്കാർഡ് വികസനത്തോടെ സ്വിമ്മിങ്ങ്പൂൾ ടേങ്ക് പരീക്ഷണ നിരീക്ഷണങ്ങൾ ക്ഷതകംവണ്ണം പണി പൂർത്തിയായി. അങ്ങനെ നമ്മുടെ കഠിനാദ്ധ്വാനത്തിന്റെ ഫലമായി ഭൂരിഭാഗം ഉപകരണങ്ങളും ഇന്ത്യൻ നിർമ്മിതമായിക്കൊണ്ട് സ്വിമ്മിങ്ങ്പൂൾ മാതൃകയിൽ ഇന്ത്യയുടെ ഒന്നാമത്തെ റിയാക്ടർ അപ്സരയിൽ സ്ഥാപിതമായി.

ഇന്ത്യയുടെ രണ്ടാമത്തെ റിയാക്ടർ എൻ ആർ എക്സ് മാതൃകയിൽ സൈറസിൽ സ്ഥാപിക്കാൻ തീരുമാനിച്ചു. യുറാനിയം ഇന്ധനം ഉപയോഗപ്പെടുത്തിക്കൊണ്ട് കനേഡിയൻ സഹായത്തോടെയാണ് ഈ റിയാക്ടർ സ്ഥാപിച്ചത്. ഇതിനുള്ള യുറാനിയം ഇന്ധനം ഇന്ത്യയിൽ സ്വന്തമായുണ്ടാക്കിയതായിരുന്നു. ഇവിടേക്ക് ഇന്ധനം തരാമെന്ന കനഡയുടെ ഓഫർ ഇന്ത്യ നിരാകരിക്കുകയാണുണ്ടായത്. ഇതിന്റെ ഉൽഘാടനം കഴിഞ്ഞ് അധിക ദിവസങ്ങൾ കഴിയുന്നതിനുമുമ്പ് ഇത് നിശ്ചലമാവുകയും കനേഡിയൻ വിദഗ്ദ്ധർ നിസ്സഹായരായി കൈമലർത്തുകയുംചെയ്തു. ഈ സമയത്ത് ഇതിന്റെ കേട് തീർത്ത് ഇത് വീണ്ടും പ്രവർത്തനബദ്ധമാക്കിയത് ഇന്ത്യൻ വിദഗ്ദ്ധരാണ്.

സൈറസ് റിയാക്ടറിനുശേഷം 1961ൽ സെർലീനിയ റിയാക്ടർ സ്ഥാപിതമായി. ഇത് പരിപൂർണ്ണമായും ഇന്ത്യൻ നിർമ്മിതമായിരുന്നു.

പിന്നീട് 420 മെഗാവാട്ട് എനർജി പ്രതിഷ്ഠാപിതശേഷിയുള്ള ഒരു പരിപൂർണ്ണ അണുശക്തിനിലയം മഹാരാഷ്ട്രയിൽ സ്ഥാപിതമായി. അമേരിക്കയിലെ ഇൻറർനാഷനൽ ഇലക്ട്രിക് കമ്പനിയുടെ പൂർണ്ണമായ നിയന്ത്രണത്തിലാണ് ഈ നിലയം സ്ഥാപിച്ചിട്ടുള്ളത്. മഹാരാഷ്ട്രയ്ക്കും ഗുജറാത്തിനും വേണ്ടി സ്ഥാപിച്ച ഈ വിദ്യുച്ഛക്തിനിലയത്തിൽ ഇന്ധനമായി പുഷ്ടിപ്പെടുത്തിയ യുറാനിയം ഉപയോഗിക്കാൻ തീരുമാനിക്കുകവഴി ഒരു മഹത്തായ ജോലിയാണ് നാമേറെറടുത്തത്.

കനഡയുമായി നമുക്കുള്ള അടുത്ത ബന്ധംവഴിയായി Heavy water natural Uranium reactors സ്ഥാപിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇത്തരം റിയാക്ടർ സ്ഥാപിക്കാനായി രാജസ്ഥാനിലെ കോട്ടയ്ക്കുസമീപമുള്ള റാണാപ്രതാപ് നഗറും മദിരാശിക്കടുത്തുള്ള കല്പകവും തിരഞ്ഞെടുക്കപ്പെട്ടു. ഇതിൽ കോട്ട റിയാക്ടർ സ്ഥാപിച്ചത് കനേഡിയൻ സഹായത്തോടെയും കല്പകം സ്ഥാപിച്ചത് പരിപൂർണ്ണമായും ഇന്ത്യൻ ശാസ്ത്രീയസാങ്കേതികവൈദഗ്ദ്ധ്യത്താലുമായിരുന്നു. 430 മെഗാവാട്ട് ഉല്പാദനശേഷിയുള്ള ഒരു ഉല്പാദനനിലയമാണ് രാജസ്ഥാനിലെ കോട്ടയ്ക്കടുത്തുള്ള റാണാപ്രതാപ് നഗറിൽ പ്രവർത്തനത്തിലിരിക്കുന്നത്. ഇവിടത്തെ റിയാക്ടറുകളുടെ ഡിസൈൻ കനേഡിയൻ മാതൃകയിലുള്ളതാണ്. ഇത് കമ്മീഷൻചെയ്യാനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം കനഡയ്ക്കാണ്.

470 മെഗാവാട്ട് ഉല്പാദനശേഷിയുള്ള മറെറാരു നിലയം മദിരാശിക്കടുത്ത കല്പകത്ത് നിർമ്മാണത്തിലിരിക്കുകയാണ്. പരിപൂർണ്ണമായും നമ്മുടെ ശാസ്ത്രീയസാങ്കേതികവൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്തിയാണിതു സ്ഥാപിക്കുന്നത്. സമുദ്രത്തോടടുത്ത് സ്ഥാപിക്കുന്ന ഈ നിലയത്തിൽ ഡ്യൂട്ടേറിയം ഉല്പാദിപ്പിക്കാൻ ഉപയോഗപ്പെടുത്തുക സമുദ്രജലമായിരിക്കും. ഈ നിലയം കമ്മീഷൻചെയ്യുമ്പോൾ സമുദ്രജലത്തിൽനിന്നും ഉല്പാദിപ്പിക്കുന്ന ഡ്യൂട്ടേറിയം വൈദ്യുതോല്പാദനത്തിനും അതിൽനിന്നും ലഭിക്കുന്ന ലവണങ്ങൾ കൃഷിക്കും ശിഷ്ടംവരുന്ന ജലം അനേകായിരം ഏക്ര തരിശുഭൂമിവിള സമ്പന്നമാക്കാനും നമുക്ക് ഉപയോഗിക്കുവാൻ കഴിയുന്നതാണ്.

രാജ്യത്ത് ധാരാളമായുള്ള തോറിയം ശരിയാംവണ്ണം ഉപയോഗപ്പെടുത്തുക എന്നത് ഇന്ത്യൻ ആററമിക് എനർജി പരിപാടിയുടെ മുഖ്യമായൊരു ലക്ഷ്യമാണ്. അതിവേഗതയിലുള്ള ന്യൂട്രോൺ സ്പെക്ട്രം ഉപയോഗിച്ച് റിയാക്ടറുകൾ ഉണ്ടാക്കുകയാണെങ്കിൽ അതിൽ കത്തിപ്പോകുന്ന ഇന്ധനത്തെക്കാൾ കൂടുതൽ ഇന്ധനം ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന് ന്യൂക്ലിയർ ഫിസിക്സ് തെളിയിച്ചിട്ടുണ്ട്. ഇത്തരം റിയാക്ടറുകളെയാണ് ഫാസ്റ്റ്ബ്രീഡർ റിയാക്ടേഴ്സ് എന്നു പറയുന്നത്. 1972 മെയ് 22നു ഭാഭാ അണുശക്തിഗവേഷണകേന്ദ്രത്തിൽ നമ്മുടെ ശാസ്ത്രജ്ഞന്മാർ സീറോ എനർജി ഫാസ്റ്റ്റിയാക്ടർ ഫെസിലിററി എന്ന ഒരു റിയാക്ടർ കമ്മീഷൻചെയ്യുകയുണ്ടായി. ഫാസ്റ്റുബ്രീഡർ റിയാക്ടറുകളുടെ വികസനത്തിലേക്കുള്ള ഒന്നാമത്തെ കാൽവെപ്പായിരുന്നു ഇത്. ഈ റിയാക്ടറുകളിൽ ഇന്ത്യയിൽ സുലഭമായ തോറിയത്തെ ഏററവും ഉപയോഗപ്രദമായിട്ടുള്ള $U_{233}$ ആയി രൂപാന്തരപ്പെടുത്താൻ കഴിയും. സാധാരണ റിയാക്ടറുകളിൽ $U^{233}$യുടെ ഉല്പാദനം വളരെ സാവധാനത്തിലുള്ള ഒരു പ്രവൃത്തിയാണ്. ഫാസ്റ്റ് ബ്രീഡർ റിയാക്ടറുകൾ സ്ഥാപിക്കാൻ വളരെയധികം വിഷമങ്ങളുണ്ട്. അവ സാമ്പത്തികപ്രശ്നം റിയാക്ടറിന്റെ ഭദ്രത, റിയാക്ടറിന്റെ ഉറപ്പ്, സുരക്ഷിതത്വം, റേഡിയേഷൻ ഡാമേജ് എന്നിവയാണ്. ഇപ്പോൾ ഒരു ഫാസ്റ്റ്ബ്രീഡർ ടൈപ്പ്റിയാക്ടർ കല്പകത്ത് നിർമ്മാണത്തിലിരിക്കയാണ്. ഈ റിയാക്ടറിൽ എരിഞ്ഞുപോകുന്ന ഇന്ധനത്തേക്കാൾ കൂടുതൽ ഇന്ധനം അതിൽ ഉല്പാദിപ്പിക്കപ്പെടുമെന്നതിനേക്കാൾ ഇത്തരം റിയാക്ടറുകൾ ഒരു വമ്പിച്ച സാമ്പത്തികലാഭം കൈവരിക്കാൻ നമ്മേ സഹായിക്കും. കല്പകത്തെ കേന്ദ്രത്തിന്ന് പ്രാരംഭമായി അതിന്റെ വൻകിട സൗകര്യങ്ങൾ എന്ന രീതിയിൽ ഗവേഷണവികസന പഠനങ്ങൾക്കുവേണ്ടി 15 മെഗാവാട്ട് എനർജിയുള്ള ഒരു ഫാസ്റ്റ്ബ്രീഡർ റിയാക്ടറും ഒരു പൾസ്ഡ് ഫാസ്റ്റ് റിയാക്ടറും ഉണ്ടായിരിക്കും.

നമുക്കു് അഭിമാനത്തിന്നു് വകനൽകുന്ന ഒരു സ്ഥാപനമാണു് ഹൈദരബാദിൽ സ്ഥിതിചെയ്യുന്നതും പരിപൂർണ്ണമായും ഭാരത ടെക്‌നോളജിയുടെയും ശാസ്ത്രവൈദഗ്ദ്ധ്യത്തിൻെറയും സംഭാവനയുമായ ഏറ്റവുംവലിയ ന്യൂക്ലിയാർ ഫ്യൂവൽ കോംപ്ലക്സു്. ഈ കേന്ദ്രത്തിൽ നമുക്കാവശ്യമായത്ര ഇന്ധനങ്ങരം ഉൽപ്പാദിപ്പിക്കുന്നുണ്ടു്. ആറ്റോമിക് റിയാക്ടറുകരം ഉൽപ്പാദിപ്പിക്കുന്ന അപകടകരമായ റേഡിയോആക്ടീവ് വെയ്സ്റ്റ്സ് വളരെ ഭദ്രമായി സൂക്ഷിക്കുകഎന്നതു് വിഷമംപിടിച്ച ഒരു ജോലിയാണു്. ഇതു് ഭദ്രമായി സൂക്ഷിച്ചില്ലെങ്കിൽ അതു് അന്തരീക്ഷത്തെ അപകടകരമാംവണ്ണം ബാധിക്കുന്നതാണു്. നമ്മുടെ എല്ലാ ആറ്റമിക് ഉല്പാദനകേന്ദ്രങ്ങളിലും എനർജി ഉല്പാദനകേന്ദ്രങ്ങളിലും ഇതിന്നുള്ള സജ്ജീകരണങ്ങളുണ്ടു്.

ഇക്കഴിഞ്ഞ 25 വർഷത്തെ ഇന്ത്യയിലെ അണുശക്തിവളർച്ചയെ മൂന്നു പ്രത്യേക ഘട്ടങ്ങളായി തരംതിരിക്കാം. 1948മുതൽ 1956വരെയുള്ള പ്രഥമ ഘട്ടത്തെ രൂപംപ്രാപിച്ചുകൊണ്ടിരിക്കുന്ന ഘട്ടമായാണു് കണക്കാക്കുന്നതു്. 1956ൽ അപ്സര പ്രവർത്തനക്ഷമമായതോടെ ഒന്നാംഘട്ടം അവസാനിക്കുന്നു. 1956മുതൽ 1966ൽ ഡോ: ഭാഭയുടെ മരണംവരെയുള്ള കാലഘട്ടമാണു് രണ്ടാം ഘട്ടമായി വീക്ഷിക്കപ്പെടുന്നതു്. രണ്ടാംഘട്ടം ദർശിക്കുന്നതു് ട്രോംബയിലെ ഭാഭാ അണുശക്തിഗവേഷണ സ്ഥാപനത്തിൻെറ വളർച്ചയേയാണു്. ഇന്ത്യയിലെ വൻതോതിലുള്ള അണുശക്തി പ്രവർത്തനത്തിന്നുവേണ്ട അടിസ്ഥാന സൗകര്യങ്ങരം പ്രദാനംചെയ്യുകയാണിതിൻെറ ലക്ഷ്യം. 1966 തുടങ്ങി 1974വരെയുള്ള കാലഘട്ടം മൂന്നാം ഘട്ടമായി വിവക്ഷിക്കപ്പെടുന്നു. ഈ കാലഘട്ടം പരമാണു ഊർജ്ജകേന്ദ്രങ്ങളുടെ നിർമ്മാണത്തിൻെറയും പ്രവർത്തനക്ഷമതയുടെയും കാലഘട്ടമാണു് 1974 മെയ് 18ന്നു് രാജസ്ഥാനിലെ മരുഭൂമിയിൽ പരിപൂർണ്ണമായും ഇന്ത്യൻ ശാസ്ത്രീയസാങ്കേതികവൈദഗ്ദ്ധ്യത്താൽ അണുപരീക്ഷണം നടത്തിയതോടെ നമ്മുടെ പരമാണുപരിപാടി പരിപൂർണ്ണമായിരിക്കുകയാണു്. ഇന്നു് നാം അവഗണിക്കാനാവാത്തവിധം പരമാണുശക്തികച്ചേരിയിൽ ആറാമത്തെ അംഗമായി മാറിയിരിക്കയാണു്.

അണുശക്തിപരിപാടികൊണ്ടു് സാമ്പത്തിക പുരോഗതി കൈവരിക്കാൻ അടിസ്ഥാനപരമായി ശാസ്ത്രീയ സാങ്കേതികവിജ്ഞാനവും വ്യവസായ ശാഖകളുംതമ്മിൽ നല്ല ബന്ധം അത്യാവശ്യമാണു്. ശരിയായ രാഷ്ട്രീയ ശാസ്ത്രീയനേതൃത്വത്തിൻെറകീഴിൽ മൊത്തത്തിലുള്ള നവീകരണം സാദ്ധ്യമാണെന്നു് ഇന്ത്യയിലെ അണുശക്തിപരിപാടി തെളിച്ചിരിക്കയാണു്.

# അവൾ അവരിലൂടെ

പുരുഷൻ ഒരു കാര്യം ചിന്തിക്കുമ്പോഴ് സ്ത്രീ ഒമ്പതു കാര്യം ചിന്തിച്ചു കഴിഞ്ഞിരിക്കും.

—വാഠംട്ടയർ

സ്ത്രീകഠംക്കും പക്ഷികഠംക്കും തലതിരിച്ചുനോക്കാതെതന്നെ ചുററും നടക്കുന്ന സംഗതികഠം അറിയാൻ കഴിയും. തീർച്ചയായും അത് അത്യാവശ്യമാണ്. രണ്ട് കൂട്ടരും ശത്രുക്കളാൽ ചുററപ്പെട്ടവരാണ്.

—ഫൈൻസ്

സ്ത്രീ അവളുടെ ആദ്യത്തെ പ്രേമത്തിൽ സ്വന്തം കാമുകനെ സ്നേഹിക്കുന്നു. പിന്നീടവഠം പ്രേമത്തെ മാത്രം പ്രേമിക്കുന്നു.

—ലോർഡ് ബൈറൻ

മാലാഖയുടെ മുഖലാവണ്യത്തോടും ചെകുത്താന്റെ ഹൃദയത്തോടുംകൂടിയ ഒരു സത്വമത്രേ സ്ത്രീ.

—ബുദ്ധൻ

സാമർത്ഥ്യമുള്ള സ്ത്രീ ഭർത്താവിന്ന് കിരീടം നാണം കെട്ടവളോ അവന്റെ അസ്ഥിക്കു ദ്രവത്വം.

—കിങ്ങ് സോളമൻ

സ്ത്രീ ഒരു നിഴലാണ്. അത് അടുക്കുമ്പോഠം അകലുകയും അകലുമ്പോഠം അടുക്കുകയും ചെയ്യുന്നു.

—വേർഡ്സ്‌വർത്ത്

സ്ത്രീയെ സൌന്ദര്യാത്മകയായി സൃഷ്ടിക്കുന്നത് ദേവനാണ്. എന്നാൽ അവളിൽ അഴകുപകരുന്നത് പിശാചാണ്.

—വിക്ടർ ഹ്യൂഗോ

ഒരു സ്ത്രീ താൻ സ്നേഹിക്കുന്ന പുരുഷനെ വിവാഹം കഴിക്കുന്നതിനേക്കാഠം നല്ലത് തന്നെ സ്നേഹിക്കുന്ന പുരുഷനെ വിവാഹം കഴിക്കുകയാണ്.

—ചൈനീസ് പഴഞ്ചൊല്ല്

സ്ത്രീയുടെ ആനന്ദം പുരുഷൻെറ വിശ്വാസങ്ങളെ വ്രണപ്പെടുത്തുന്നു.

—ബർണാഡ് ഷാ

സ്ത്രീ നോക്കിയാൽ അർത്ഥമുണ്ട്, അവഠം സംസാരിച്ചാൽ അത് ഇല്ല.

—മാലി

സ്ത്രീകഠം ധൈര്യശാലിനികളായി പ്രത്യക്ഷപ്പെടാറുണ്ടെങ്കിലും അവർ ഭീരുക്കളാണ്. സത്യത്തിന്റെ കയ്പ് താങ്ങാൻ അവർക്ക് കെല്പില്ല.

—വ്യാസൻ

മനുഷ്യനെ സംസ്കാരസമ്പന്നനാക്കാൻ കഴിയുന്ന അവസാനത്തെ വസ്തുവായിരിക്കും സ്ത്രീ.

—ജോർജ്ജ് മെറിഡ്

ദൈവവും പിശാചുംകൂടി ഒന്നിച്ചത് ഒരു കാര്യത്തിന്നു മാത്രം. സ്ത്രീയെ സൃഷ്ടിക്കാൻ.

—ജെസ്സി

അസൂയ നിറഞ്ഞ ഒരു സ്ത്രീയുടെ നാക്ക് പേപിടിച്ച ഒരു നായയുടെ പല്ലിനേക്കാഠം വിഷം കലർന്നതാണ്.

—ഷേക്സ്പിയർ

വൈരുദ്ധ്യങ്ങളുടെ ഒരു നിശ്ചലഭാവമാണ് സ്ത്രീ.

—അലക്സാണ്ടർ പോപ്പ്

ഒരു ചീത്ത സ്ത്രീ അനേകം പുരുഷന്മാർക്ക് നരകം ചമയ്ക്കുമ്പോഠം ഒരു നല്ല സ്ത്രീ ഒരു പുരുഷനു മാത്രം നരകം സൃഷ്ടിക്കുന്നു.

—എഡ്ഗാർ ഹോ

വിധാതാവിൻെറ ഒരു വിചിത്ര സൃഷ്ടിയാണ് സ്ത്രീ.

—ഉമർഖയ്യാം

ദാരിദ്ര്യത്തിൽ ആ ഗൃഹത്തെ ലജ്ജാശീലയായ സ്ത്രീ സ്വർഗ്ഗസ്ഥാനമാക്കി ചമയ്ക്കുന്നത്.

—ഗോഠംഡ് സ്മിത്ത്

വേദന സ്ത്രീയെ കർത്തവ്യബോധമുള്ള ഒരു അപ്സരസ്സാക്കുന്നു.

—സ്കോട്ട്

അഹിംസയുടെ അവതാരമാണ് സ്ത്രീ.

—ഗാന്ധിജി

സമ്പാദകൻ,

**റഹിമാൻ. കോക്കൂർ**

തന്നെപ്പററി എന്ത് ചിന്തിക്കും എന്ന് പുരുഷൻ വിചാരിക്കുമ്പോഠം തന്നെപ്പററി എന്ത് പറയും എന്നായിരിക്കും സ്ത്രീയുടെ വിചാരം.

—ഹിപ്പൈൻ

പുരുഷനെപ്പോലെ ആയിത്തീരണമെന്നുള്ളതാണ് സ്ത്രീയുടെ ഏററവും വലിയ ബലഹീനത.

—മൈസൂരി

സ്ത്രീയുടെ തലമുടി നീണ്ടതാണ് എന്നാൽ അവളുടെ തലച്ചോറ് ചുരുങ്ങിയതത്രെ.

—റഷ്യൻ പഴഞ്ചൊല്ല്

പ്രേമം സ്ത്രീയെ ധീരയാക്കുന്നു, പുരുഷനെ ഭീരുവാക്കുന്നു.

—ഗോയ്ഥെ

സ്ത്രീ ഒന്നുകിൽ സ്നേഹിക്കുന്നു അല്ലെങ്കിൽ വെറുക്കുന്നു. ഇവ രണ്ടിനും ഇടയ്ക്കുള്ള മാർഗ്ഗം അവർക്ക് അജ്ഞാതമാണ്.

—സൈറസ്

ഭക്തി നിറഞ്ഞ ഒരു സ്ത്രീയുടെ ഹൃദയത്തോളം ക്ഷമാശീലമുള്ള മറെറാന്ന് ഭൂമുഖത്തില്ല.

—ലൂഥർ

ചെറുകഥ:

# ചെക്ക്

ചെക്. എന്ത്? ചെക്കോ? അതും ഈ സമയത്തോ? ഞാൻ ഞെട്ടി, വിറച്ചു, തരിച്ചു, മരവിച്ചുണർന്നുപോയി.

സ്വപ്നമാണോ? ആവില്ല. എനിക്ക് ഓർമ്മയുണ്ട്. നല്ല ഓർമ്മയുണ്ട്. ഞാനീ ചെസ്ബോർഡിൽ, കറുപ്പും, വെളുപ്പും കലർന്ന ഖണ്ഡങ്ങളിൽ എന്റെ കരുക്കളും നിരത്തി ഇരിക്കുകയായിരുന്നു. വെളുത്ത കരുക്കൾ. അവക്ക് അക്രമിക്കുന്നതിനേക്കാൾ അക്രമണം നേരിടേണ്ടിയിരിക്കുന്നു. എന്നിലെ പ്രതിരോധശക്തി ഉണർന്നു. വീറോടും വീര്യത്തോടും ഞാനെതിർത്തു !....

അനർഹവും, അവിശുദ്ധവുമായ അധികാരദുഷ്പ്രഭുത്വം അനുവദിച്ചുകൂടാ. ആത്മശുദ്ധിയില്ലാത്ത അക്രമം നടമാടിക്കൂടാ. അതിനുവേണ്ടി ഞാനെതിർത്തു. ഞാൻ യുദ്ധംചെയ്തു.

എന്റെ കരുക്കളെ, വെളുത്ത കരുക്കളെ പടി, പടിയായി ഞാൻ ഉന്തിയുയർത്തി. പക്ഷെ അവ ആക്രമിക്കുന്നതിനേക്കാൾ അധികം ആക്രമിക്കപ്പെടുകയാണുണ്ടായത്. എങ്കിലും ചെറുത്തുനിന്നു.

എനിക്കു ജയിക്കണ്ട. പക്ഷെ....ഈ കളിയിൽ ഞാൻ തോൽക്കാൻ പാടില്ല. അതിനുവേണ്ടി എന്റെ ആവനാഴിയിലെ ഓരോ അമ്പും പ്രയോഗിച്ചുകൊണ്ടിരുന്നു. വെളുത്ത അമ്പുകൾ...

പെട്ടെന്ന് ഒരു മയക്കത്തിലേക്ക് ഞാൻ വഴുതിവീണുപോയിട്ടുണ്ടെങ്കിൽ അത് എന്റെ കുററം കൊണ്ടായിരുന്നില്ല. മുന്നോട്ടും, പിന്നോട്ടുമില്ലാത്ത കളിയുടെ നിശ്ചലാവസ്ഥയായിരുന്നു, അതിനു കാരണം.

...ഇപ്പോഴിതാ ഞാൻ വീണ്ടും ബോധവാനാണ് ഈ ചെക്കു് എന്നെ ഉണർത്തിയിരിക്കുന്നു. ഇതുവരെ ഞാനെന്റെ ഖണ്ഡങ്ങളിൽ തിരിഞ്ഞും, മറിഞ്ഞും, ഇടഞ്ഞുനീങ്ങി...ഇനി...എനിക്കതിനു കഴിയുമെന്ന് തോന്നുന്നില്ല...

ഈ അടുത്തകാലങ്ങളിൽ ഞാൻ പങ്കെടുത്തിട്ടുള്ള എല്ലാ കളികളും എനിക്കു് പരാജയമേ നൽകിയിട്ടുള്ളു.

ഈ ചെസ്സിലേക്ക് കടക്കുന്നതിനു തൊട്ടു മുൻപുള്ള കാർഡ്സ്കളി മാത്രം മതിയായിരുന്നു, എന്റെ എല്ലാ കളികളും, അവസാനിപ്പിച്ച് വല്ല കാട്ടിലേക്കും ഓടിക്കയറാൻ.

അഭിമാനത്താൽ ആവേശത്താൽ ഓണേഴ്സ് തന്നെ വിളിച്ചുകളിച്ചു. പക്ഷെ ആകെ കൈയ്യിൽ വന്നത് ഒരൊററത്തുറുപ്പു മാത്രമാണ്. അതും അതിന്റെ പെരിശ്രു് ചീട്ടിട്ട് പിടിച്ചടക്കി...തുറുപ്പ് ജാക്കിയോട് ഒൻപത് എന്തുകാട്ടാൻ. അതും സഹിച്ചു...

ആററ്, നോററ്, ജിവനുതുല്യം സ്നേഹിച്ച് കാത്തുസൂക്ഷിച്ച ക്ലാവർജാക്കി വെറും ഏഴാംകൂലിയിട്ട് വെട്ടിയെടുത്തതോർക്കുമ്പോൾ ഇപ്പോഴും ഈ ഹൃദയം പിടയുന്നു.

ഹൃദയത്തിനും, അതിന്റെ വ്യാപാരങ്ങൾക്കും യാതൊരു സ്ഥാനവുമില്ലാത്ത ഈ ലോകത്ത് ഹൃദയവ്യഥയെപ്പററി പറഞ്ഞിട്ടെന്തുനേടാൻ...ആരു കേൾക്കാൻ...

---

മോഹൻദാസ് കെ. ആർ., III B. A.

---

അങ്ങനെ ഓണേഴ്സിന്റെ വിളിയിൽ ഒരെണ്ണം പോലും കിട്ടാത്ത ദയനീയ പരാജയം...!

ഇപ്പോഴിതാ ഈ ചെക്..അതും കുതിരച്ചെക്കു്.. എങ്ങോട്ടൊഴിയും?....എങ്ങോട്ടൊഴിയാൻ? ആരൊന്ന് സഹായിക്കും?...

ഇടതുവശത്തേക്കു നീങ്ങിയാലോ?...ആവില്ല... അതാ മന്ത്രിയിരിക്കുന്നു. കറുത്ത മന്ത്രി...വലതുവശത്തോ?...അവിടെ തേര്...മുൻവശത്തെ കറുപ്പിലേക്കൊന്ന് ഇറങ്ങിനോക്കിയാലോ...? അയ്യോ... വേണ്ട. ആന.

അപ്പോഴിനി ഇറങ്ങാൻ സ്ഥലമില്ലേ...ഒരു പഴുതുമില്ലേ...?

ഈ ചെക്കടിച്ചാലോ...? ഇനി എന്തിട്ടടക്കാൻ ഒക്കെ വെട്ടിയെടുത്തില്ലേ...? അല്ലെങ്കിൽത്തന്നെ ഈ ചെക്കെങ്ങനെ അടക്കാൻ ഇതു് കുതിരച്ചെക്കല്ലേ. കുതിരച്ചെക്കു് അടക്കാൻ കഴിയില്ല...ഒന്നുകിൽ ഒഴിയണം. അല്ലെങ്കിൽ വെട്ടിമാററണം.

വെട്ടിമാററാൻ ഇനി കരുക്കളില്ല. ഒഴിയാൻ ഇടവുമില്ല. ഒന്നുമാത്രം...ഇനി ഒന്നുമാത്രം..അജയ്യനായ കറുത്ത രാജാവേ!..,അങ്ങയുടെ ശക്തിക്കുമുന്നിൽ ഞാനിതാ...കീഴടങ്ങുന്നു. ഈ വെളുത്ത രാജാവിതാ...കീഴടങ്ങുന്നു.

# ജന്മം എന്ന ദുഃഖം

വിളത്ത സന്ധ്യ കാടിന്റെ ഉരംച്ചൂടിൽ മയങ്ങി.

അകലെ, തേക്കുമരങ്ങരംക്കും മഞ്ചാടിമരങ്ങരംക്കു മപ്പുറം മഞ്ഞുമൂടിയ പാറക്കെട്ടുകരം. ഭൂമിയിൽ, ഹിമ ബിന്ദുക്കരം തങ്ങിനിൽക്കുന്ന കരിയിലകളിലും പാറ ക്കെട്ടുകളിലും അവയുടെ താഴ്‌വാരങ്ങളിലും ഇരുട്ട് പരന്നൊഴുകി.

പ്രകൃതിക്ക് കറുത്ത ചായം നൽകുന്ന—ഭയാനക മായ ഒരു മരവിപ്പ് നൽകുന്ന ഈ രാത്രിക്ക് വിരസ തയുണ്ട്; ആവർത്തനത്തിന്റേതായ മങ്ങലുണ്ട്.

വനത്തിന്റെ ഗർഭഗൃഹത്തിൽ ഇരുട്ടിനു് കട്ടി കൂടുതലാണ്.

മഞ്ഞു്വീണ് തണുത്തുമരവിച്ച താഴ്‌വരയിലെ മണ്ണിനു് പുതുഗന്ധമുണ്ട്.

ഇതു്—ഈ താഴ്‌വര—ഈ വിജനത പുതിയ താണ്. പക്ഷെ, ഈ രാത്രി പഴയതുതന്നെ.

ഒരേ പ്രഭാതം—ഒരേ സന്ധ്യ—ഒരേ രാത്രി. എന്നും ഒരേ ഛായ. ഈ മുഖം വർഷങ്ങളായി കണ്ടു മടുത്തതാണ്.

താഴ്‌വരയിൽ—പാറക്കെട്ടുകളിൽ—വനാന്തര ങ്ങളിൽ, സമയം ഒച്ചിനെപ്പോലെ ഇഴഞ്ഞു നീങ്ങി. ഇരുട്ടിനും കട്ടി വർദ്ധിക്കുന്നു.

പക്ഷെ,

വെളിച്ചമില്ലാത്ത ഈ മുറിയിൽനിന്നു് ഈ ചുററുപാടുകളുമായി ബന്ധിപ്പിക്കുന്ന ഈ ജനവാതി ലിലൂടെ ഇരുട്ടിന്റെ മറ നീക്കി വനാന്തരങ്ങളും പാറ ക്കെട്ടുകളും എനിക്ക് കാണാൻ കഴിയുന്നു.

ആ പാറക്കെട്ടുകളുടെ ഗുഹ്യതകളിലെവിടെയെ ങ്കിലും—ഏതെങ്കിലും ഒരു താവളത്തിൽ ഭർത്താവുണ്ടാ യിരിക്കും.

സായാഹ്നത്തിലായിരുന്നു; മഞ്ഞുകണികകരം ഭൂമിയിൽ വീണുകിടന്നു. തണുത്തുവിറച്ച് ജനൽക്ക മ്പികളിൽ കൈകരം പടർത്തി നിസ്സഹായതയുടെ ഒരു ലോകത്തിൽ നിന്നു; മുന്നിൽ തകർന്നുവീഴുന്ന മദ്യക്കു പ്പികളുടെ എണ്ണംപോലുമറിയാൻ കഴിയാതെ ചുണ്ടു കരം കോട്ടി, ഓരോ കുപ്പിയും നുണഞ്ഞുതീർത്തു്, അവസാനം നാവ് പുറത്തേക്കു നീട്ടി താടിരോമങ്ങ ളിൽ പററിപ്പിടിച്ച ഓരോ തുള്ളിയും നക്കിത്തുടച്ച

അയാരം. എന്നിട്ട്, ചുവന്ന കണ്ണുകരം പ്രയാസ ത്തോടെ തുറിച്ചുപിടിച്ച്, ഓരോ വാക്കുകളായി അയാരം പറഞ്ഞു.

'പെണ്ണേ—'

'പെണ്ണേ—'

'നീ കേരംക്കുന്നുണ്ടോ?'

ഉം.

'പെണ്ണേ—നീയത്ര ശീലാവതി ചമയൊന്നും വേണ്ട. അതാ, ആ കാട്ടിലും പാറക്കെട്ടുകളിലും പിന്നെ, ആ പുഴയിലും പെണ്ണുങ്ങളുടെ ശവങ്ങളുണ്ട്. തനി പെണ്ണുങ്ങളുടെ—നിന്നെ ഞാൻ താലികെട്ടി ക്കൊണ്ടുവന്നതാ—ഇവിടെയെങ്ങാൻ പൊറുത്തോ.'

താഴ്‌വരക്കു ചുററും സന്ധ്യയുടെ വിളത്ത മുഖം കണ്ടപ്പോരം എല്ലാം മതിയായി എന്ന ഭാവത്തിൽ അയാരം എഴുന്നേററു നടന്നു.

---

എം. പ്രസന്ന, Ist B. A. (Economics)

---

മദ്യത്തിന്റെ ഗന്ധം വററാതെ നിൽക്കുന്ന മുറി യിൽ—കട്ടിലിന്റെ ഉരംച്ചൂടിൽ തളർന്നുകിടക്കുന്ന എനിക്ക് കാണാൻ കഴിയുന്ന—ഭർത്താവ് എങ്ങോട്ടു പോവുന്നു? എന്തിനു് പോവുന്നു?

വിജനമായ ഈ താഴ്‌വരയിലെ ഈ വീട്ടിൽ, വെളിച്ചം കാണാത്ത ഈ മുറിയിൽ അർദ്ധരാത്രിവ രേയോ, നാളെ പ്രഭാതംവരേയൊ ഭർത്താവിനെ കാത്തിരിക്കുന്ന എനിക്ക് എന്നെങ്കിലും ഈ ഇരുമ്പു ചങ്ങല പൊട്ടിക്കേണ്ടിയിരിക്കുന്നു.

താഴ്‌വരയിലെങ്ങാണ്ടോ പണ്ടു കണ്ടു മറന്ന ഒരു മറന്ന ഒരു വഴിപോലെ, ഓരോ വഴിത്തിരിവിലും വച്ചു നഷ്ടപ്പെട്ട മുഖങ്ങളെയോർത്തു ദുഃഖിക്കാൻ മാത്രം കഴിയുന്നു. ഈ താഴ്‌വരയിലെങ്ങാൻ ഒററപ്പെട്ട താവാൻ ജനിച്ചതെന്തിന്? ജന്മം എന്ന ഈ ദുഃഖം പേറാനോ? നൂററാണ്ടുകളുടെ ഗന്ധം ഉരംക്കൊള്ളുന്ന—കുറക്കാഷ്ഠംമണക്കുന്ന, തറവാടിന്റെ ഗുഹ്യസ്ഥാനങ്ങ ളിലെവിടേയോ പെററുവീഴാതിരുന്നെങ്കിൽ —അല്ലെ ങ്കിൽ സ്വന്തം നിലനില്പിന്നുവേണ്ടിയെങ്കിലും അവി വാഹിതയായ അമ്മയ്ക്കു് ശാപവിത്തിനെ കൊല്ലാൻ കഴിഞ്ഞിരുന്നെങ്കിൽ—ചോദിക്കാനോ പറയാനോ ആരുമുണ്ടാകുമായിരുന്നില്ല. അകത്തളങ്ങളിൽ ഉരംചൂ

ടിലെവിടെയോ മയങ്ങുന്ന മുത്തശ്ശി നശിച്ച കാലഘട്ടത്തിൻെറ ഒരവശിഷ്ടം മാത്രമായിരുന്നു. മാംസമില്ലാതെ എല്ലുകൾക്കുമീതെ ചുളിഞ്ഞ തൊലി ഒരാവരണംപോലെ തോന്നിച്ചിരുന്നു. വിശാലമായ വീടിൻെറ ഗുഹ്യഭാഗത്തെവിടേയോനിന്നു മാംസത്തിൻ്റെ—രക്തത്തിൻെറ ഗന്ധം ഒഴുകിയിരുന്നു.

അന്ന്, കോളേജിൻെറ പുഴയിൽ—ആ പുഴവക്കിൽ ആർക്കും കണ്ണെത്താത്ത ഒരു സ്ഥലം കണ്ടുവെച്ചിരുന്നു; താഴെ നിരയായി പാറക്കെട്ടുകൾ.

എന്നിട്ടും, ആഗ്രഹിച്ചു; ഒരിക്കലെങ്കിലും ഒന്നു സന്തോഷിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ—ദുഃഖംകൊണ്ട് എൻെറ തൊണ്ട വീർക്കുന്നു. സംസാരിക്കാൻ മറന്ന് ഞാൻ ഊമയാവുമോ?

എന്നിട്ടും, മരണത്തിലേക്കെത്തിപ്പെടാൻ കഴിയാഞ്ഞതെന്തേ?

കോളണിയിലെ കരിപിടിച്ച ഭിത്തിയിൽ ലോകാരംഭത്തിൻെറ പാടുണ്ടായിരുന്നു; ഒഴുക്കു നശിക്കാത്ത കാലത്തിൻെറ പ്രഭാവവും.

വൃത്തികെട്ട ചുമരിൽ വിരലുകൾ ചിത്രമെഴുതി. അകലെ കടലിനേയും കടൽക്കരയിലെ ജനങ്ങളേയും നോക്കിയിരുന്നപ്പോൾ ദാസ് പറഞ്ഞു.

—നൂററാണ്ടുകളായി മനുഷ്യൻെറ വികാരം കാണുന്ന കടൽ.

മറുപടി പറയാൻ ഒന്നുമില്ലായിരുന്നു. കടൽക്കരയിൽ അടിഞ്ഞ വൃത്തികേടുകൾ കൊത്തിത്തിന്നുന്ന കാക്കകളെ നോക്കിനിന്നു. കൂർത്ത നഖങ്ങളിലും കറുത്ത കൊക്കുകളിലും ശ്രദ്ധനിന്നു.

ഒരിക്കൽ, കോളണിയിലെ ഇടുങ്ങിയ മുറികളിലൊന്നിൽ പതുങ്ങിയ കാൽപ്പാടുകളോടെ എല്ലാം നഷ്ടപ്പെടുന്ന ബോധത്തിൽ ലേഖ എന്ന പെൺകുട്ടി നിന്നു. അരികിൽ. ആലസ്യം ബാധിച്ച കണ്ണുകൾ തളർന്ന ശരീരത്തിലും ചുളിവീണ വസ്ത്രത്തിലും പരത്തി ദാസ് എന്ന ചെറുപ്പക്കാരൻ. നിസ്സഹായയായി ഒരു തേങ്ങലോടെ തിരിഞ്ഞു നടക്കുമ്പോൾ —ലേഖേ നീ തിരിച്ചുവരില്ലേ?

—ഇല്ല ദാസ്. എൻെറമ്മയുടെ മകളായി തിരിച്ചുവരാൻ എനിക്കു കഴിയില്ല.

പിന്നെയും എവിടെയൊക്കെയോ വെച്ചുകിട്ടിയ കുറെ മുഖങ്ങൾ. ആത്മാർത്ഥത നഷ്ടപ്പെട്ട അവർ വെറുതെ ചിരിച്ചു.

—വിവാഹത്തെക്കുറിച്ചെന്താണഭിപ്രായം?

—ഇനിയും ഞാൻ മറെറാരടിമക്കുട്ടിയാവണോ?

റഷീദ് എന്ന ചിത്രകാരൻ ചിത്രത്തിൻെറ രൂപത്തിനനുസരിച്ച് പെയിൻറിൻെറ നിറം മാററുന്നു. തനിക്ക് മനസ്സിലാവാത്ത ഭാഷയിൽ വരയ്ക്കുന്നു.

—നോക്കു, ഞാൻ വിവാഹം കഴിയ്ക്കും. ഇല്ലെങ്കിൽ എൻെറ ഭാവനയിൽ ജീവിക്കേണ്ട ഏതോ ഒരു പെൺകുട്ടി നശിക്കും.

ഏതോ ഒരു പെൺകുട്ടി വിദൂരതയിലല്ലേ റഷീദേ. ലേഖ എന്ന ഞാൻ ശാരദ എന്ന വേശ്യയുടെ മകളാണ്.

മകളുടെ സ്വതഃസിദ്ധമായ മൂകത—വിഷാദം, അമ്മയെ വേദനിപ്പിച്ചു.

—നിനക്കെന്താ പററീത്. എൻെറ കുട്ടീ.

—കോളേജിൻെറ താഴ്‌വരയിൽ ഒരു പുഴയുണ്ട്. പക്ഷേ, എനിക്കീ വീടിൻെറ വിരസമായ ഗന്ധം മതി. ഈ ഏകാന്തതയെ ഞാൻ സ്നേഹിക്കുന്നു. വിമലയും ബാബുവും സ്വന്തമായി കൂടുണ്ടാക്കി, അതിൽ മുട്ടയിട്ട്, അടയിരുന്ന് സ്വന്തമായി കുടുംബമുണ്ടാക്കുമ്പോൾ വെറുതെ നോക്കിയിരിക്കാൻ എനിക്ക് കഴിയുന്നു. ദാസ് എനിക്ക് എത്താത്തിടത്തല്ലേ അമ്മേ!

താഴ്‌വരങ്ങൾ തേടിയലഞ്ഞു ഞാൻ മടുത്തു. എനിക്കിനി മുത്തശ്ശിയായാൽ മതി. ഓർമ്മകളെ വിദൂരതയിൽ കെട്ടി കയറുകട്ടലിലിൽ അലസമായി മയങ്ങുന്ന മുത്തശ്ശി.

രാത്രിക്കുചുററും മഴപ്പാററകൾ പാറിക്കളിച്ചിരുന്നു. മണിക്കൂറുകൾക്കുശേഷം അവ ചിറകററുവീണു.

—ഈ വീട് വിട്ടു ഞാനെങ്ങും പോവില്ല.

മൂകയായിരുന്ന മകൾ തറവാടിൻെറ ഓരോ കോണിലും അലസ്ലുമാറ് അട്ടഹസിച്ചു.

പുറത്ത്, ഉച്ചവെയിലിൽ വിയർക്കുന്ന അയാൾ ഒരു ചിരിയോടെ ഓർത്തു—'പാവം പെണ്ണ്'

—വിമലേ, നീയെങ്കിലും പറയൂ. എൻെറ കുട്ടിക്കെന്താ പററീത്?

ഒരു തറവാടിൻെറ ഏകാന്തതയിൽ ഒരിക്കൽ തന്നെ നശിപ്പിച്ച പുരുഷൻെറ കുഞ്ഞാണിവൾ. ഇവളെ വളർത്തിയ അമ്മ തോൽക്കില്ല.

ഈ വനാന്തരങ്ങൾ—പാറക്കെട്ടുകൾ—ഈ താഴ്‌വര, ഞാൻ പരിചയിച്ചുവരികയാണ്.

പക്ഷേ, ഈ അദ്ധരാത്രിയിൽ വനാന്തരങ്ങളിലോ പാറക്കെട്ടുകളിലോ ഭർത്താവ് എന്തുചെയ്യുകയാണെന്നെനിക്കറിയാം. പാറക്കെട്ടുകൾക്കിടയിലെ മഞ്ഞുപുരണ്ട വിള്ളലുകൾ എനിക്കറിയാം. അവിടെ ഭർത്താവും കൂട്ടുകാരും ഒരു പുതിയ വിപത്തിനെ മനസ്സിലാക്കുന്നില്ല. അവയ്ക്കിടയിൽ കിടന്ന് ഞരങ്ങി മറിയുകയാവും ഭർത്താവ്.

—കറുത്ത ഈ ഇരുട്ടിനെ കീറിമുറിച്ച് ഈ താഴ്‌വരയിലൂടെ മഞ്ഞിൻകണികകളെ തഴുകിനടക്കാൻ എനിക്കു കഴിയും.

പക്ഷേ, നാളെ പ്രഭാതംവരെ ഞാനൊരു ശവത്തിനു കാവലിരിക്കേണ്ടതായിവരും.

# കാലാൾ

മുഹമ്മദ് ഇക്ബാൽ, പി. കെ. എം.

യുദ്ധമാണഭിമാനരക്ഷണ സമരമാ-
ണെന്ത്രയും ധൈര്യത്തോടെ മുമ്പോട്ടുക്കാലാളേറി.

പിന്നീടേ പടനിരയിരച്ചെത്തിയത്തുള്ള
വന്നിതാനകരം, തേർക, ളശ്വയൂഥവും പിമ്പെ.

ധീരരാം പടവീരരക്കളം നിറഞ്ഞെത്തീ
ധീരത കുറവെന്യേ കാലാളമേറിപ്പററീ.

മന്ത്രി പോയ് യുദ്ധക്കളമപ്പാടെ വീക്ഷിക്കുന്നു
പിന്നിലായ് മറപററിയാനയും ഗമിയ്ക്കുന്നു.

ശത്രുവിൻ നിരപൊട്ടീ, ആനകളടുക്കുന്നു
പാർത്ഥിവൻ വിറയ്ക്കുന്നു, കോട്ടയിലൊളിയ്ക്കുന്നു.

ശത്രുവിന്നശ്വക്കൂട്ടം മന്ത്രിതന്നടുത്തെത്തീ
നിശ്ചയം കാലാളെത്തീ മന്ത്രിതൻ രക്ഷയ്ക്കായി.

കാലാള മരിയ്ക്കുന്നു മേലാളെ രക്ഷിയ്ക്കാനായ്
ജീവരക്ഷയ്ക്കായ് ധീരൻ മന്ത്രിയും പിന്നോട്ടോടി.

ശക്തനാംഗജവീരനെവിടെ, കാണാനില്ല
ശത്രുവെത്തടുക്കുവാനുണ്ടൊരിക്കാലാരം മാത്രം.

പിന്നിലേയ്ക്കില്ലായെന്നൊരുഗ്രമാം ശപഥം ചെ-
യ്യുന്നിദ്ദ്ര, മശക്തനിക്കാലാള മരിയ്ക്കുന്നു !

തേരുകളൊടിഞ്ഞുപോയ്, മന്ത്രിയും മരിച്ചുപോയ്
വീരാശ്വങ്ങളോ വീണു; പടിഞ്ഞു ഗജവീരൻ.

''ആരിനി, ആരാണിനി'', മന്നവൻ ചോദിയ്ക്കുന്നു
''എങ്ങളുണ്ട'' ''ടിയങ്ങരം'' കാൽപ്രജക്കൂട്ടം
ചൊല്ലീ.

രണ്ടുപേരകന്നുപോയ്, ഒരുവൻ ജയിയ്ക്കുന്നു
മന്ത്രിയായവൻ വന്നീപ്പാരിനെ ഭരിയ്ക്കുന്നു !

പിന്നെയും രണമാടീ, പാവമീക്കാലാളുകൾ
പിന്നെയും ജീവത്യാഗംചെയ്തവർ മന്ത്രിയ്ക്കായി
യുദ്ധമാണഭിമാനരക്ഷണ സമരമാ–
ണെത്രയും ധൈര്യത്തോടെ മുന്നോട്ടക്കാലാളേറി

# ലൈംഗികക്രോമസങ്ങളും ലിംഗനിർണ്ണയവും

ഉല്പത്തിയെക്കുറിച്ച് മൂഢമായ കെട്ടുകഥകൾ നിറഞ്ഞിരുന്ന മനുഷ്യമസ്തിഷ്കത്തിലേയ്ക്ക് ശാസ്ത്രം വിജ്ഞാനത്തിന്റെ ദീപശിഖയുമായി കടന്നുവന്നത് അടുത്ത കാലത്താണ്. ക്രിസ്തുവിന് മുമ്പ് 4-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രഗത്ഭദാർശനികനായിരുന്ന അരിസ്റ്റോട്ടിൽപോലും സസ്യങ്ങളിൽ മാത്രമല്ല മൃഗങ്ങളിൽപോലും സ്വയംഭൂവായി ജനനപ്രക്രിയ നടക്കുന്നു എന്ന് വിശ്വസിച്ചിരുന്നതായി തെളിവുകൾ ഉണ്ട്. റീഡി, (Redi), സ്പലൻസാനി, ലൂയി പാസ്റ്റർ തുടങ്ങിയ ശാസ്ത്രവൈജ്ഞാനികരുടെ ഗവേഷണങ്ങൾമൂലം നൈസർഗ്ഗികമായ ഉൽപ്പത്തി അടിസ്ഥാനരഹിതമാണെന്ന് പിന്നീട് തെളിയിക്കപ്പെട്ടു. ജീവനുള്ള വസ്തുവിൽനിന്ന് മാത്രമെ ജീവൻ സംജാതമാകൂ എന്ന് ബാക്ടീരിയമുതൽ മനുഷ്യൻവരെയുള്ള ജീവികളുടെ ജീവിതവൃത്തിയിൽനിന്ന് തെളിയിച്ചു കാണിക്കുകയുംചെയ്തു.

ഉല്പത്തി, വളർച്ച നാശം എന്നീ പ്രക്രിയകൾക്ക് പുറമേ പ്രത്യുല്പാദനം, വംശപരമ്പരയുടെ നിലനില്പിന്നനുപേക്ഷണീയമാണ്. ജീവന്റെ സ്വഭാവവിശേഷതകൾ പരമ്പരകളിലേക്ക് കൈമാററം ചെയ്യുന്നത് പ്രത്യേകിച്ചും ലൈംഗികപ്രത്യുല്പാദന (sexual reproduction) ത്തിലൂടെയാണ്. ഓസ്കാർ ഹെർട്ട് ടിഗ് (Oscar Hertuig) എന്ന ശാസ്ത്രജ്ഞനായിരുന്നു ബീജസങ്കലനം നടക്കുന്നതിനെക്കുറിച്ചാദ്യമായി തെളിയിച്ചത്. എന്നാൽ പുഷ്പങ്ങളുടെ ജനികളിൽ പരാഗങ്ങൾ നിക്ഷേപിക്കപ്പെടാതിരുന്നാൽ അവയിൽ വിത്തുകൾ ഉണ്ടാകുകയില്ല എന്നും കൃത്രിമ വർഗ്ഗസങ്കരണം നടത്തി വിത്തുകൾ ഉല്പാദിപ്പിക്കപ്പെടാമെന്നും ഗവേഷകർ പരീക്ഷണങ്ങൾവഴി തെളിയിച്ചിരുന്നു. ഒരു സസ്യവിത്തിൽനിന്നു മുളച്ചുണ്ടാകുന്ന അടുത്ത തലമുറ പൈതൃകങ്ങളായ സ്വഭാവ സവിശേഷതകൾ തങ്ങളുടെ സന്തതികളിൽ കൈമാററം ചെയ്യപ്പെടുന്നതായി പണ്ടേ വെളിപ്പെട്ടിരുന്നു. എങ്കിലും ഈ വംശഗതിപ്രക്രിയയെക്കുറിച്ച് അപഗ്രഥിച്ച് പഠിക്കുകയും ശാസ്ത്രീയബുദ്ധ്യാ അതിനൊരു വിശദീകരണം നല്കുകയും ചെയ്തത് മെൻഡൽ (Mendel) എന്ന ഗവേഷകനായിരുന്നു. കേവലം ഏഴുവർഷങ്ങളിലായി നടത്തിയ തന്റെ പരീക്ഷണനിരീക്ഷണങ്ങൾ അദ്ദേഹം പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. അദ്ദേഹത്തിന്റെ നിയമങ്ങൾ (Mendel's laws) അവലോകനം ചെയ്യപ്പെട്ടതിന്റെ ഫലമായാണ് ജനിതകവിജ്ഞാനം (Genetics) ഉദയംകൊണ്ടത്. പൈതൃകങ്ങളായ സവിശേഷതകളും വ്യതിയാനങ്ങളും സന്തതികളിലേയ്ക്ക് കൈമാററം ചെയ്യപ്പെടുകയെന്ന പ്രക്രിയയെ പ്രതിപാദിക്കുന്ന ജീവശാസ്ത്രവിഭാഗത്തിനെയാണ് ജനിതകശാസ്ത്രവിജ്ഞാനം എന്നു പറയുന്നത്.

*ലൈംഗീക ക്രോമസങ്ങളും ലിംഗ നിർണ്ണയവും:—*

മെൻഡലിന്റെ കാലഘട്ടത്തിന് ശേഷം കോശശാസ്ത്രത്തിൽ അഭൂതപൂർവ്വമായ വളർച്ച ഉണ്ടാകുകയും പാരമ്പര്യ പ്രക്രിയകുത്തരവാദിയായി നില്ക്കുന്ന ഘടകങ്ങൾ ക്രോമസങ്ങളാണെന്ന് സ്ഥിരീകരിക്കപ്പെടുകയും ചെയ്തു. ലൈംഗിക പ്രത്യുല്പാദനം നടക്കുന്ന ഉയർന്ന വിഭാഗത്തിൽപ്പെട്ട ജീവികളിൽ സർവ്വസാധാരണമായിക്കാണുന്ന പ്രകടലക്ഷണമാണ് സ്ത്രീപുരുഷ ലിംഗവ്യത്യാസം. ഈ അന്തരത്തിനനുരിച്ച അവയുടെ ശരീരകോശങ്ങളിലുള്ള ക്രോമസങ്ങളിലും സാരമായ ചില വ്യത്യാസം സ്ത്രീ-പുരുഷ ലക്ഷണങ്ങൾമൂലം തെളിയിക്കപ്പെട്ടു.

ആർ. വി. അബ്ദുള്ള, III B. Sc. Botony

സ്ത്രീപുരുഷലിംഗഭേദത്തിന്നാസ്പദമായ ക്രോമസഭേദം പല ജീവികളിൽ പല രീതിയിലായിരിക്കും. ചിലയിനം മൂട്ടകൾ, വിട്ടിൽ തുടങ്ങിയ പ്രാണികളിൽ പെൺജീവികളുടെ ശരീരകോശങ്ങളിലെ ക്രോമസങ്ങളുടെ എണ്ണം ആൺജീവികളുടേതിനെ അപേക്ഷിച്ച ഒന്നധികമായിരിക്കുമെന്ന് കാണുന്നു. ഇവയിൽ ചില പ്രാണികളിൽ പെൺജീവികളുടെ ശരീരകോശങ്ങളിൽ 14 ക്രോമസങ്ങളും ആൺജീവികളുടേതിൽ 13 ക്രോമസങ്ങളുമാണുള്ളത്. ബീജോല്പാദനത്തിനുമുമ്പ് നടക്കുന്ന സെൽ വിഭജനത്തിൽ പെൺപ്രാണിയിലെ 14 ക്രോമസങ്ങൾ 7 ജോഡികളായിത്തിരിയുന്നു. പെൺപ്രാണിയുടേത് 6 ജോഡി ഒററപ്പെട്ട ഒരു ക്രോമസവുമായി വേർതിരയുന്നു. ചിയോസിസ് വിഭജനത്തിന്റെ അവസാനത്തിൽ പെൺ ഈച്ചയിൽ 7 ജോഡി ക്രോമസങ്ങളിലേയും ഇണകൾ പരസ്പരം വിയോജിച്ച് ഏഴ് ക്രോമസങ്ങളോടുകൂടിയ അണ്ഡങ്ങളുടെ രൂപീകരണത്തിന് നിദാ

നമായിത്തീരുകയുംചെയ്യുന്നു. അതിനാൽ പെൺ ഈച്ചയിൽ രൂപപ്പെടുന്ന അണ്ഡങ്ങളിലെല്ലാം ക്രോമസങ്ങളുടെ എണ്ണം തുല്യമായിരിക്കും. ആൺ ഈച്ചയുടേതാകട്ടെ, ക്രോമസങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ രണ്ടുതരത്തിൽപ്പെട്ടവയായിരിക്കും. ആകെ രൂപപ്പെടുന്ന ഈ ബീജങ്ങളിൽ പകുതി എണ്ണത്തിന് 7 ക്രോമസങ്ങളും മറ്റുള്ള പകുതി എണ്ണത്തിന് 7 ക്രോമസങ്ങളും ഉണ്ടായിരിക്കുമെന്ന് കാണാം.

ബീജസംയോജനസമയത്ത് ഏഴ് ക്രോമസങ്ങളുള്ള ഒരണ്ഡം അതേ ക്രോമസങ്ങളുടെ എണ്ണമുള്ള ഒരു പുംബീജവുമായാണ് സംയോജിക്കുന്നതെങ്കിൽ, ആ സൈഗോട്ടിൽ (zygote) 14 ക്രോമസങ്ങളുണ്ടായിരിക്കുകയും അതിൽനിന്ന് ഒരു പെൺസന്തതി ഉണ്ടാകുകയും ചെയ്യുന്നു. എന്നാൽ ഏഴ് ക്രോമസങ്ങളുള്ള അതേ അണ്ഡം ആറ് ക്രോമസങ്ങളുള്ള ഒരു പുംബീജവുമായാണ് സംയോഗം നടക്കുന്നതെങ്കിൽ അപ്രകാരമുള്ള സൈഗോട്ടിൽ 13 ക്രോമസങ്ങളുണ്ടാത്തീരുകയും ആൺ സന്തതിയുടെ പിറവിക്ക് നിദാനമായിത്തീരുകയും ചെയ്യുന്നു. ഇതിൽനിന്നും ഈ ജീവിയിൽ ഒററപ്പെട്ട ആ ക്രോമസമാണ് അതിലെ ലിംഗത്വം നിശ്ചയിക്കുന്നതെന്ന് കാണുന്നു.

ഇനി തേനീച്ചയുടെ കാര്യം എങ്ങനെയാണെന്ന് നോക്കാം. തേനീച്ചയിൽ ആണിന് ശരീരകോശങ്ങളിൽ 16 ക്രോമസങ്ങളും പെണ്ണിന് 32 ക്രോമസങ്ങളും ഉണ്ടായിരിക്കും. ബീജോല്പാദനവേളയിൽ ഇവയിൽ 16 ക്രോമസങ്ങളോടുകൂടിയ സ്ത്രീബീജമുല്പാദിപ്പിക്കപ്പെടുന്നു. ആൺ ഈച്ചയിൽ ബീജോല്പാദനവേളയിൽ ക്രോമസങ്ങൾക്ക് മിയോബിസ് വിഭജനം സംഭവിക്കുന്നില്ല. ആൺ ഈച്ചകളിൽ രൂപംകൊള്ളുന്ന പുംബീജങ്ങളിൽ 16 ക്രോമസങ്ങൾ വീതമുണ്ടായിരിക്കും. ബീജസംയോഗസമയത്ത് ഒരു പുംബീജവും ഒരു സ്ത്രീബീജവുമായി യോജിച്ച് 32 ക്രോമസങ്ങളുള്ള ഒരു സന്തതിയായി വളരുന്നു. 32 ക്രോമസങ്ങളുള്ളതിനാൽ അത് പെൺവിഭാഗത്തിൽപ്പെടുന്നതായിരിക്കും. എന്നാൽ പെൺ തേനീച്ചയിൽ ഉല്പാദിപ്പിക്കപ്പെടുന്ന ബീജങ്ങൾക്ക് ബീജസംയോഗപ്രക്രിയ കൂടാതെതന്നെ വളർന്ന സന്തതികളായി രൂപം പ്രാപിക്കുന്നതിനു കഴിവുണ്ട്. ഇപ്രകാരം സ്ത്രീബീജങ്ങളിൽനിന്നുണ്ടാകുന്ന സന്തതികളിൽ 16 ക്രോമസങ്ങളാണുണ്ടായിരിക്കുക. ഇവയാണ് ആൺ വർഗ്ഗമായിത്തീരുന്നത്. ക്രോമസങ്ങളുടെ എണ്ണത്തിലുള്ള വ്യത്യാസത്തിനെ ആസ്പദമാക്കിയാണ് തേനീച്ചയിൽ ലിംഗഭേദം ഉളവാകുന്നത്.

ഇവയിൽനിന്നെല്ലാം നിശ്ചിത ക്രോമസങ്ങളോ ക്രോമസങ്ങളുടെ എണ്ണമോ ആണ് ജീവികളിൽ ലിംഗ നിർണ്ണയത്തിനടിസ്ഥാനമായി വർത്തിക്കുന്നതെന്ന് മനസ്സിലാക്കാം.



# മാപ്പുസാക്ഷി

സൈദ് ചെമ്മാടൻ, Ist P.D.C. ($P_1$)

രാത്രി തീരെ ഉറങ്ങിയിട്ടില്ല.

തലവേദന.

പരീക്ഷക്ക് ഇനി ഒരു ദിവസമേ ബാക്കിയുള്ളൂ.

മലയാളമാണ് ആദ്യത്തെ ദിവസം.

ഇത്തവണ രക്ഷപ്പെടാമെന്നൊരാത്മവിശ്വാസം. എന്നാലും വെറുതെയിരിക്കാൻ പററില്ല. പഴയ ഓർമ്മകൾ ഒരിക്കലും പൊന്തിവരാത്ത മനസ്സിൽ കുഴിച്ചുമൂടി. ആ പേടിസ്വപ്നത്തിന് ഇനി ജീവൻ നൽകാതിരുന്നെങ്കിൽ......

പഴയ ചോദ്യക്കടലാസിലേക്ക് ദൃഷ്ടികൾ തിരിച്ചു വീണ്ടും. അപ്പോഴാണ് 'പോസ്റ്റൽ ശിപായി' വന്നു ഒരു കവർ കയ്യിൽതന്നത്.

വിരിയുന്ന പ്രതീക്ഷയോടെ—അല്പ—മധുരം കലന്ന വിരസതയോടെ കവർ പൊളിച്ചു.

കത്ത് വായിച്ചു, ഞെട്ടിപ്പോയി! കുഴിച്ചുമൂടിയ ഓർമ്മകളെ വീണ്ടും കുത്തിയിളക്കുകയാണോ? പരീക്ഷക്കുവേണ്ടി മനസ്സിൽ സ്വരൂപിച്ചതൊക്കെ മലവെള്ളംവന്നു കഴകിപ്പോയപോലെ—

ഓർമ്മകളുടെ കുഴിമാടത്തിലേക്ക് മനസ്സിനെ കൊത്തിവലിക്കുന്ന ചിന്തകൾ!

എന്തൊക്കെയാണവൾ എഴുതിപ്പിടിച്ചിരിക്കുന്നത്. പ്രതിക്കൂട്ടിൽനിൽക്കുന്ന ഒരു മാപ്പുസാക്ഷിയെപ്പോലെ ആ കത്ത് എന്നെ നോക്കി കൊഞ്ഞനം കാട്ടുകയാണ്. സ്നേഹത്തിൻെറ ജയിലിൽനിന്നും രക്ഷപ്പെട്ടവനെ വീണ്ടും തിരഞ്ഞുപിടിക്കാൻ വന്ന വാറണ്ട്!

മനസ്സ് ഒരിടത്ത് ഉറച്ചുനിൽക്കുന്നില്ല!

വരികളിൽ തുളുമ്പി നിൽക്കുന്ന മധുരാനുഭൂതികൾ നനച്ച മാസങ്ങൾക്കു മുമ്പുണ്ടായ അനുഭവങ്ങളുടെ ബിന്ദുവിൽ ചെന്നു ലയിക്കാൻ വെമ്പുകയാണ് മനസ്സ്.

തികച്ചും ആകസ്മികമായാണ് ആ രൂപം മനസ്സിൻെറ മട്ടുപ്പാവിലേക്ക് ചാടിക്കറിയത്.

മോഡൽ പരീക്ഷ കഴിഞ്ഞപ്പോൾ—കൂടുതൽ മാർക്ക് കിട്ടിയവർ നിൽക്കണമെന്ന് ആലീസ് ടീച്ചർ പറഞ്ഞപ്പോൾ—ആൺകുട്ടികളിൽ ഞാനും! പെൺകുട്ടികളിൽ ഖദീജയും!

ദൃഷ്ടികളുടെ ശരവർഷങ്ങൾ ഞങ്ങളുടെ നേരെ—

അസൂയകൾ

അൽഭുതങ്ങൾ

അഭിനന്ദനങ്ങൾ!

ആലീസ് ടീച്ചറുടെ മുക്തകണ്ഠമായ പ്രശംസ! ഹൃദയത്തിന്റെ ഉള്ളറയിൽ ആനന്ദം നുരഞ്ഞുപൊങ്ങി.

പേരുകൾ കൂട്ടിപ്പറഞ്ഞു.

ദൃഷ്ടികൾ തമ്മിലിടഞ്ഞു.

ക്ലാസ്സിൽനിന്നും തേനീച്ചക്കൂട്ടത്തിൻെറ ശബ്ദം. ലജ്ജകൊണ്ടു തല കുനിഞ്ഞുപോയി.

പരസ്പരം നോക്കാനാഗ്രഹം!

പരിഗണനാർഹമായ അധൈര്യം!!

അജ്ഞാതാനുഭൂതികളുടെ തീവ്രതരംഗങ്ങളാൽ പരസ്പരം ബന്ധിക്കുന്ന അനർഘനിമിഷങ്ങൾ! ആ നിമിഷങ്ങൾക്ക് ജന്മം നൽകിയ ആലീസ് ടീച്ചറോട് ബഹുമാനം.

വീണ്ടും വീണ്ടും കാണാനുള്ള ആഗ്രഹം.

ചലനങ്ങളും പതിവുകളും അവസരങ്ങൾക്ക് വഴിയൊരുക്കി. പുഞ്ചിരിയുടെ പൂമാലകൾ കൈമാറി.

കൺമുനകൾ അനുരാഗത്തിൻെറ കവിതകൾ കുറിച്ചു.

കരളിൽ പൂന്തേനരുവികൾ പതഞ്ഞൊഴുകി—

അവസരങ്ങൾ സൃഷ്ടിക്കുന്നതിൽ വ്യാപൃതരായി സുഹൃത്തുക്കൾ. സഹപാഠികളും സഹപാഠിനികളും വളവും വെള്ളവും നൽകി മുളച്ചത് വളർത്താൻ ശ്രമിച്ചു. പ്രതിഷേധിച്ചില്ല. നീരസം പ്രകടിപ്പിച്ചില്ല. എല്ലാം ഇഷ്ടമായിരുന്നു.

സ്കൂളിൽ നേരത്തെ എത്തുക പതിവായി.

ഒരു പുതിയ ചൈതന്യം

പുതിയ അനുഭൂതി.

പുതിയ ചുറ്റുപാട്

പുതിയ വായു.

പുതിയ ലോകം.

തനിച്ചു കാണാനുള്ള അവസരങ്ങൾക്കുവേണ്ടി അടങ്ങാത്ത ആകാംക്ഷ.

മധുരിക്കുന്ന പകലുകൾ.

തങ്കക്കിനാക്കളെ പാലൂട്ടിത്താരാട്ടുന്ന രാവുകൾ. മധുരിമ നുരഞ്ഞുപൊങ്ങുന്ന നവ്യാനുഭൂതിയുടെ അടിയൊഴുക്കിൽ മുങ്ങിത്തപ്പുന്ന മനസ്സ്.

നിമിഷങ്ങളും, മണിക്കൂറുകളും ദിവസങ്ങളും സാറ്റേൺ റോക്കറ്റിന്റെ വേഗതയിൽ പറന്നു.

'സ്റ്റഡി ലീവിൽ' സ്കൂൾ വിട്ടപ്പോൾ—എന്റെ വിതുമ്പുന്ന ചങ്കിൽനിന്നും വാക്കുകൾ പുറത്തേക്കു ഉണ്ടുവീണു.

'ഇനി എപ്പോൾ കാണും...?'

''മൂന്നു മൈലുകൾക്കപ്പുറം 'ചേകനാട്ടുകര'യിലുള്ള ചേട്ടത്തിയുടെ വീട്ടിലാണ് താമസം.''

''വന്നാൽ കാണാൻ പറ്റുമോ ?''

''തീർച്ചയായും......ഒരിക്കൽ വരുമോ ?''

യാത്ര പറഞ്ഞപ്പോൾ ഈറനണിഞ്ഞ കണ്ണുകൾ കൂട്ടുകാരിൽനിന്നും മറച്ചുപിടിക്കാൻ എത്ര പാടുപെട്ടു ! നീലിമയാർന്ന കൺതടത്തിൽ ഉതിർന്നുനിന്ന ബാഷ്പകണങ്ങൾ എന്റെ ഉള്ളിന്റെ ഉള്ളിൽ സൃഷ്ടിച്ച വേദനയുടെ സ്രോതസ്സുകൾ ഇന്നും വറ്റിയിട്ടില്ല !

വിഷാദാത്മകമായ സന്ധ്യകളും പ്രഭാതങ്ങളും ! ചിന്തകളുടെ അടിവേര് അവളാകുന്ന ബിന്ദുവിൽ മാത്രം ആഴ്ന്നിറങ്ങി.

കാണാതിരിക്കാൻ കഴിഞ്ഞില്ല.

വായിച്ചതൊന്നും മനസ്സിൽ പതിയുന്നില്ല.

ഗത്യന്തരമില്ലാതെ ഒരിക്കൽ അവളുടെ വീട്ടിൽ ചെന്നു. മുറ്റത്തേക്കുകയറി വെള്ളം ചോദിച്ചു. വേലക്കാരൻ കൊണ്ടുവന്ന വെള്ളത്തിൽ കരടുണ്ടെന്നു പറഞ്ഞു മുറ്റത്തേക്കൊഴിച്ചു. ആ അലവലാതിയുടെ സാന്നിദ്ധ്യം ഒഴിവാക്കാൻ എടുത്ത സൂത്രം. കുറിക്കു കൊണ്ടു. അവൻ വീണ്ടും വെള്ളത്തിനുപോയി.

വികാരങ്ങൾ വീർത്തു മുററിയ ഇരുഹൃദയങ്ങൾ മാത്രം !

ഖദീജയും ഞാനും !

ആ പവിഴാധരങ്ങളിൽനിന്നും ഉതിർന്നുവീണ വാക്കുകൾ ! ആത്മാവിൻെറ അദമ്യമായ ദാഹത്തിനു ശമനംനൽകി. സ്നേഹത്തിൻെറ നിർമല നിർഝരിയിൽ മുങ്ങിക്കുളിച്ച പ്രതീതിയുമായി മടങ്ങി വീട്ടിലേക്ക്—

'പബ്ലിക്' പരീക്ഷയുടെ ദിവസങ്ങൾ എത്ര മനോഹരങ്ങളായിരുന്നു. 'ആൻസർ' ചെയ്യാൻ കഴിയുന്ന ചോദ്യങ്ങൾതന്നെ പലതും ഒഴിവാക്കി നേരത്തെ പരീക്ഷാഹാൾ വിട്ടിറങ്ങും. അവളുടെ വരവും കാത്ത് പുറത്തിരിക്കും.

പാസ് മാർക്ക് ആയിട്ടുണ്ടെന്ന വിശ്വാസം !

അവളുമായുള്ള സംസാരത്തിലൂടെ ലഭിക്കുന്ന ഹൃദ്യമായ നിമിഷങ്ങൾക്കുവേണ്ടിയുള്ള ഉൽക്കടമായ ദാഹം !

അവസാനത്തെ ദിവസം എല്ലാം മറന്നുകൊണ്ട് എത്ര നേരം സംസാരിച്ചിരുന്നു ! ചേട്ടത്തിയുടെ വീട്ടിലെ താമസത്തെപ്പററി—കോളേജിൽ ഒന്നിച്ചു ചേരുന്നതിനെപ്പററി—ഓമൽക്കിനാക്കളെ കെട്ടിപ്പിടിച്ച് സങ്കൽപ്പങ്ങളുടെ പുഷ്പകവിമാനത്തിൽ സഞ്ചരിച്ചപ്പോൾ സമയംപോയതറിഞ്ഞിരുന്നില്ല.

വിശാലമായ സ്കൂൾ പറമ്പിൽനിന്നും അവളുടെ വീട്ടിലേക്കുള്ള ഇടുങ്ങിയ വഴിയിലൂടെ തോളോടുതോളുരുമ്മിനടന്ന നിമിഷങ്ങൾ ! ജീവിതത്തിലെ സ്വപ്നവസന്തങ്ങളുടേയും ഉൽഭവങ്ങളും അവസാനവും അവിടെ വെച്ചായിരുന്നോ ? വികാരങ്ങളുടെ ജനനവും മരണവും ചില ദുർബ്ബല നിമിഷങ്ങളുടെ കടങ്കഥകളായി മാറുമെന്ന അന്നോർത്തിരുന്നില്ല.

സന്ധ്യയുടെ വിരിമാറിൽ പകലീശൻ തല ചായിച്ചപ്പോൾ ഞങ്ങൾ യാത്രപറഞ്ഞകലുകയായിരുന്നു. പടിഞ്ഞാറൻ ചക്രവാളത്തിലെ അന്നത്തെ വർണ്ണപ്രപഞ്ചം ഇന്നും കൺമുമ്പിൽ കാണുന്നപോലെ തോന്നുന്നു. സായാഹ്നചക്രവാളത്തിന് അത്രയും മനോഹാരിത പിന്നെ ഉണ്ടായിട്ടുണ്ടോ...?

'റിസൾട്ട്' പുറത്തുവന്നപ്പോൾ നടുങ്ങിപ്പോയി !

അവൾക്ക് ക്ലാസ്സ് !

എൻെറ നമ്പർ കാണാനില്ല !

കടുത്ത വഞ്ചന !

ജീവിതത്തിലെ ആദ്യത്തെ മരണം !

ഒഴിച്ചിട്ട ചോദ്യങ്ങൾ ആയിരം തിരികളുള്ള നിലവിളക്കുകളായി നൃത്തംവെച്ചു ! കത്തിക്കരിഞ്ഞ പ്രതീക്ഷകളുടെ ചാമ്പലുകൾക്ക് മുന്നിലിരുന്നു കണ്ണീർ പൊഴിച്ചു.

ചിന്തകളുടെ വിരൽത്തുമ്പിൽ പിടിച്ച സ്മരണകളുടെ കുഞ്ഞുങ്ങൾ മനസ്സിൻെറ ഉള്ളറയിലൂടെ ചവിട്ടിനടക്കുന്നു. അവയുടെ കഴുത്തുഞെരിച്ചുകൊല്ലണം. പരാജയം ഇനി ആവർത്തിച്ചുകൂട. ബോധം തിരിച്ചുകിട്ടിയവനെപ്പോലെ—

ഉറച്ച തീരുമാനം !

തീപ്പെട്ടിയുരച്ചു തീകൊടുത്തു കത്തിന് ! !

കൈകൾ വിറച്ചില്ല.

ഹൃദയം പതറിയില്ല.

തീ ആളിക്കത്തി. കത്ത് കരിഞ്ഞുചാമ്പലായി !

അതിൻെറ മുമ്പിലിരുന്നു പൊട്ടിച്ചിരിച്ചു !

പ്രതികാരത്തിൻെറ പൊട്ടിച്ചിരി !

വിജയത്തിൻെറ പൊട്ടിച്ചിരി !

# മരിക്കാത്ത മരീചിക

—ഓതല്ലൂർ ബഷീർ

'ഈയുഗം നിനക്കേകിയ—
പുതുവർഷ പ്പുലരിയിൽ
സ്വപ്നമേ—ജാലകങ്ങൾ തുറക്കൂ'
ഹൃദയങ്ങൾ കൂട്ടിച്ചേർക്കും—
ലോലമാം വീണക്കമ്പിയിൽ—
ത്താളംവെക്കും കൂർത്തുമൂർത്തുള്ള ഗാനശകലം—
അസ്വസ്ഥചിത്തനായ് ചമയും
പ്രപഞ്ചസൃഷ്ടിതൻ
കർണ്ണങ്ങളിൽ ഏകാന്തത
ഭഞ്ജിച്ചുദിക്കും നിമിഷത്തിൽ
ചീഞ്ഞളിഞ്ഞ വ്രണങ്ങളിലിഴയും പുഴക്കളെ
മന്ദം തലോടിയിട്ടവർ പറയുന്നു.
'വിശന്നിരിക്കുമെങ്കിലുമെന്നാശ്രിതനായ്കഴിയുമീ
പുഴക്കളെയെങ്ങനെ
ഞാൻ പെറുക്കിത്തിന്നും'
[മരുഭൂമിയിൽനിന്നോടിയെത്തിയ
കാറേറ നീയല്പം വിശ്രമിക്കൂ]
ഒന്നരപ്പാദങ്ങളിൽ കുനി..
കുനി നിൽക്കാൻശ്രമിക്കും
ഭൂമിതൻ ദീർഘനിശ്വാസം
കേട്ടവൻ മിഴികൾപൂട്ടി പിറുപിറുത്തു !
'സുഖമാണവിടം, ഇവിടം
ദുഃഖംമാത്രം'
അപ്പുറത്തവനുടെ പ്രതിച്ഛായ
മന്ത്രിക്കുന്നു
'സുഖമാണവിടം, ഇവിടം
ദുഃഖംമാത്രം'
ഗാനങ്ങൾ ശ്രവിക്കുന്ന
മരീചിക നീട്ടിപ്പാടി
'ആത്മാവിലലിയുന്ന
പനിനീർ സുഗന്ധത്തിൽ
സത്യമേ—നീ
ദുഃഖങ്ങൾ ദഹിപ്പിക്കൂ'.

# എൻ. സി. സി. കേഡററ്

സ്നേഹം നിറഞ്ഞ സഫീലാ,

മഞ്ഞിൽക്കുളിച്ച ഹിമാലയൻപർവ്വതം, പ്രൗഢ ഭാവത്തോടെ ശിരസ്സുയർത്തി നില്ക്കുമ്പോൾ, നിലാവിന്റെ നീരൊഴുക്കിൽ, ബ്രഹ്മപുത്രാനദിയിലെ കിലുകിലാരവം, എൻെറ ലോലഹൃദയത്തെ, സ്മരണകളുടെ ശ്മശാനത്തിലേക്കാനയിക്കുന്നു. നിന്നെക്കുറിച്ചോരിക്കലും ഓക്കരുതെന്ന് നിനച്ചതാണ്. പക്ഷേ, ഓർമ്മകളെ കടിഞ്ഞാണിടാൻ മനുഷ്യൻ അശക്തനാണല്ലോ. അവ കുഞ്ഞിച്ചിറകുകൾ വിടർത്തി അലക്ഷ്യമായി പാറുകന്നു. ശോകമൂകനായി, ഹിമാലയനെ തുറിച്ചുനോക്കുമ്പോൾ, നിന്നിലെ മധുരിമ എന്നിലോടിയെത്തുന്നു. നീ—ഒരു മാലാഖയാണ്. ഞാനോ—?

ചിന്ത ഭൂതത്തിലേക്ക് പായുന്നു. കടിഞ്ഞാണില്ലാത്ത ചിന്തകൾ! പത്താംതരത്തിൽ പഠിക്കുമ്പോഴാണത്. ഞാനെല്ലാവരാലും വെറുക്കപ്പെട്ടവനായി. ഞാനെന്ന ഭ്രാന്തൻ ഹൃദയത്തിൻെറ രോദനം മററാരും കേൾക്കാതെ, സ്വയം കടിച്ചമർത്തി. ഓർമ്മകൾ ഓളങ്ങളാവുന്നു.

എൻെറ ഉപ്പ !

നിലനില്പിന്ന് വേണ്ടിയുഴലുമ്പോൾ പലതും നഷ്ടപ്പെട്ട മനുഷ്യൻ ! എങ്കിലും കൊതിച്ചിരിക്കാം. 'തൻെറ മകന് ജോലികിട്ടിയാൽ എല്ലാ വെഷമവും തീരുമെന്ന്. S. S. L. C. ക്ക് ക്ലാസുവാങ്ങി പാസ്സായപ്പോൾ എന്തൊരു സന്തോഷമായിരുന്നു. പഠിക്കാൻ പണമാവശ്യമായിരുന്നു. പണത്തിൻെറ അഭാവം, വയറിൻെറ വ്യാപ്തം താനെ കുറച്ചു. സ്നേഹനിധിയായ എൻെറ ഉപ്പ എന്നെ എത്ര കഷ്ടപ്പെട്ടാണ് പഠിപ്പിച്ചത്.

എൻെറ എല്ലാ വേദനയും ഞാൻ നിന്നിലൂടെ മറക്കാൻ കൊതിച്ച പെൺകുട്ടീ. എൻെറ സഫീലയിലൂടെ. എന്നെ വെറുത്തിരുന്ന, വീണ്ടുമെന്നെ സ്നേഹിച്ച, എന്നെന്നും എന്നെക്കാത്തിരിക്കാമെന്നേറ്റ നീയെന്ന ബിന്ദുവിലൂടെ. നീയെൻെറ സ്വപ്നമായിരുന്നു. നിൻെറ കണ്ണുകളിലെ അഗാധമായ ആ നീലത്താടാകത്തിന് മാത്രമേ, എൻെറ ദാഹം തീർക്കാൻ...

അനുകമ്പയിൽനിന്ന് സ്നേഹമുദിക്കുമ്പോൾ അത് അനശ്വരമാവുന്നു. വേദനിക്കുന്ന ഹൃദയത്തിലേ ശാശ്വതസ്നേഹമുള്ളുവെന്ന് ആരോ പറഞ്ഞതോർമ്മയുണ്ട്.

എന്നെ മനസ്സിലാക്കാത്തവർ, എന്നെ നോക്കി ഭ്രാന്തനെന്ന് വിളിച്ചു. ഹൃദയം സ്നേഹം തേടിനടന്നപ്പോൾ ഭ്രാന്തനായ മനുഷ്യൻ ! എന്തെന്തു പ്രതീക്ഷകളായിരുന്നു. അവസാനം—

കോളേജിൽ ചേർന്നയുടനെ N. C. C. യിൽ ചേർന്നു. A. O. സാർ പറയാറുണ്ടായിരുന്നു. റൈഫിളിനെ സ്വന്തം ഭാര്യയേക്കാൾ സ്നേഹിക്കണമെന്ന്. ആ വാക്കുകൾ ഇന്നും ഓർക്കുന്നു.

''കണ്ണൂരും മലപ്പുറത്തുമൊക്കെ പോയി, തടിയെക്കൊണ്ട് കേടുവരുത്താതെ വന്നാ മതി''—വല്ല കേമ്പോ മറേറാ കഴിഞ്ഞ് വന്നാൽ ഉപ്പയുടെ ശബ്ദമാണത്. പേടിയല്ല, സ്നേഹവും ബഹുമാനവും ആയിരുന്നു ഉപ്പയോട്. എന്ത് തിടുക്കമുണ്ടായാലും മകൻെറ ആശ ആ മനുഷ്യൻ മുറിച്ചിട്ടില്ല. സ്വയം പറയുന്നത് കേൾക്കാം. ''നമ്മളൊക്കെ പാവങ്ങളാ...അനാവശ്യമായി പണം ചെലവാക്കാൻ എനിക്ക് വല്യ ഉദ്യോഗമൊന്നുല്യല്ലോ. അവക്കൊക്കെ ഉദ്യോഗം കിട്ടട്ടെ, എന്നാ പിന്നെ അവരുടെയിഷ്ടം പോലെ.''

—അസീസ് പൂവന്നൂര്
(N. C. C. കേഡററ്)
II P. D. C. $S_2$

ഉച്ചയ്ക്ക് യാതൊന്നും കഴിക്കാത്ത ദിവസങ്ങളുണ്ട്. അന്നും ആശ്വാസമായിരുന്നു. സുന്ദരവും വിശാലവുമായ ഒരു ഭാവി മുന്നിൽക്കിടക്കുന്നു. പഠിക്കുകയായിരുന്നു ലക്ഷ്യം. പഠിച്ചിട്ട്—? ജോലി!

സെക്കൻറ് P. D. C പരീക്ഷ കഴിഞ്ഞു മടങ്ങുമ്പോഴാണ്, N. C. C. ഓഫീസിൽനിന്നും, ക്ലിയറൻസ് സർട്ടിഫിക്കററ് വാങ്ങിയത്. A. O. പറയാറുണ്ടായിരുന്നു. ''താനൊരു വലിയ പട്ടാളോദ്യോഗസ്ഥനാവും.''

പക്ഷെ ആശ—? മററൊന്നായിരുന്നു.

ഒരു ഡോക്ടറാവുക. ഹോ...ഓർക്കാൻ വയ്യ. ഉച്ചയ്ക്ക് ചായപോലും കഴിക്കാൻ വകയില്ലാത്ത ഞാൻ...?

ചിന്തകൾ കാടുകയറുമ്പോൾ വല്ലതും എടുത്ത് വായിക്കും.

വെക്കേഷൻ ! ദുസ്സഹമായ ദിവസങ്ങൾ ! ഭൂമിയെ വാരിപ്പുണരാൻ പൊന്നുഷസ്സ് മിഴിവാർന്ന മിഴികളോടെ, തുടുത്ത ചുണ്ടുകളോടെ, കിഴക്കുദിക്കുന്നു.

ഉച്ചയിൽ പ്രശോഭിച്ച് സന്ധ്യയിൽ മയങ്ങിവീഴുന്ന ദിവസം !

കാലം ! കാലം ദിവസത്തിന്റെ കഴുത്ത് ഞെക്കിക്കൊല്ലുന്നു. അയ്യോ രക്തം. ചുടുരക്തം ! പശ്ചിമാംബരത്തിൽ രക്തം ചിന്നിച്ചിതറുന്നു. ദിവസം മരിച്ചുകഴിഞ്ഞപ്പോൾ, രക്തം കടലിൽ ലയിച്ചപ്പോൾ, രാത്രിയെന്ന രാക്ഷസൻ കറുത്ത തുണിയുമായ് വന്ന് ദിവസത്തിന്റെ മുഖം മൂടി. കാലം തന്റെ 'പെരിയകാൽ' നീട്ടിവെച്ചുനടന്നു.

റിസൾട്ട് വന്നപ്പോൾ തുള്ളിച്ചാടി. ഫസ്റ്റ് ക്ലാസ്സോടെ പാസ്സായിരിക്കുന്നു. നീയോർക്കുന്നുണ്ടാവും, എന്തുന്മേഷത്തോടെയാണ്, അന്ന് ഞാൻ നിന്നെ കണ്ടത്. മാറത്ത് പുസ്തകവുമിറുക്കി അനിയത്തിയുടെകൂടെ നടന്നുപോകുന്ന സഫീലയെ.

ഡിഗ്രിക്ക് ചേർന്നു. സുവോളജി മെയിൻ. കെമിസ്ട്രി സബ്സിഡയറി ഡോക്ടറാവണം—ഡോക്ടർ ?

സൾഫ്യൂറിക്കാസിഡ് ചിന്തി മുണ്ട് ചീത്തയായപ്പോഴും സമാധാനിച്ചു. ഡോക്ടറാവാനുള്ള യാത്രയാണ്. തൊടാൻ അറച്ചിരുന്ന തവളയെ കയ്യിലെടുത്ത് കുത്തിക്കീറുമ്പോഴും, എലിയെക്കീറുമ്പോഴും... എല്ലാം പ്രതീക്ഷകളായിരുന്നു. മനുഷ്യശവം കീറാനുള്ളതല്ലേ. പഠിക്കുക തന്നെ—പൂവണിയാത്ത പ്രതീക്ഷകൾ—

ആശിക്കാൻ വകയില്ലാഞ്ഞിട്ടും ആശിക്കുന്നു. നല്ല മാർക്ക് കിട്ടിയാൽ വല്ലവരും സഹായിക്കുമായിരിക്കാം. ആര് സഹായിക്കാൻ. ഡോക്ടറാവാനുള്ള മോഹത്താൽ മുടന്തിയായ ഒരു പണച്ചാക്കിനെ വിവാഹം കഴിച്ച ഒരാളെക്കുറിച്ചോർക്കുന്നു. നിർഭാഗ്യവാനായ മനുഷ്യൻ !

N. C. C. ഓഫീസ് എന്റെ ആരാധനാലയമായിരുന്നു. സമയം കൊല്ലാൻ അവിടെ ചെന്നിരിക്കും. വല്ല P. I. സ്റ്റാഫുമുണ്ടെങ്കിൽ അവരുമായി സൊറ പറയും. തനി ഹിന്ദിയിൽ, അവരുടെ നാടിനെക്കുറിച്ച് വീട്ടുകാരെക്കുറിച്ച്, അവരുടെ വളർച്ചയിൽ നേരിടേണ്ടിവന്ന പ്രശ്നങ്ങളെക്കുറിച്ച്. പലപ്പോഴും ഒന്നും മറച്ചുവെക്കാറില്ല. ആരോടും ഹൃദയം തുറന്നു സംസാരിക്കാനെ ഞാൻ പഠിച്ചിട്ടുള്ളൂ. നിർഭാഗ്യവാൻ ! ഒരു കണക്കിൽ ഞാൻ ഭാഗ്യവാനാണ്.

B. Sc. ഫൈനൽ ! ഓർത്തുപോയി. അടുത്ത വർഷം താൻ ഫൈനൽ D. C. സ്റ്റുഡന്റാവുന്നു. രണ്ടാംവർഷം ഓടുകയാണ്.

ഫയറിംഗ് കോമ്പിറ്റീഷ്യനിൽ പലതവണ എനിക്ക് പ്രൈസ് ലഭിച്ചിട്ടുണ്ട്. 'ബെസ്റ്റ് ഷൂട്ടർ' കോളേജ് മാഗസിനിലും പത്രങ്ങളിലും ഫോട്ടോ വന്നു. സർജന്റ് സ്ഥാനത്തുനിന്ന് അണ്ടർ ഓഫീസറായി പ്രൊമോഷനും ! മിലിററി അററാച്ചമെന്റ് കേമ്പിലുംമററും പലതവണ പങ്കെടുത്തിട്ടുണ്ട്. ബെസ്റ്റ് കേഡററ് ബഹുമതിയും ലഭിച്ചിട്ടുണ്ട്. എല്ലാ സർട്ടിഫിക്കറ്റുകളിലും 'വെരി ഗുഡ്ഡ്' എന്നായിരുന്നു. ചെറുപ്പത്തിലേ കാക്കിയുടുപ്പിട്ടവരെ കാണുമ്പോൾ ബഹുമാനമായിരുന്നു. ഇന്ന് എന്റെ നിത്യവസ്ത്രം അതാണ്. കാക്കിയുടുപ്പ്. ഞാനെന്റെ ജീവനേക്കാൾ സ്നേഹിക്കുന്ന എന്റെ റൈഫിൾ !

അന്ന്—

ആദ്യമായി ഞാൻ N. C. C. ഡ്രസ്സ്ചെയ്തു തൊപ്പിയും ഹാക്കിയുമണിഞ്ഞ് കൈയിൽ റൈഫിളുമായി നിലക്കണ്ണാടിയുടെ മുന്നിൽനിന്നപ്പോൾ സ്വയം മതിപ്പുതോന്നി. പട്ടാളക്കാരൻതന്നെ. അന്ന് തുടങ്ങിയതാണ്, റൈഫിളിനെ സ്നേഹിക്കാൻ. ഫയർ ടൈമിൽ, റൈഫിൾ ചുണ്ടോടമർത്തിപ്പിടിക്കുമ്പോൾ, ഓർത്തിട്ടുണ്ട്. 'ഭാര്യയേക്കാൾ സ്നേഹിക്കാവുന്ന, വിശ്വസിക്കാവുന്ന റൈഫിൾ.' ഒപ്പം നിന്നെയും ഓർക്കുന്നു. ഈ ചുണ്ടുകൾ നിന്റെ പവിഴാധരങ്ങളിൽ...

റിപ്പബ്ലിക് ഡേ പരേഡിൽ സെലക്ഷൻ ! ഗവമെന്റുചെലവിൽ ഒരു ഡൽഹി യാത്ര ! ഒരു മാസമെടുക്കും. എന്തു രസമായിരിക്കും.

സ്നേഹമയിയായ ഉപ്പയും ഉമ്മയും സഹോദരങ്ങളും നോക്കിനിന്ന നിമിഷം ! അലക്കിത്തേച്ച യൂണിഫോം, സാധാരണ ഉപയോഗിക്കാനുള്ള വസ്ത്രങ്ങൾ, ബെൽട്ട്, ബൂട്ട്, ഒഴിവ് സമയത്ത് വായിക്കാനുള്ള പുസ്തകങ്ങൾ എന്നിവ അടുക്കിവെച്ച ട്രങ്കുകൾ, കിററുകൾ, സ്യൂട്ട്കെയ്സ്. ഓർക്കാൻ വയ്യാതാവുന്നു. ഓർമ്മകൾ മരിച്ചെങ്കിൽ !

''എടാ മോനെ, ദൂരത്തേക്കാ പോണെ. കുത്തിടാൻ മറക്കരുത്. ശരീരം സൂക്ഷിക്കണം. അല്ലാഹുവേ...മോൻ വരുന്നത്വരെ ആർക്കും ഒന്നും വരുത്തല്ലേ...എന്റെ മോൻ വിയർക്കുന്നത്...

ഉപ്പയുടെ വാക്കുകൾ ഗദ്ഗദങ്ങളായിരുന്നു.

എന്തു രസമായിരുന്നു. രാവിലെ മൂന്നരക്കുണരും. ബൂട്ട് പോളീഷ്ചെയ്യൽ, ബെൽട്ട് ബ്രാസ്സോയിടൽ മുതലായവ കഴിഞ്ഞ് കാപ്പിയും കുടിച്ച് പരേഡിന്ന് തയ്യാറായി നില്ക്കും. എത്രയെത്ര കൂട്ടുകാർ. മലയാളികൾ മററു നാലുപേരുണ്ട്. ഒരു പെൺകുട്ടിയും മൂന്ന് ആൺകുട്ടികളും. അതിൽ ഒരാൾ നേവിക്കാരനാണ്. ഏതെല്ലാം നാട്ടുകാരുണ്ട്. ഏതെല്ലാം ഭാഷകൾ ! എല്ലാവർക്കും ഹിന്ദിയറിയാമെന്നത് ഭാഗ്യം.

എന്തെല്ലാം തമാശകളാണ് പറയാറ്. ഒരു വലിയ സമൂഹത്തിലും താൻ ശ്രദ്ധിക്കപ്പെട്ടവനായി. തന്റെ പെരുമാററം, സ്വഭാവം...

ഡൽഹിയിലെ പതിനേഴാമത് ദിവസം. ജനുവരി 20. രാവിലെ ഏഴുമണിയായിക്കാണും. യൂനിഫോമിലായിരുന്നു ഞാൻ. വെളുത്ത് താടി കെട്ടിവെച്ച സിംഗ് വന്നു ചോദിച്ചു.

ഉസ് കേരൽ വാലാ...ഹഫീൽ കോൻ ഹൈ...?

‘ആരാം’ പൊസിഷ്യനിൽനിന്നു ‘സാവ്ധാൻ’ അടിച്ചു. ഒരു സ്റ്റെപ്പുകൂടി മുന്നോട്ടുനിന്നു. സിംഗ് ഒരു എഴുത്ത് നീട്ടി. വലത് കയ്യിൽ റൈഫിളായിരുന്നത്മൂലം ഇടത്തെ കയ്യിൽ എഴുത്ത് വാങ്ങി.

‘‘ഘർ സെ...താർ ഹെ.’’ സിംഗ് പറഞ്ഞു.

‘‘ഇസ് പഠ്നാ ഹെ സാബ്...’’ ‘‘യസ്... റൈഫിൾ ‘ധറി’ പർ രഖോ...ഔർ പഠോ ബായ്...’

‘നീലിംഗ്’ പൊസിഷ്യനെടുത്ത് റൈഫിൾ ധറിയിൽവെച്ചു. ടെലിഗ്രാം പൊട്ടിച്ചു വായിച്ചു.

‘ഫാദർ. വെരി സീരിയസ്. സ്റ്റാർട്ട് ഇമ്മീഡിയററ്ലി.’

ചുററും പ്രകാശം. ആ പ്രകാശത്തിൽ കുറെ വൃത്തങ്ങൾ. അവ കറങ്ങികറങ്ങി ഒരു ബിന്ദുവായി മാറുന്നു. ആ ബിന്ദുവായിരുന്നു എന്റെ കണ്ണിൽ ഭ്രമി.

നിലത്ത് വീണതെപ്പോഴാണെന്ന് അറിയില്ല. ബോധം തെളിഞ്ഞപ്പോൾ ‘സാബുമാരും’ കൂട്ടുകാരും ചുററും കൂടിയിരുന്നു. അടുത്ത് ഒരു ടാക്സിവന്ന് നില്ക്കുന്നു.

‘‘ഹഫീൽ...തും ഘർ ജാവോ...ബാപ് ബീമാർ ഹെ...മത് രോ...ബായ്. തും ജൈസെ ലട്കെ രോ നാ? മത് രോ...’’

‘‘സാബ്...മേരാ ട്രങ്ക് ഔർ കിററ്...’’

‘‘സബീ ബേജുംഗാ...അബ് തും ജാവോ...’’

സൂട്ട്കെയ്സ് കയ്യിലെടുത്തു. യൂനിഫോമിൽതന്നെ ടാക്സിയിൽ കയറി. ഈറനണിഞ്ഞ കണ്ണുകളോടെ കൂട്ടുകാരോട് യാത്രപറഞ്ഞു. കണ്ണുകൾ ആ പ്രദേശത്തുനിന്ന് അകലാൻ മടിക്കുന്നപോലെ...

എക്സ്പ്രസ് വരുന്നതുവരെ സ്റ്റേഷനിലിരുന്നു. സൂട്ട്കെയ്സുമായി യാത്രക്കാർക്കിടയിൽ ലയിച്ചു. ശ്രദ്ധയോടെ അശ്രദ്ധമായൊരു ബിന്ദുവിലേക്ക് കണ്ണ് നട്ടുകൊണ്ടിരുന്നു. കൽക്കരിയുടെ പൊടി കണ്ണിലേക്ക് പറക്കുന്നു. വണ്ടിയേക്കാൾ വേഗതയിൽ ഹൃദയം പായുകയായിരുന്നു. മരങ്ങളും കെട്ടിടങ്ങളും പുറകോട്ട്പായുന്നു. വണ്ടിയിലിരുന്ന ഒരു ചെറുപ്പക്കാരിപ്പെണ്ണ് തന്നെനോക്കി പുഞ്ചിരിക്കുന്നു. എന്റെ മുഖത്ത് തീജ്വാല ആളിപ്പടരുകയായിരുന്നു. ദുഃഖത്തിന്റെ തീജ്വാല !

കോഴിക്കോട് സ്റ്റേഷനിലെത്താൻ വണ്ടി ദിവസങ്ങളെടുത്തു. സിററി സ്റ്റാൻറിലേക്ക് നടക്കാമായിരുന്നു. പക്ഷെ, അവിടെ ഞരങ്ങുകയും മൂളുകയും ചെയ്യുന്ന ‘നമ്പർ ഫോറോ’ ‘തെർട്ടിത്രീയോ’ കാണും. ടാക്സി പിടിച്ചു. ഇടവഴിക്കപ്പുറം കാർ നിർത്തുമ്പോൾ, എന്റെ ഹൃദയത്തിന്റെ സ്പന്ദനം...

ഞാൻ നടക്കുകയല്ലായിരുന്നു. ഓടുകയായിരുന്നു.

ഞാനങ്ങോട്ട് കയറിച്ചെല്ലുമ്പോൾ...

അതെനിക്കോർക്കാൻ വയ്യ. ഒന്നോർക്കാൻ കഴിയുന്നു. അഞ്ചുവയസ്സ് മാത്രം പ്രായമായ അനിയൻ കാലിലെ ബൂട്ടിന്റെ കെട്ടഴിക്കുന്നു. പാവം! അനിയൻ. അവനൊന്നുമറിയാത്ത കുഞ്ഞാണ്. ഭാഗ്യവാൻ !

ഏങ്ങിയേങ്ങിക്കരയുന്ന ഉമ്മയുടെ മടിയിൽ തലവെച്ചു കരഞ്ഞു. അനിയത്തിയുടെ മുഖത്തുനോക്കാൻ ശക്തിയില്ലാതായിരുന്നു. കണ്ണീരിന്റെ ഉപ്പുരസം നാവറിഞ്ഞു. കണ്ണീരിന്റെ നീർച്ചുഴിയിൽ ഞങ്ങൾ ആണ്ടാണ്ടുപോവുകയാണോ...?

ദൃഢഗാത്രനായ എന്റെ ഉപ്പയുടെ ശരീരം വീട്ടിലെത്തുമ്പോൾ വികൃതമായിരുന്നുവത്രേ ! തിരിച്ചറിയാത്തവിധം. ഫാക്ടറിയിലെ തീപ്പിടുത്തം. ഒരാത്മാർത്ഥ ജോലിക്കാരനും ഫാക്ടറി മാനേജരും ആ തീ കെടുത്തുന്ന തിരക്കിൽ സ്വന്തം ശരീരത്തെ മറന്നു. അവസാനം ? ഓർക്കുമ്പോൾ നെടുവീർപ്പുകൾ...

‘ഇല്ല. ഞാനിനി എങ്ങോട്ടുമില്ല. ഈ ലോകം എനിക്ക് വിലക്കപ്പെട്ടിരിക്കുന്നു, ഉപ്പയുടെ മയ്യത്തെങ്കിലും ഒന്ന് കാണാൻ കഴിഞ്ഞിരുന്നെങ്കിൽ ! ഇല്ല. ഞാനില്ല. എങ്ങോട്ടും.’

കോളേജിൽ പോകാൻ എല്ലാവരും നിർബ്ബന്ധിച്ചു. പോയില്ല. എന്റെ ഉപ്പയോടൊപ്പം. ഞാനെന്റെ കുടുംബത്തിന്നൊരു ഭാരമാണോ...?

ഉപ്പ കിടക്കാറുണ്ടായിരുന്ന കട്ടിലിൽ...

...ഞാനൊരു മൂട്ടയായ് മാറി. മററുള്ളവരുടെ രക്തം ഊററിക്കുടിക്കുന്ന മൂട്ട !

ജോലികളൊന്നും തിരക്കിയില്ല. ഉപ്പയുടെ കബറിന്നരികെനിന്ന് കരയും. എന്റെ ഉപ്പ. ആ ഓർമ്മകളുടെ തണലിൽ ഞാൻ...കമ്പനിയിൽനിന്ന് ലഭിച്ച പണംകൊണ്ട് ആദ്യമൊക്കെ കഴിഞ്ഞു. രണ്ടു വർഷത്തിലധികം ജീവിതത്തെ പഴിച്ചു. തന്നെ നശിപ്പിച്ചത് N. C. C. യാണോ?... ആണോ...? അല്ല. ഞാൻ ഡൽഹിയിലായിരുന്നപ്പോൾ ഉപ്പ മരിച്ചു. ഉപ്പ എന്തെല്ലാം പ്രതീക്ഷകൾ വളർത്തിക്കാണും ?—താനോ...

ഡോക്ടറെന്ന് കേൾക്കുന്നത് വെറുപ്പായിരുന്നു.

ഡോക്ടറാകാൻ കൊതിച്ച നിമിങ്ങഷൾ !

നിമിഷങ്ങളെ പഴിച്ചുകൊണ്ട് കണ്ണീർ തുടക്കുമ്പോൾ അയൽവക്കത്തെ സംസാരം കാതിൽ വന്നലച്ചു.

‘‘തന്ത മരിച്ചപ്പോ കാണാൻകൂടി പററീലാ. പോട്ടെ...കിട്ടിയ കാശോ...പോത്തുപോലെ ഒരുത്തൻ തിന്നു മുടിച്ചു. ഇനിയെങ്ങനാ...? ആ പെണ്ണുന്നോളുടെ വിധി !’’

അനിയത്തി യൗവ്വനത്താൽ ശ്വാസം മുട്ടുകയാണ്. കാണുമ്പോൾ ഹൃദയം ഞെട്ടുന്നു. എനിക്ക് സ്വാതന്ത്ര്യമില്ലേയെന്ന് തുടിക്കുന്ന ആ മാറിടം ചോദിക്കുന്നുണ്ടോ...?

ആ നിമിഷം തീരുമാനിച്ചതാണ്. എന്തെങ്കിലും ജോലി ലഭിക്കണം. സഫീലാ...വാഗ്ദാനങ്ങൾ ഞാൻതന്നെ പിൻവലിക്കുന്നു. വർഷങ്ങളോളം നീയെന്നെക്കാത്തിരുന്നു. ഇന്ന് ഞാനിതാ, ചുററും ഇരുൾ മൂടിയ ഒരു ദ്വീപിൽ. അന്യർക്ക് പ്രവേശനമില്ലാത്ത മിലിററി കേമ്പിൽ.

ഞാനെന്നെ മനസ്സിലാക്കട്ടെ. ഇവിടെ ഞാൻ സമാധാനം കണ്ടെത്തുന്നു. മരണത്തെ വെല്ലുവിളിക്കുന്ന മനുഷ്യരാണിവിടെ. ദയാരഹിതമായ ലോകം.

എന്നെ മറക്കൂ പെൺകുട്ടീ...ബന്ധങ്ങളിൽനിന്നും, ബന്ധനങ്ങളിൽനിന്നും, ഞാൻ സ്വതന്ത്രനാണ്. പൂർണ്ണമായും. ഒരു യുദ്ധത്തിനുള്ള കളമൊരുങ്ങുകയാണ്. ഇനി ഇതുപോലൊരു ലെററെഴുതാൻ പററിയെന്ന് വരില്ല. ശത്രുവിന്റെ മുന്നിൽ ഞാനെന്റെ മാറിടം തുറന്നിടുന്നു. ജീവിക്കുകയല്ല ലക്ഷ്യം. മരിക്കുകയാണ്. നിന്റെ പ്രിയപ്പെട്ട ഹഫീലിനെ വീണ്ടും കാണാമെന്ന് പ്രതീക്ഷിക്കുന്നത്...ആഗ്രഹിക്കുന്നത്...

ഞാൻ നിന്നോട് മാപ്പ് ചോദിക്കുന്നു. എന്റെ ജീവിതത്തിന്റെ വഴിത്തിരിവ് N. C. C. യാണ്. റൈഫിളിനെ ഭാര്യയേക്കാൾ സ്നേഹിക്കാണമെന്ന് എന്നെ പഠിപ്പിച്ച N. C. C. സുന്ദരമായ ജീവിതം ആസ്വദിക്കുക. നിന്നിലെ മധുവുണ്ണാൻ ഈ ചിത്രശലഭത്തിന് ഭാഗ്യമില്ല. എല്ലാം അപ്രതീക്ഷിതമാണെന്ന് തോന്നുന്നു.

ചീറിപ്പായുന്ന വെടിയുണ്ടകൾക്കിടയിലും ഞാൻ നിന്നെമാത്രം ഓർക്കുന്നു. ഓർക്കരുതെന്ന് പലതവണ കരുതുമ്പോഴും ഓർക്കാപ്പുറത്ത് ഓർമ്മകൾ ഓടിവരികയാണ്. മഞ്ഞിൽകുളിച്ച ഈ മലഞ്ചെരുവിൽ, ഹൃദയത്തിന്റെ അവസാന സ്പന്ദനം നിലക്കുന്നതുവരെയും, ആ ഒരു ബിന്ദുവിൽ ഞാനെന്റെ ഓർമ്മകളെ കൊരുക്കും—സഫീലയെന്ന ബിന്ദുവിൽ.

സഫീലാ......ലോകമേ......എനിക്ക് മാപ്പ്. ഒപ്പം വിടയും. എന്നെന്നേക്കുമായി. ഉപ്പാ...ഉപ്പയുടെ മകൻ ഇന്ന് ചീഞ്ഞളിഞ്ഞ ശവങ്ങൾക്കിടയിലല്ല. ജീവനുള്ള പീരങ്കികൾക്കും, വെടിയുണ്ടകൾക്കുമിടയിൽ.

മരിച്ചുപോയാൽ, ഒരു ദിവസം കരയുകയും, ഒരാഴ്ച ദുഃഖിക്കുകയും, ഒരു വർഷം ഓർക്കുകയും ചെയ്യുന്ന കപടത നിറഞ്ഞ ലോകമേ...

ഞാനിതാ എന്റെ റൈഫിളിന്റെ കൂടെ.

മരിച്ചു എന്നറിയുമ്പോൾ ആരും കരയാതിരിക്കുക. കരഞ്ഞിട്ട്—?

പ്രിയപ്പെട്ട പെൺകുട്ടീ...എനിക്കുപകരം സുന്ദരനായ മറെറാരു യുവാവിനെ...

അതാ, പരേഡിനുള്ള വിസിൽ...

തൂലികയിലെ മഷി വററുന്നു.

വല്ലപ്പോഴും ഓർക്കാൻ ശ്രമിക്കുമ്പോൾ സ്നേഹത്തോടെ മാത്രം...

പ്രതീക്ഷകൾ ഇവിടെ ചാമ്പലാകുന്നു. പെൺകുട്ടീ...ഒരിക്കൽക്കൂടി, മാ...പ്...പ്...പ്പ്.

നിന്റെ ഹഫീൽ

ചെറുകഥ:

# നക്ഷത്രങ്ങളുടെ ഗാനം

ഏമി

—ഏതോ നിമിഷാർദ്ധത്തിൽ സ്വപ്നത്തിന്റെ ചുരുളുകളിൽ സ്വയം തളച്ചിടുമ്പോൾ ഞെട്ടിയുണർന്നു!—മുറിയിലെ ശൂന്യതയിൽ അന്ധകാരം വലകെട്ടിപ്പാർത്ത നിശ്ശബ്ദത! രാത്രിയുണർന്നു കരയുന്ന തണുത്ത ഭൂമിക്കു മുകളിൽ, തുടികൊട്ടിപ്പാടി നടക്കുന്നതാരേ?......

—ജനലഴികളിൽ തണുപ്പ് മയങ്ങിക്കിടന്നു. ആകാശത്തിൽ മഴമേഘങ്ങൾ മടങ്ങിപ്പോയ താഴ്‌വാരത്തിൽ കണ്ണും നട്ടിരിക്കെ, ചിന്തകളിൽ ഞാനെന്ന അസ്തിത്വത്തിന്റെ ചിറകടി—

കഴിഞ്ഞുപോയ ഒരുപാട് രാത്രികളിൽ, ഉറക്കം നഷ്ടപ്പെടുത്തിയതിന്റെ ക്ഷീണം കണ്ണിൽ ചുമപ്പ് വിതറി, ബോധമണ്ഡലത്തിൽ ബോധക്ഷയമൊഴുക്കിനടന്നു—എന്നിട്ടും, താളം തെററാത്ത ഈണത്തിൽ, ചിലമ്പിച്ച സ്വരത്തിൽ, ഞാനുറക്കെപ്പറഞ്ഞു നടന്നതെന്തായിരുന്നു?—

—ദ്രവിച്ചുകൊണ്ടിരിക്കുന്ന ഹൃദയത്തിന്റെ നിഴല്പാടുകളിൽ അഭയം തേടിയെത്തിയവരെ തിരിച്ചയക്കുമ്പോൾ, എപ്പോഴും സ്വരത്തിൽ വിറയാർന്നിരുന്നു—

ഈ ഹൃദയത്തിന്റെ നിഴല്പാടിൽ, തണൽത്തുള്ളികളിററിവീണ തണുപ്പില്ലതന്നെ. വ്യർത്ഥമായ അലച്ചിലിന്നുശേഷം നിങ്ങളിവിടെത്തളർന്നുവന്ന് കയറുമ്പോൾ നിഴല്പാടുകൾക്കുള്ളിൽ വെറും വെയിൽനാളങ്ങൾ മാത്രം—പിന്നെ ദ്രവിച്ച ഹൃദയത്തിന്റെ ഉടമസ്ഥാവകാശത്തിന്നെത്തുന്ന വിഡ്ഢിത്തം ബാക്കി—!

......അമ്മയുടെ കണ്ണിലെന്നും നനവൂറിക്കിടന്നു. അകലങ്ങളിൽപ്പോയി, രണഭൂമിയിലൊരുതുണ്ട് മാംസം ബാക്കിയാക്കി, അച്ഛനെന്ന ആത്മാവിനുവേണ്ടി അമ്മയേറെക്കരഞ്ഞു. അകങ്ങളിൽ പാദസരമണി കിലുക്കമെതിർത്തുനടന്ന പെൺകുട്ടി, അച്ഛനെ കണ്ടില്ല. അച്ഛനെ ഓർത്തില്ല. പകരം, അമ്മയെന്ന, അമമൂമ്മയെന്ന, ചെറിയലോകങ്ങളിൽ സ്വന്തം സ്വപ്നങ്ങൾ തളച്ചിട്ടു.

......നിലാവിററുവീണ മുററങ്ങളിൽ കുഞ്ഞുടുപ്പുകൾക്കുപകരം, പാവാടകളും, സാരികളും ഉണക്കം കാത്തുകിടന്നപ്പോൾ പെൺകുട്ടിയ്ക്ക് ഞാനെന്ന വ്യക്തിത്വവും സ്വന്തം മേൽവിലാസവും ഒരുക്കാൻ ധൃതി!—

അന്ന്, ആകാശത്തിൽ നക്ഷത്രപ്പൂക്കൾ വിടരാൻ തുടങ്ങുന്ന വസന്തം. ഉല്ക്കകളെരിഞ്ഞു ചിതറിയിരുന്ന രാത്രിയിൽ, നക്ഷത്രപ്പൂക്കൾക്ക് നിറവും, ഗന്ധവും നല്കാൻ കൊതിക്കുന്ന മനസ്സോടെ, സ്വപ്നങ്ങൾ കണ്ട് അവളുറങ്ങി; ഉറക്കം നടിച്ചുകിടന്നു—

ഇന്നും, അമ്മ കൺതടത്തിൽ നനവൂറിയിട്ട്, തളർന്നുറങ്ങവെ, സ്വപ്നങ്ങളുടെ നീലിമ കൺപീലികളിൽ ഒളിച്ചിരിക്കെ, ഏകാന്തതയിൽ ഞെട്ടിയുണർന്നു—ജനലഴികളിലെ തണുപ്പിൽ മുഖമമർത്തി—നനവൂറിയ ഭൂമിക്കുമീതെ വിടരാൻ വെമ്പി മൊട്ടുകളുണർന്നിരിക്കെ, ഭൂമിക്കുള്ളിൽ ദാനജലം പരന്നൊഴുകവെ—എന്തിനേ ഇങ്ങിനെ നില്പ്പൂ?—

നക്ഷത്രങ്ങൾ വിടരാത്ത ആകാശത്തിലെന്റെ, നക്ഷത്രം വിരിയാത്ത കണ്ണും നട്ട്, സ്വയം മറന്നിരിക്കുമ്പോൾ, ദൂരെ ഗാനം—ഗാനത്തിലെ മാറെറാലികൾ വർണ്ണത്തുമ്പികളായ് ചുററിലും പിടഞ്ഞെണീററ് നൃത്തംവെയ്ക്കുന്നു. മനസ്സിൽ, ചിന്തയിൽ, വർണ്ണത്തുമ്പിച്ചിറകടിയും, ഗാനത്തിന്റെ മാറെറാലിയും കടത്തിവിടുന്നതാരേ?......

—പെട്ടന്നാകാശത്തിന്റെ കൊല്ലിമൂലകളിൽ നക്ഷത്രപ്പൊട്ടുകളുണർന്നു! അവ ഇരുട്ടിലുറങ്ങിയ ഉദയപർവ്വതത്തിന്ന് കീഴെ, മഴമേഘങ്ങളോടിപ്പോയ പാതയിൽ നിരന്നു—

നക്ഷത്രങ്ങളുടെ നീണ്ട ഘോഷയാത്ര! നക്ഷത്രങ്ങളുടെ ഗാനം—

നക്ഷത്രങ്ങളുടെ മുഖഛായയിൽ പരിചിതത്വം കണ്ടെത്തവെ, ഞാനെന്തേ, ഞെട്ടുന്നു? അമ്മയുടെ കരഞ്ഞുകലങ്ങിയ മിഴികളും, മുത്തശ്ശിയുടെ ഉണക്കം ബാധിച്ച കൈവിരലുകളും, വേർതിരിച്ചറിയുന്നു—

പാതയ്ക്കിരുവശവും, ഇന്നലെവരെ പൂത്തുനിന്നിരുന്ന മരങ്ങളിൽ കരിയിലകളുഞ്ഞാലാടുന്നു—മുളങ്കാടുകളിൽ രോദനം അലച്ചാർത്തുനടക്കുന്നു!

തൊങ്ങകളണിഞ്ഞും, അണിയാതെയും സുഹൃത്തുക്കളെന്ന നാട്യവുമായി നീണ്ട നിരയിൽ പരിചിതൻ—ആത്മാർത്ഥതയുടെ ഈ മേലങ്കിയ്ക്കിടയിൽ,

നിങ്ങളെന്ന യാഥാർത്ഥ്യത്തെ കണ്ടെത്തിയ ത്രിസന്ധ്യയിൽ ഞാൻ ഞെട്ടിത്തെറിച്ചു; സത്യം.

അന്ന്, ദുഃഖമെന്തെന്നറിയാതെ, ഞാനെന്റെ ചെറിയലോകത്തിൽ ചിറകുകളൊതുക്കി ഉറക്കം തൂങ്ങിയിരിക്കുമ്പോൾ—

കണ്ണിൽ നക്ഷത്രത്തിളക്കവും, ചുണ്ടിൽ ചുമപ്പുമായി കടന്നുവന്ന് വിരുന്നിന് ക്ഷണിച്ച അരിപ്പിറാവ് !

അവന്റെ മുന്തിരിത്തോട്ടങ്ങളിലന്ന്, സുഗന്ധമലിയിച്ചുവെച്ച വിളഞ്ഞ മുന്തിരിക്കുലകൾ പഴുത്തുകിടന്നു.

—പുതിയ ഹൃദയത്തിന്റെ കവാടത്തിൽ ചിറകടിച്ചുനിന്ന അരിപ്പിറാവിനോടന്നു പറഞ്ഞതെന്തേ—

—''പോകൂ..., എനിക്കാ മുന്തിരിത്തോട്ടം തീർത്തും അപരിചിതമാണ്...എനിക്കെന്റെ വലയങ്ങളിൽതന്നെ ഒളിച്ചിരിക്കാൻ മോഹം—''

—ഇപ്പോഴിതാ ഈ നക്ഷത്രങ്ങൾക്കിടയിൽ, ഒററതിരിഞ്ഞ ഈ കണ്ണുകളും, അവയിലെ നക്ഷത്രപ്പൊട്ടും കണ്ടെത്തുന്നു !

ഉദയം കഴിഞ്ഞേറെ വൈകിയാണ്, ഇത്തവണ നിങ്ങളെത്തിയത്. ഇനി അസ്തമനത്തിന്റെ അഗ്നിനാളങ്ങൾ തെളിയുന്നതുകൂടെ കാത്തുനിൽക്കൂ, അരിപ്പിറാവേ...

...നോക്കി നോക്കിയിരിക്കേ, വേടന്റെ കാലൊച്ചകേട്ട് എന്റെയുള്ളിന്റെയുള്ളിലെ പുള്ളിമാൻ കുതിച്ചോടാൻ വെമ്പുന്നു. ഹൃദയത്തിന്നകത്തൊരു കമ്പിവേലിക്കുള്ളിൽ ഞാനീ മാൻകിടാവിനെ തളച്ചിട്ടപ്പോൾ ഒരിക്കൽ ഉറക്കെപ്പറഞ്ഞിരുന്നില്ലേ,

''ഇല്ല ! എന്റെ മാൻകിടാവിനെ ഞാനൊരിക്കലും തരില്ല ! ഇതെന്റേതാണ്—''

എന്നിട്ടും പകലുകളിലോരോന്നിലും പുതിയ വേടന്മാർ വന്നു. അവരുടെ അമ്പുകളിൽ രക്തവും മജ്ജയും തറഞ്ഞുനിന്നപ്പോൾ മാൻകിടാവ് പിടഞ്ഞു—

രാത്രിയുടെ അന്ത്യയാമങ്ങളിൽ, അതെന്റെ ഉള്ളിൽക്കിടന്ന് തേങ്ങി. തേങ്ങലടർന്നുവീണിടം പൊള്ളിക്കരിഞ്ഞു. വേടന്മാർ തിരിച്ചുപോകുമ്പോൾ കരിഞ്ഞ തടങ്ങളിൽ മറന്നിട്ടുപോയ ദുഃഖത്തിന്റെ വിത്തുകൾ—

ദുഃഖം കിളിർത്തു; തളിർത്തു—

ദുഃഖമെന്തെന്നറിഞ്ഞു, ദുഃഖത്തിന്റെ ഒരംശമായി തീർന്നു—പിന്നെ സ്വയമുണർന്നിരുന്നേറെ പാടി—

'ഞാൻ ദുഃഖമായിരുന്നെന്നും...എന്നിൽ ദുഃഖമായിരുന്നെന്നും......'

—ചിന്തകളിൽനിന്നുണർന്നപ്പോഴാണ് കണ്ടത്. നക്ഷത്രങ്ങളുടെ നീണ്ട ഘോഷയാത്രയ്ക്കു മുന്നിലെ കറുത്ത പെട്ടി. അതിൽ, നിശ്ചലതത്വത്തിൽ, മയങ്ങിക്കിടക്കുന്ന ഞാൻ ? !

—എന്റെ മുഖഛായയും, എന്റെ സ്വന്തം പേരുമുള്ള പെൺകുട്ടിയെക്കുറിച്ചും, അവളുടെ മുറിവേററ് കരിഞ്ഞുപോയ ഹൃദയത്തെക്കുറിച്ചും, ഇവരെന്തോ പാടുന്നു—

നക്ഷത്രങ്ങളുടെ ഗാനം, ഈ വിലാപഗാനം !

ഈ ശ്മശാനയാത്രയെനിക്കുവേണ്ടി—

......നീണ്ട ഘോഷയാത്ര, ഗാനമുതിർത്ത് ഉദയപവ്വതത്തിന്റെ ഉച്ചിയിലെത്തി. തിരക്കിൽ കറുത്ത പെട്ടി കാണാതെ പരിഭ്രമിക്കവെ,

ആകാശത്തിലൊരു അഗ്നിഗോളമായുണർന്ന സൂര്യൻ—നക്ഷത്രങ്ങളെ വിഴുങ്ങിയ അഗ്നിനാളങ്ങളിൽ, എന്റെ നിശ്ചലതത്വം അലിഞ്ഞു—ഞാനില്ലാതായി.

വെണ്മേഘത്താടിയുതിർത്തിട്ട്, ആകാശം, വെ ളുക്കുകയാനിരിക്കുന്നു......

......തണുത്ത കൈപ്പടം ചുമലിലമർന്നപ്പോൾ, ഉണർന്നു !......

വീണ്ടും, അമ്മയുടെ നനഞ്ഞ കവിൾത്തടം തൊട്ടുപിന്നിൽ ! അപ്പോൾ, ഇന്നലെ നക്ഷത്രങ്ങളുടെ ഘോഷയാത്രയിൽ വിലാപഗാനമുതിർക്കുമ്പോഴും അമ്മ കരയുകയായിരുന്നോ ?—

വേടന്മാരെയ്തിട്ട അമ്പുകൾ തട്ടി ഓട്ടയായിപ്പോയ ഹൃദയത്തിന്നാണോ അർബുദമെന്ന ഓമനപ്പേര് ?—

മേശപ്പുറത്ത് കമഴ്ന്ന് കിടന്നുറങ്ങിയ പുസ്തകങ്ങളിൽ, ചുളിവുപറ്റാത്ത കിടക്കയിൽ കണ്ണെറിഞ്ഞ് അമ്മ ചുണ്ടനക്കി :

—''നീയപ്പോൾ ഉറങ്ങിയില്ല, അല്ലേ? രാത്രി മുഴുവൻ തണുപ്പേററ് ഉറക്കമിളച്ചാൽ രോഗം മാറുമോ ?''

അതിലപ്പുറം പറയാനാവാതെ അമ്മ തേങ്ങി—

അല്ലെങ്കിലും ഈ രോഗം ഭേദമാകില്ലെന്ന് പറയാൻ, കടന്നുവരുന്ന ഡോക്ടർ ഇന്നും വരും !— വെറുതെ—

ഭൂമിയിൽ, നക്ഷത്രങ്ങളൊരു ഘോഷയാത്രയായ്, വിലാപ ഗാനമുതിർക്കുമ്പോൾ, തണുത്ത ശരീരത്തിലെന്റെ ദ്രവിച്ച ഹൃദയം സൂക്ഷിക്കുവാൻ തിടുക്കം—അതെന്നാണാവോ ?......

# നമ്മുടെയും കഥ

കിരാതദാസ്

വീണ്ടും ഒരു പരിദേവനം തീർന്ന അവസാദമായി, ഗായത്രി.

സന്ധ്യയുടെ നഖങ്ങളിൽനിന്ന് അവൾക്കൊരിക്കലും മോചനമില്ലായിരുന്നു. മദ്ധ്യാഹ്നത്തിന്റെ നൂലാമാലകളിലൂടെ ഊർന്നിറങ്ങിവന്ന സന്ധ്യ. ഗായത്രിയുടെ സ്വതസ്സിദ്ധമായ ദൗർബ്ബല്യങ്ങൾ അവളുടെ മുഖത്ത് ഒരായിരം വാടിയ പുഷ്പങ്ങളായി. അയാളുടെ മടിയിൽ അവൾ തലചായ്ച്ചു.

സന്ധ്യയുടെ പക്ഷിയാകട്ടെ, വീണ്ടുമൊരിക്കൽ പുഴ കടന്നുവന്ന അയാളേയും ഗായത്രിയേയും കാണാനായി താഴ്‌വാരങ്ങൾ താണ്ടിവന്നതായിരുന്നു. യുഗത്രയങ്ങളുടെ ചിറകുകൾപൂട്ടി, അത് അനേകം ഭൂതസ്മരണകളുടെ ശൈത്യമുള്ള മുട്ടയിട്ടു. സൂചനകളുടെ ഭജനാവലികൾ പാടി. ഗായത്രി, രക്തം വാർന്നുപോയ മുഖത്തോടെ അയാളെനോക്കി. അവളുടെ സ്മൃതിപഥത്തിലെവിടെയോ അപസരണങ്ങളുടെ തണുത്ത മെത്തയിൽ കുരുങ്ങിപ്പോയ അച്ഛനെ ഓർത്തു. പിന്നെ, കൊഞ്ചി

—കഥ, ഉം വേഗമൊരു കഥ.

—മോളേ, അയാൾ പറഞ്ഞു, നീ നിന്റെ ദുഃഖങ്ങൾ മറക്കൂ. കേൾക്കൂ, സന്ധ്യയുടെ ഭജനാവലികൾ കേൾക്കൂ. നമ്മുടെയൊക്കെ സ്വപ്നങ്ങളിൽ നിഴൽവിരിച്ച സമൃദ്ധതാഴ്‌വരയിൽനിന്നു് വരുന്ന ഈ കാററ്—

കാരണം എന്തും മറക്കാൻ പഠിച്ച അയാൾക്കങ്ങിനെയൊക്കെയേ പറയാൻ സാധിച്ചിരുന്നുള്ളൂ. എന്നും കൈമുതലായുള്ള നിശ്ശബ്ദതയിലൂടെ അയാൾ പ്രകൃതിയുടെ ഋതുഭാഗം ശ്രദ്ധിക്കുകയായിരുന്നു. അവിടെ, വർഷം കാലംതെററി വരാനുള്ള ഭാവമായിരുന്നു. തമ്പുരുവീണ ഞാറുകൾ അകലെ വരമ്പിലേക്കു് ചാഞ്ഞുകൊണ്ടിരുന്നു. അയാളോർക്കുകയായിരുന്നു, ഒരു ജലപാതവ്യംകാത്ത്—

അപ്പോഴാണ് ഈ വിരാമം. ഗായത്രിയുടെ ഈ ശാഠ്യം.

സന്ധ്യയുരിഞ്ഞിട്ട ശൈത്യത്തിന്റെ ആദ്യത്തെ ഉറയിൽ അയാൾ നഷ്ടപ്പെട്ട കഥകൾ ചികഞ്ഞു. അതോടെ അയാളുടെ കഷ്ടപ്പാടും തുടങ്ങി. ഗായത്രി, കൂർത്ത നഖങ്ങളാൽ അയാളുടെ പിൻകഴുത്തിൽ മുറിവുകളേല്പിച്ചുകൊണ്ടിരുന്നു. അവളുടെ സ്വാസ്ഥ്യം പരിപൂർണ്ണമായും ഭഞ്ജിക്കപ്പെട്ടുകഴിഞ്ഞിരുന്നു. ജന്മശാപങ്ങളുടെ ഭ്രൂഭംഗത്തോടെ അവൾ സന്ധ്യാകാശത്തേക്കു്നോക്കി. അതെയതെ, അയാൾ കരുതി, നിർഗമത്തിന്റെ ചിറകുകളന്വേഷിച്ച് അവൾ വീണ്ടും പരാജയപ്പെടിരിക്കുയാണ്.

—വേഗം തുടങ്ങൂ. എനിക്കൊരു കഥ കേട്ടേ മതിയാകൂ.

ഏതു കഥ? അയാൾ ചോദിച്ചു. ഹാർബറിലെ പെൺകുട്ടിയുടെ? ആ പഴയ കഥ?

—ഹോ, നോ. സന്തോഷം മാത്രമുള്ള കഥ.

—അതു പറയുമ്പോൾ സന്ധ്യയുടെ വിഷം സിരകളിലെത്തി അവളുടെ മുഖം കുറേശ്ശെ നീലനിറമായിത്തുടങ്ങിയിരുന്നു.

അങ്ങിനെ അയാൾ പറഞ്ഞുതുടങ്ങി.

പണ്ട് പണ്ട് ഒരു നിശ്ശബ്ദസാമ്രാജ്യം. അവിടെ മഞ്ഞിന്റെ പരിവേഷമണിഞ്ഞ ഒരു സമൃദ്ധതാഴ്‌വര. രണ്ടു കുന്നിൻ ചരിവുകൾക്കു നടുവിൽ അവസാനിക്കാത്ത പരിവ്രജനത്തിന്റെ പ്രശാന്തതയോടെ കാലത്തിന്റെ മറവിയായി അതു പച്ചപിടിച്ചുകിടന്നു. അവിടെ നിശ്ശബ്ദതയ്ക്കു് ഒരു കണ്ണാടിമാളിക. ചിൽഗൃഹത്തിനകത്ത് ഉമ്മറവ്യം ഇരുട്ടറകളും മരണത്തിന്റെ തണുപ്പാർന്നു്കിടന്നു. അവയ്ക്കു് ചിൽവാതിലുകളും ചിൽച്ചുമരുകളും മോഹാന്ധതയുടെ മൂടുപടമണിഞ്ഞു. താഴ്‌വരയിൽ തപസ്സിരുന്ന കണ്ണാടിമാളിക. തപസ്സിനു് മൗനത്തിന്റെ ദിവ്യപുഷ്പങ്ങൾ നൽകിയ വസന്തം.

ഗായത്രി അയാളെ തടഞ്ഞു.

—പ്ലീസ് നോ മോർ ഓഫ് ദിസ്. എനിക്കു് കഥമാത്രം കേട്ടാൽമതി.

അവിടെയൊരു രാജകുമാരി. അവൾ, കാത്തിരിക്കാനായി മാത്രം സൃഷ്ടിക്കപ്പെട്ടവളായിരുന്നു. എന്നും എപ്പോഴും അവൾ രഥംകാത്തു. മാളികയുടെ തണുത്ത ഏകാന്തതയിൽ അവൾ അകാരണമായി ഭയന്നു. തന്റെ ജന്മദുഃഖമോർത്തു കരഞ്ഞു. കോടയിറങ്ങിയ പ്രഭാതത്തിൽ, രക്തരേഖകൾവീണ സന്ധ്യയിൽ അവൾ മട്ടുപ്പാവിൽനിന്നു് പുറത്തേക്കു നോക്കി. സ്വർണ്ണരഥമുണ്ടോ? മാലാഖമാരുടെ സ്വർണ്ണരഥമുണ്ടോ?

വല്ലപ്പോഴുമൊരിക്കൽ അകലെനിന്ന് അവളുടെ തമ്പുരാൻവന്നു. അപ്പോഴെല്ലാം തമ്പുരാന്റെ മാറിൽ

സ്വയം നഷ്ടപ്പെടാൻ ശ്രമിച്ച്, കൺപീലികളിൽ അസ്കിതദുഃഖത്തിന്റെ നീർകണങ്ങളോടെ അവൾ പറഞ്ഞു, എന്റെ രഥം ഇനിയും വന്നില്ല.

പിന്നെയൊരു സംയോഗാലസ്യത്തിൽ അവളെ ഉപേക്ഷിച്ചിട്ട് തമ്പുരാൻ പോയി. കുതിരക്കുളമ്പടിശബ്ദം താഴ്‌വരയെ വീണ്ടുമൊരു നിശ്ശബ്ദതയിലാഴ്ത്തി അകലുമ്പോൾ രാജകുമാരി ഒരനുനാദത്തിനായി കാത്തു.

'പ്ലീസ്,' ഗായത്രി തേങ്ങി. 'ഐ വാൺടുബി ഹ്യാപ്പി.'

പക്ഷേ, കഥയുടെ താളാത്മകതയിൽ അയാൾ ഒരു പ്രശാന്തതയുടെ പ്രണാളികളിൽ വീണുപോയിരുന്നു. ആ നിർവൃതി മുറിക്കാൻ ഗായത്രിക്ക് കഴിഞ്ഞില്ല. അയാൾ പറഞ്ഞുകൊണ്ടേയിരുന്നു.

ആ രാജകുമാരിയുടെ ഞരമ്പുകളിൽ നിസ്സംഗത മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഭയങ്ങൾ സൃഷ്ടിച്ച നിസ്സഹായതയിൽ അവൾ യുഗങ്ങളുടെ നിർജ്ജനത മാത്രം കണ്ടുകൊണ്ടിരുന്നു. അവളുടെ സ്വപ്നങ്ങളിൽ മരണാന്ധതയുടെ കരിനിഴലുകൾ വീണിരുന്നു. ഒരിക്കലും വരാത്ത സ്വർണ്ണരഥംകാത്ത് അവൾ–

ഗായത്രി വിയർത്തുകൊണ്ടിരുന്നു. ആയിരം സ്വേദകണങ്ങൾക്കു നടുവിൽ അവളുടെ മുഖം അപരിചിതമായിരുന്നു അയാൾക്ക്.

എന്നിട്ട് രഥം വന്നില്ലേ? അത് ഒരിക്കലും വന്നില്ലേ? അവൾ ചോദിച്ചു. ഐയാം ഗെറ്റിങ്ങ് റസ്റ്റ്ലസ്സ്.

ഉഷ്, ഉഷ്. അവസാനമൊരു സന്ധ്യയിൽ–

ഗായത്രി, ഉയർന്നുവന്ന ഹൃദയസ്പന്ദനത്തിൽ ഒരു നിമിഷമന്ധയായി.

ഒരു സന്ധ്യയിൽ നിർഗ്ഗമത്തിന്റെ രഥംവന്നു. ഒരു നിമിഷം കണ്ണടച്ചു തുറന്നപ്പോൾ രാജകുമാരി സ്വർണ്ണരഥം മുന്നിൽകണ്ടു. ദൂരകാലങ്ങളിലെത്താനായി അവൾ ശീതക്കാററുപോലെ ഓടി. ഗായത്രി, അയാളെ ഒരു ശക്തമായ ആലിംഗനത്തിൽ ബന്ധിച്ചു: ഒരനുനാദത്തിന്റെ ലഹരിയിൽ, ചുംബനങ്ങൾ കൊണ്ടയാളുടെ ശബ്ദത്തെ പ്രതിബന്ധിച്ചു.

പക്ഷേ, അയാൾ തുടർന്നു, സന്ധ്യയിൽ മാലാഖമാരുടെ സ്വർണ്ണരഥം ചലനശേഷിയില്ലാതെ നിന്നു.

--ഒരായിരം അത്ഭുതപുഷ്പങ്ങൾക്കു മുന്നിൽ ഗായത്രിയിൽനിന്ന് കണ്ണുകൾ പറിച്ചെടുക്കാൻ ശ്രമിച്ചുകൊണ്ടയാൾ മുഴുമിപ്പിച്ചു--

രഥത്തിന് ചലിക്കാൻ ചക്രങ്ങളോ പറക്കാൻ ചിറകുകളോ ഇല്ലായിരുന്നു.

അതിശക്തമായ ഒരുന്മാദത്തിന്റെ ഗഹനതയിൽപെട്ടുപോയി, ഗായത്രി, അപ്രതീക്ഷിതത്വം സൃഷ്ടിച്ച ഘനധ്വനിയിൽ അവളുടെ സപ്തനാഡികളും തളർന്നു. വല്ലായ്മയോടെ അവൾ പ്രതിഷേധിച്ചു. 'നോ നോ, ഇററ് ഈസ് ഇംപോസിബിൾ'.

അയാളുറക്കെ ചിരിച്ചു.

അവൾ പറഞ്ഞ സത്യമോർത്ത് പൊട്ടിപ്പൊട്ടി ചിരിച്ചു. അസാദ്ധ്യതകൾതന്നെ. അസാദ്ധ്യതകൾ. അയാളുടെ ചിരിയുടെ അലകളിൽ ദുഃഖപ്രതിഷേധങ്ങളുടെ ദ്വേഷ്യത്തോടെ മറെറാരു രാജകുമാരിയായി, ഗായത്രി. അവൾ ചോദിച്ചു.

എപ്പോളുമെന്താണീ ദുഃഖകഥകൾ മാത്രം ?

അവളുടെ മാറിടത്തിൽ മുഖമമർത്തി, അയാൾ, അവളുടെ കൈകൾകൊണ്ടൊരു ബന്ധനംസൃഷ്ടിച്ചു. വികാരവിവശനായി.

എന്തുചെയ്യാം മോളേ. അവേക്ഷകരായ നമ്മുടെ ഭ്രഷ്ടബുദ്ധിയിൽ അവയേ വിടരൂ. നാം മനുഷ്യരല്ലേ.

പിന്നെ, സന്ധ്യപോയി രാത്രിവന്നപ്പോൾ തിരിച്ചുവന്ന അയാളുടെ ഉപലബ്ധിയുടെ ചെറിയ ശിഥിലതകളിൽ ഒരു മഴയുടെ നേർത്ത കണങ്ങൾ വീണു. മറെറാരു നിമിഷത്തെ സ്വാസ്ഥ്യത്തിന്റെ ഉപഷ്ടംഭമാക്കാൻ ശ്രമിച്ചുകൊണ്ട്, ഉണർവ്വിന്റെ ഗന്ധം ശ്വസിച്ചുകൊണ്ടയാൾ ഓർത്തു, ഇനിയും, ഒരുപക്ഷേ ഒരിക്കലും ഋതുവാകാത്ത മഴ.

# നീ വരില്ലേ ?

ഉസ്മാൻ, മാറഞ്ചേരി, Ist B. Sc. Chemistry

ദിവ്യാനുഭൂതി പറന്നുപൊങ്ങി
ദിവ്യസുരഭി നീവന്നരാവിൽ,
മാസ്മരവിശ്വത്തിലെത്തിയന്നാ-
മാന്യമംഗല്യേ നീവന്നരാവിൽ !

മന്ദസ്മിതംതൂകി വന്നണഞ്ഞൂ
മാനിനി നീയെന്നരികിലെത്തി.
പുൽകിയണച്ചുഞാൻ നിന്നെയപ്പോരം,
പൂക്കരംനിലാവിൽ കുളിച്ചുനിൽക്കേ.

സ്നേഹനിബിഡമാമെൻഹൃദയം
സ്നേഹക്കടത്തിന്നു കാഴ്ചവെച്ചു.
മെയ്യോടുചേർന്നുനിന്നാസമയം
മെല്ലെത്തുടിച്ചില്ലെ നിൻഹൃദയം!

* * *

നിന്നെപ്പിരിഞ്ഞുഞാനേകനായീ,
നിൽക്കയാണെങ്കിലു മെൻെറഹൃത്തിൽ
കാണുന്നുഞാനെൻെറ പൂമൊഴിയെ
കണ്ണീർപൊഴിക്കും മിഴിയുമായി.

നിദ്രയൊഴിച്ചു ഞാൻ കാത്തിരിക്കാം
നിത്യസൗരഭ്യമേ നീവരില്ലേ ?
നീറുംമനസ്സിന്നു് ശാന്തിയേകാൻ
നീവരില്ലേ ? ചൊൽകെന്നപ്സരസ്സേ !

# നിഴലുകൾ

സുബ്രഹ്മണ്യൻ സി. പി., II B. Sc. Zoology

അനന്തമാകുമീ ജീവിതവീഥിയിൽ,
മരവിച്ച മയങ്ങിയ മനുഷ്യമനസ്സുമായ്
എവിടേയ്ക്കോ, എവിടെനിന്നോ
അലയുന്നു....നിഴലുകൾ, വെറും നിഴലുകൾ

സുഖം വെറും ക്ഷണികങ്ങളായി,
മിഥ്യയായ് മാറുന്നു ഈശ്വരനും,
ഈശൈത്യ മരുഭൂമിയാകും മനസ്സിൽ—സ്നേഹം
പൊയ്മുഖങ്ങളാം കനകമറയിൽ പിടയുന്നു—

മോഹമുകുളങ്ങൾ സ്നേഹജലംതേടി,
വാടിക്കരിഞ്ഞുപോയ് ഒന്നും വിടരാതെ,
സ്നേഹവും ത്യാഗവും ഈ മരുഭൂമിയിൽ,
ശേഷിച്ചു—നിഴലായ്, വെറും നിഴലായ്.

★

# സന്ധ്യയുടെ മാറിൽ

അബ്ദുൽഅസീസ്, S2

നാഴിക രണ്ടുനടന്നു, പടിഞ്ഞാറു
നാണംകുണുങ്ങുന്ന സന്ധ്യയെക്കാണുവാൻ.

ശൂന്യമിപ്പാതയിലേകാന്ത പാന്ഥനായ്
ശാരികേ, നിന്നെയും തേടിനടന്നു ഞാൻ.

കണ്ടു, കരവല്ലി നീട്ടിയടുത്തു ഞാൻ
കാമിനി, നിന്നെയെൻ മാറോടണയ്ക്കുവാൻ !

കണ്ണിരുട്ടിക്കൊണ്ടിരുട്ടെത്തി, നിർദ്ദയം
കാപ്പിരിപോലെയെൻ കണ്ഠം ഞെരിയ്ക്കവേ,

ദാഹം ! മരണപ്പിടച്ചിലിൽ ഞാൻ ചൊല്ലി
മോഹം ! ഒരു തുള്ളിവെള്ളം ! ആരേകുവാൻ ?

കണ്ണുനീർതൂകി ഞാൻ കേണപേക്ഷിയ്ക്കവേ
കയ്പും വിഷമെനിയ്ക്കേകുവതാരുവാൻ !

—

# സ്ത്രീ —സമൂഹത്തിൽ

''..........സ്ത്രീകളുടെ പ്രശ്നം ? ഒരു കാര്യം തീർച്ചയാണ്. പുരുഷന്മാരുടെ ജീവിതം നിയന്ത്രിക്കാൻ സ്ത്രീകളെ അനുവദിക്കുന്നതുകൊണ്ട് ഈ പ്രശ്നം പരിഹരിക്കപ്പെടുകയില്ല. ആ ജീവിതം തകർക്കുന്നതിൽനിന്നും സ്ത്രീകളെ തടയുന്നതുകൊണ്ട് ഒരു പക്ഷെ ഈ പ്രശ്നം പരിഹരിക്കപ്പെടാം.'' ലോക പ്രസിദ്ധനായ ലിയൊ ടോൾസ്റ്റോയി 1897 നവമ്പർ മാസം 20-ാംനു- തൻെറ ഡയറിയിൽ കുറിച്ചുവെച്ചു. സ്ത്രീയുടെ ഉല്പത്തിയോളം പഴക്കമുണ്ട് അവളുടെ നീറുന്ന നൂറുനൂറു പ്രശ്നങ്ങൾക്കും. പലരും പലതരത്തിലുള്ള നിർവചനങ്ങൾ നൽകുന്നു--സ്ത്രീക്ക്. സ്ത്രീ? അത് ഇന്നും ഉത്തരം കിട്ടാത്ത ഒരു ചോദ്യമാണ്. അഥവാ കിട്ടിയാൽതന്നെ അപൂർണ്ണവും.

സ്ത്രീയെക്കുറിച്ച് എന്തെങ്കിലും പറയുന്നതിന്ന് മുമ്പ് അടിമുടി ചിന്തിക്കണം; പഠിക്കണം. കാരണം, പുരുഷന്മാരെപ്പോലെ സ്ത്രീകളും ജീവിതത്തിൻെറ നാനാ രംഗങ്ങളിലും പ്രാതിനിദ്ധ്യം നൽകണമെന്ന് കല്പിക്കുന്ന അത്യന്താധുനിക നാരീയുഗത്തിലാണ് മാനവകുലം ഇന്ന്. ''പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും സഹിക്കില്ല'' എന്നല്ലെ പ്രമാണം. സ്ത്രീ-പുരുഷ സമത്വം പുലർന്നുകാണാൻ അന്താരാഷ്ട്ര സംഘടന ആയിരത്തിതൊള്ളായിരത്തി എഴുപത്തി അഞ്ച് അന്താരാഷ്ട്ര വനിതാവർഷമായി ആഘോഷിക്കാൻ രംഗത്തിറങ്ങിയിരിക്കുകയാണ്. വിവിധ തുറകളിൽ പ്രാവീണ്യം നേടിയ വിവിധ രാഷ്ട്രങ്ങളിലെ 39 പ്രഗത്ഭമതികൾ ഈ സംഘടനയ്ക്ക് നേതൃത്വം നൽകുന്നു. ഇന്ത്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാ ഗാന്ധി പ്രസ്തുത സംഘടനയുടെ പ്രസിഡണ്ടസ്ഥാനം കയ്യാളുന്നത് ഭാരതീയർക്ക്-വിശിഷ്യ, ഭാരതവനിതകൾക്ക് അഭിമാനാർഹംതന്നെയാണ്. മർമ്മപ്രധാനമായ മൂന്ന് കാര്യങ്ങളിലാണ് ഈ സംഘടന വിരലൂന്നുന്നത്. (1) സ്ത്രീ-പുരുഷസമത്വം കൈവരുത്തുക (2) വികസനപ്രവർത്തനങ്ങളിൽ സ്ത്രീകളെ പൂർണ്ണമായ തോതിൽ പങ്കെടുപ്പിക്കുക (3) ലോകസമാധാനം സംരക്ഷിക്കുന്നതിൽ സ്ത്രീകൾക്കുള്ള പങ്കിനെ എടുത്തുകാട്ടുക. മറെറാരു രീതിയിൽ പറഞ്ഞാൽ ഉദ്യോഗാദിമണ്ഡലങ്ങളിൽ സ്ത്രീ-പുരുഷാനപാതം ഏകീകരിക്കുക.

## ഉൽപത്തിയിൽനിന്ന് അൽപം

ആദം-അവ്വ, മനുഷ്യരാശിയുടെ ആരംഭത്തിന്നാരംഭം കുറിച്ചത് അങ്ങനെയാണെന്ന് പറയപ്പെടുന്നു. പിന്നീട് ദൈവം മററു ചരാചരങ്ങളെയെല്ലാം സൃഷ്ടിച്ചു. ''ജീവജാലങ്ങളെ സൃഷ്ടിക്കുമ്പോൾ ദൈവത്തിന്നുപററിയ ഒരു കൈപ്പിഴയാണ് സ്ത്രീ''. നാരീമണികളെക്കുറിച്ച് ഒരു മഹാൻ പറഞ്ഞത് അങ്ങനെയാണ്. ആദമിന്ന് ആത്മാവ്നൽകിയ ഈശ്വരൻ അവ്വയെ സൃഷ്ടിക്കുവാൻ ഇടവന്ന ഒരു കഥയുണ്ട്. ആദം ഏകനായി കുറേ നാൾ കഴിച്ചുകൂട്ടി. യുവത്വസഹജമായ ചാപല്യങ്ങൾ അദ്ദേഹത്തെ പിടികൂടി. അത് അദ്ദേഹത്തിൻെറ മനസ്സിനെ മഥിച്ചുകൊണ്ടേയിരുന്നു. തനിക്ക് ജീവൻ നൽകിയ ജഗദീശ്വരനോട് ആദം കൈകൂപ്പി പ്രാർത്ഥിച്ചു. ''ആദമാകുന്ന എ

കെ. മൊഹമ്മദ്, Ist B. A.
Islamic History & Arabic

നിക്ക് രൂപവും ആത്മാവും നല്കിയ പ്രപഞ്ചനാഥാ, ഈ തനിച്ചുള്ള ജീവിതം പറഞ്ഞറിയിക്കാൻ പററാത്ത വിധം എനിക്ക് ദുസ്സഹമായി തോന്നുന്നു. കൂട്ടിനൊത്ത ഒരു കൂട്ടാളിയെ നൽകാൻ നിനക്ക് കരുണയുണ്ടാകണേ ! ''ദയാലുവായ ദൈവം പ്രാർത്ഥന സ്വീകരിച്ചു. ആദമിന്ന് അവ്വയെ സമ്മാനിച്ചു. നവമിഥുനങ്ങൾ മധുവിധു ആഘോഷിച്ചു. തുടങ്ങി അവിടെനിന്നും ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള 'കച്ചറ'. കാരാഗൃഹത്തിൽ കഴിഞ്ഞ് ഗതിമുട്ടിയപ്പോൾ മനംനൊന്ത് പ്രാർത്ഥിച്ചപ്പോൾ ദൈവം കനിഞ്ഞേകിയ കനിയെ തിരിച്ചെടുക്കാൻ ആദം ദൈവത്തോട് പ്രാർത്ഥിച്ചു. കാരണം, സ്വരച്ചേർച്ചയില്ലായ്മ. നിഷ്കളങ്കനായ ദൈവം ദാസൻെറ പ്രാർത്ഥന സ്വീകരിച്ചു. അവ്വയെ തിരിച്ചെടുത്തു..........

## അപകർഷതാബോധം

അയൽവാസിയായ പങ്കജാക്ഷിയുടെ മകൾ മീനാക്ഷി പ്രസവിച്ച വിവരം അംബുജാക്ഷി കമലാക്ഷിയോടു പറഞ്ഞു. 'എന്താ കുട്ടി' കമലാക്ഷി തിരക്കി. 'പെണ്ണാ' അംബുജാക്ഷി പറഞ്ഞു. കമലാക്ഷിയുടെ പ്രസന്നത കാർമേഘപാളികൾക്കിടയിൽപ്പെട്ട അമ്പിളിത്തെല്ല്കണക്കെ മങ്ങിമറിഞ്ഞു. 'ഏതായാലും രണ്ടും രണ്ട് വഴിക്കായല്ലൊ' അവ

ളുടെ ഒരു റിമാർക്കും. പിറന്നുപോയത് പെണ്ണായിപ്പോയാൽ അത് കുടുംബഭാരമായി മാറി. നേരെ മറിച്ച് മീനാക്ഷി പ്രസവിച്ചത് ഒരാൺകുഞ്ഞിനെ ആയിരുന്നുവെങ്കിലോ? കമലാക്ഷിയുടെ മറുപടി ഇതാകുമായിരുന്നു: 'അവൾ ഭാഗ്യവതിയാണ്''. ജന്മനാ സ്ത്രീ അബലയാണ്. അവളുടെ പര്യായമാണ് അബല. പിഞ്ചോമനകൾക്ക് മുലപ്പാലൂട്ടുന്നതിൽപ്പോലും ആൺകുഞ്ഞിനെ പ്രത്യേകം കൺസിഡർ ചെയ്യുന്നു, അമ്മ. ആൺകുഞ്ഞാണുപോലും വേഗം വളർന്നുവലുതാകേണ്ടത്. ബോബന് ഇഡ്ഡ്ലി അഞ്ച്. ബേബിക്ക് മൂന്ന്. അങ്ങനെ പോകുന്നു പരിഗണനയുടെ ആ നീണ്ട പട്ടിക. എവിടേയും 'പാഷ്യാലിററി' ഗതികേട്. സ്ത്രീയായി ജനിക്കേണ്ടിയില്ലായിരുന്നു. പക്ഷേ......എന്തുചെയ്യും? എല്ലാം തലവിധി! ആദിമദ്ധ്യാന്തം കണ്ണീരും കയ്യുമായി കഴിയേണ്ടവളാണ് സ്ത്രീ. പാവം! പാവങ്ങൾ പെണ്ണുങ്ങൾ!

## കണക്കുകൾ സംസാരിക്കുന്നു

വിദ്യാഭ്യാസം, സാംസ്കാരികം, സാമൂഹ്യം ഇത്യാദിരംഗങ്ങളിൽ സ്ത്രീകളെ അവഗണിച്ചിരിക്കുന്നതായി കാണുന്നു. യുനൈറ്റഡ് നാഷൻസിന്റെ 22 പൊതുസഭകളിൽ രണ്ടെണ്ണംമാത്രമെ സ്ത്രീകളുടെ അദ്ധ്യക്ഷതയിൽ ചേർന്നിട്ടുള്ളുവത്രെ. 1974 മെയ് വരേയ്ക്കും യു. എൻ. പൊതുസഭയിൽ 2,365 പുരുഷ ഡലിഗേറ്റുകൾ എത്തിയപ്പോൾ 180 സ്ത്രീ ഡലിഗേറ്റുകൾ മാത്രമെ ഹാജരാകുകയുണ്ടായുള്ളു. 'ചോർച്ച ഓട്ടുകമ്പനിയിൽതന്നെ'. സ്ത്രീകളുടെ സർവ്വതോമുഖമായ ഉന്നമനത്തിനുവേണ്ടി യു. എൻ. ഒ. സിക്രട്ടറി ജനറൽ കാർട്ട്‌വാൾഡ്ഹൈം അവിരാമം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കാരണം, വിജ്ഞാന-സാമൂഹ്യ-സാംസ്കാരികാദിരംഗങ്ങളിൽ സ്ത്രീകളുടെ അനുപാതത്തിന്നു പുരുഷന്റേതുമായി തട്ടിച്ചുനോക്കുമ്പോൾ അജഗജാന്തരമുണ്ട് എന്നതുതന്നെ. 1973–74-ൽവരെ പ്രൈമറി സ്കൂളിലെ ഓരോ 100 ആൺകുട്ടികൾക്കും 62 പെൺകുട്ടികൾ മാത്രമെ ഉണ്ടായിരുന്നുള്ളു. മിഡിൽ സ്കൂളുകളിൽ ഇത് 43-ഉം സെക്കണ്ടറി തലത്തിൽ 36-ഉം കോളേജ് യൂനിവേഴ്സിറ്റി തലത്തിൽ 21-ഉം ആയി ചുരുങ്ങിവന്നു. പാർലിമെന്റിലെ സ്ത്രീകളുടെ പ്രാതിനിധ്യം 1971-ൽപോലും രണ്ടു സഭകളിലുംകൂടി മൊത്തം അംഗസംഖ്യയുടെ 5.5ശതമാനം മാത്രമെ വന്നിരുന്നുള്ളു. (എക്സ്പ്രസ്സ്-1—1—1075). 'സീതാദേവിയുടെ കാലംതൊട്ട് പുരുഷനീതിക്ക്—അല്ല, അനീതിക്ക് വിധേയയായിട്ടുള്ളവളാണ് സ്ത്രീ'.

കവികളും, ചിന്തകന്മാരും, എഴുത്തുകാരും സ്ത്രീയെ കരിവാരിത്തേച്ചിട്ടില്ലേ? ഉണ്ട്. അതിന്ന് തെളിവുകളും: 'നാരികൾ നാരികൾ വിശ്വവിപത്തിന്റെ നാരായവേരുകൾ'! അറിഞ്ഞോ അറിയാതെയോ ചങ്ങമ്പുഴ പറഞ്ഞുപോയി: 'നാരികളാണുപോലും ലോകനാശത്തിന്റെ വിത്ത്''. ഒരു പടി മുന്നോട്ടുപോയാൽ കാണാം ഓട്ടംതുള്ളൽ. കുഞ്ചൻനമ്പ്യാരുടെ 'കനകംമൂലം കാമിനിമൂലം കലഹം പലവിധമുലകിൽ സുലഭം'. ഒന്നാലോചിച്ചുനോക്കു, രാവണന്റെ രാജധാനി ഹനുമാൻ ചുട്ടെരിച്ചത്! ഒന്നിനുമല്ല, സ്ത്രീയെച്ചൊല്ലിയല്ലാതെ. നാരീമണികളെച്ചൊല്ലിയെത്രയെത്ര കൊലപാതകങ്ങൾ നടക്കുന്നു. കാമുകി സ്വായത്തയാകാതെവരുമ്പോൾ ആലിൻകൊമ്പിൽ കയർകെട്ടി ആത്മഹത്യ ചെയ്ത ആണുങ്ങൾക്കുണ്ടോ കണക്ക്! (മറിച്ചും ഇല്ലാതില്ല). 'മലയോട് കല്ലെറിയരുത്, സ്ത്രീയോട് ചിരിക്കരുത്''. കാരണം ഉലകം മുഴുക്കെ ആററിക്കുറുക്കാനുള്ള വശ്യത ആ നയനങ്ങൾക്കുണ്ട്. സാമൂഹ്യജീവിയായ സ്ത്രീക്ക് അരയാലിലയുടെ സഹിഷ്ണുതപോലും നിഷേധിച്ചിരിക്കുന്നു പുരുഷവർഗം!

## വഴിത്തിരിവ്

ആധുനികവനിതകൾക്ക് എന്തെല്ലാം അംഗീകാരങ്ങളും സ്ഥാനമാനബഹുമതികളും ലഭ്യമായിട്ടുണ്ടെങ്കിലും അവർ തൃപ്തരല്ല. അവരെ സദാ അലട്ടിക്കൊണ്ടിരിക്കുന്ന മർമ്മപ്രധാനമായ പ്രശ്നം പുരുഷമേധാവിത്വമാണ്. അതിന്നെതിരെ അവർ അന്താരാഷ്ട്രതലത്തിൽതന്നെ സംഘടിച്ചിരിക്കുന്നു. ന്യൂയോർക്കിലേയും, ജർമ്മനിയിലേയും ഇംഗ്ലണ്ടിലേയും യുവതികൾ അരയും തലയും മുറുക്കി പടവാളേന്തി അടർക്കളത്തിലേയ്ക്ക് മാർച്ചുചെയ്യുന്ന കാഴ്ചയാണ് ഇന്ന് നമുക്ക് കാണാൻ കഴിയുന്നത്. അവരുടെ മുദ്രാവാക്യം ചിന്താർഹമാണ്. 'ഞങ്ങൾ അടുക്കളയിലെ അലമാറയിലെ ഭരണിയിൽ ഉപ്പിലിട്ട ഉപ്പുമാങ്ങയല്ല, പെററുപെരുകാനുള്ള യന്ത്രങ്ങളല്ല, അടുക്കളസാമ്രാജ്യത്തിലെ അടുപ്പൂതിയന്ത്രങ്ങളല്ല.' 'പോരെപൂരം'. ഒരു കാര്യം സ്പഷ്ടമാണ്. പുരുഷൻ അനധികൃതമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാരംഗങ്ങളും വനിതകൾക്കും ആസ്വദിക്കണം. രക്തത്തുടിപ്പുള്ള യുവാക്കളും അവർക്ക് പ്രചോദനം നൽകുന്നു. ന്യൂയോർക്കിലാണെന്നുതോന്നുന്നു, 1963-ൽ ഇദ്വിഷയകമായി ഒരു ഗ്രന്ഥം രംഗപ്രവേശം ചെയ്തു; 'ദി ഫെമിനൈൻ മിസ്റ്റിക്ക്''. ഗ്രന്ഥം പ്രസിദ്ധീകരിച്ച് മൂന്നുവർഷം കഴിയുന്നതിന്നുമുമ്പ് (1966) തന്നെ വനിതകൾ ഒരു 'വനിതാ ദേശീയസംഘടന' രൂപീകരിച്ചു. കത്തുന്ന തീയ്യിൽ നെയ്യ് ഒഴിച്ചതുപോലെ ഇത് വനിതകളുടെ ഒഴുക്കിന് മാററുകൂട്ടി. ആയിടയ്ക്കാണ് 'മാലററ'' എന്ന വനിത 'സെക്ഷ്വൽ പൊളിററിക്സ്'' എന്ന പുസ്തകം പ്രസിദ്ധീകരിച്ചത്. രംഗം സജീവമായി. പടക്കളത്തിലേയ്ക്കുള്ള പടക്കോപ്പുകൾ നിരന്നുകഴിഞ്ഞു.

വനിതാനവോത്ഥാനത്തിൽ വിപ്ലവാത്മകമായ ചലനങ്ങൾ സൃഷ്ടിച്ചതുകൊണ്ടാവണം 'മാലററിന്'' 'വനിതാ മാവോസേതുങ്ങ്'' എന്ന പേർ ലഭിച്ചത്. പുരുഷനിർമ്മിതമായ നിയമത്തിന്റെ മറപിടിച്ചു പുരുഷൻ സ്ത്രീയെ വ്യഭിചരിക്കുന്നു; വിവാഹമെന്ന ഓമനപ്പേരിനാൽ. ചിന്താധാര പിന്നെയും ഒരുപടി മുന്നോട്ടുനീങ്ങി. വിവാഹത്തിന്നുമുമ്പ് സ്ത്രീ 'മിസ്'' ആണ്. വിവാഹിതയായാലോ?

''മിസ്'' 'മിസിസ്സ്'' ആയി രൂപാന്തരം പ്രാപിക്കുന്നു. സ്ത്രീക്ക് അവളുടെ പേരുപോലും പറയാൻ അധികാരമില്ലെ? 'പുരുഷസമൂഹത്തിന്റെ ഏകാധിപത്യത്തെ ഞങ്ങൾ (സ്ത്രീ) അനതിവിദൂരമല്ലാത്ത ഭാവിയിൽ തച്ചുടയ്ക്കും'.

ആരെല്ലാം എന്തെല്ലാം പറഞ്ഞാലും സ്ത്രീകളിലുമുണ്ട് അളന്നെടുത്താൽ തീരാത്തവിധം വിവിധതരം സൽഗുണങ്ങൾ. നിഷ്കളങ്കതയുടെ കേദാരവും, സ്നേഹത്തിന്റെ ആസ്ഥാനവും യുക്തിയുടെ ഭണ്ഡാരവും, സഹനശക്തിയുടെ ആകെത്തുകയുമാണ് സ്ത്രീ. വിളമ്പിവെച്ച ഭക്ഷണംപോലും കഴിക്കാതെ കെട്ടും ഭാണ്ഡവുമെടുത്ത് കൊട്ടാരം വിട്ടിറങ്ങിയ ശ്രീരാമനെ, പട്ടുമെത്ത വലിച്ചെറിഞ്ഞ് 'എന്നാര്യപുത്രൻ വനത്തിന്നുപോയാൽ—പ്പിന്നെപ്പുരീവാസമെന്തിന്നു വേണ്ടി' എന്നുപറഞ്ഞ് പിൻതുടർന്ന സീതാദേവിയിൽ സ്ഫുടികസ്പുടമായ നിഷ്കളങ്കസ്നേഹമല്ലെ നാം ദർശിക്കുന്നത്. കുട്ടിയെ താരാട്ടുപാടി ആട്ടിക്കൊണ്ടിരിക്കെ ''ഉന്തു...ഉന്തു...ഉന്തു...ആളെയുന്ത്'' എന്നുപാടി, ചതുരംഗക്കളത്തിൽ പരാജയത്തിന്റെ വക്കോളമെത്തിയ ഭർത്താവിന്റെ പേരും പെരുമയും കാത്തുസൂക്ഷിച്ച സ്ത്രീ യുക്തിമതിയല്ലെന്ന് ആരുപറഞ്ഞു. കുചേലക്കന്റെ അവിൽ കലർന്ന മണ്ണ് ശ്രീകൃഷ്ണഭഗവാൻ രണ്ടാമതും വായിലേയ്ക്ക് കൊണ്ടുപോയപ്പോൾ തനിക്കുള്ള സ്വത്തുക്കളെല്ലാം നഷ്ടപ്പെട്ടുപോകുമെന്ന് മുൻകൂട്ടി കാണാൻ കഴിഞ്ഞ രാധയിൽ വിവേകമില്ലേ? ടോൾസ്റ്റായിയുടെ കഠിനമർദ്ദനങ്ങൾ സഹിച്ചുകൊണ്ടുതന്നെ പതിനാറ് പ്രസവിക്കുകയും മൂന്നുതവണ ഗർഭം അലസിപ്പോവുകയും ചെയ്ത 'സോഫിയ ആന്ദ്രേ'യെപ്പോലുള്ള മഹതികളിലല്ലെ സഹനശക്തി കുടിയിരിക്കുന്നത്. സ്ത്രീയെ പഴന്തോട്ടുപോലെ, കറിയിലെ കറിവേപ്പിലപോലെ വലിച്ചെറിയുന്ന പുരുഷാ, നിനക്ക് കാലം മാപ്പുനൽകട്ടെ!

# സ്വതന്ത്രഭാരതം എങ്ങോട്ട്?

കിരാതവും പൈശാചികവുമായ വൈദേശികാധിപത്യത്തിന്നെതിരിൽ പടപൊരുതി ഭാരതം സ്വതന്ത്രയായിട്ട് നീണ്ട 27 വർഷങ്ങൾ കടന്ന്പോയി. വിദേശാധിപത്യത്തിനെതിരെ നിരവധി യാതന-വേദനകൾ സഹിച്ച ദേശാഭിമാനികളായ നമ്മുടെ പൂർവികർ ജീവനെപ്പോലും തൃണവൽക്കരിച്ച് പടപൊരുതുമ്പോൾ മഹത്തായ പല പ്രതീക്ഷകളും അവരുടെ മുമ്പിലുണ്ടായിരുന്നു. എന്നാൽ ഭാരതം സ്വതന്ത്രയായതിന് ശേഷം സാമൂഹ്യസാമ്പത്തികവിദ്യാഭ്യാസരാഷ്ട്രീയ-മതകാര്യങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ആ പ്രതീക്ഷകളെല്ലാംതന്നെ വെറും പകൽകിനാക്കളായിരുന്നു എന്നും ഒരു രംഗത്തും വ്യക്തമായ ഒരു നിലനിൽപ് നമുക്കില്ല എന്നും ബോദ്ധ്യപ്പെടും.

സ്വതന്ത്രഭാരതത്തിന്റെ ഇന്നത്തെ ചരിത്രത്തിലേക്ക് നാമൊന്ന് കണ്ണോടിച്ചുനോക്കുമ്പോൾ വളരെ പരിതാപകരമായ, വേദനാജനകമായ ഒരു അന്തരീക്ഷമാണ് നാം കാണുന്നത്. എവിടെനോക്കിയാലും ആക്രമത്തിന്റെയും അരാജകത്വത്തിന്റെയും അനീതിയുടെയും തീച്ചൂളയിൽകിടന്ന് ഞെരിപിരികൊള്ളുന്ന അസ്വസ്ഥരായ ഒരു ജനവിഭാഗത്തെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഒരു ഭാഗത്ത് വൻകിട വ്യവസായശാലകളിൽ വെറും തൊഴിൽതർക്കത്തിന്റെപേരിൽ, രാഷ്ട്രീയത്തിന്റെ പേരിൽ മൃഗീയാക്രമണങ്ങളും സമരങ്ങളും അഴിച്ചുവിടുമ്പോൾ, സ്വതന്ത്രഭാരതത്തിന്റെ നാളത്തെ വാഗ്ദാനമായ വിദ്യാർത്ഥിവർഗ്ഗം വെറും സമരാവേശത്തിന്റെപേരിൽ കലാലയാന്തരീക്ഷം കലുഷിതമാക്കി അക്രമാസക്തരായി നീങ്ങുമ്പോൾ മത-വർഗ്ഗീയതയുടെപേരിൽ ഭാഷയുടെ-സ്റ്റേറ്റിന്റെപേരിൽ അങ്കംവെട്ടാൻ അരയും തലയും മുറുക്കി രംഗത്തിറങ്ങിയ മറ്റൊരുവിഭാഗത്തെയാണ് മറുവശത്ത് കാണുന്നത്. ചുരുക്കിപ്പറഞ്ഞാൽ മതേതരജനാധിപത്യ സോഷ്യലിസ്റ്റ് രാഷ്ട്രമെന്നൂറ്റംകൊള്ളുന്ന സ്വതന്ത്രഭാരതം വെറുമൊരു ചോദ്യചിഹ്നമായി അവശേഷിച്ചിരിക്കയാണ്.

ഉൽക്കണ്ഠയുടെ യുഗത്തിലെത്തിയിരിക്കുന്ന മനുഷ്യരാശി വഴിമുട്ടിനിൽക്കുകയാണിന്ന്. ഏത് മുക്കിലും മൂലയിലും അസ്വസ്ഥതയുടെ തീനാമ്പുകളേ കാണാനുള്ളു. അദ്ധ്വാനിക്കാൻ തയ്യാറുള്ള കരങ്ങൾക്ക് ജോലിനൽകാൻ കഴിയാതെ, കൊല്ലങ്ങളോളം അദ്ധ്വാനിച്ച് പഠിച്ച് കലാലയത്തിൽനിന്നും പുറത്തിറങ്ങുമ്പോൾ വിലയില്ലാത്ത സർട്ടിഫിക്കറ്റുകൾ (?) മാത്രമല്ലാതെ, വിശപ്പ്കൊണ്ട് പിടയുന്ന മനുഷ്യപുത്രന് ഒരു പിടി ചോറ്നൽകാൻ കഴിയാതെ ഈ ഇരുപതാം നൂറ്റാണ്ടിലും സ്വതന്ത്രഭാരതത്തിൽ ആശയും ആശങ്കയുംതമ്മിൽ പോരാട്ടം നടത്തുകയാണ് എന്ന യാഥാർത്ഥ്യം ഈയവസരത്തിലിവിടെ പറയാതിരിക്കാൻ നിർവ്വാഹമില്ല.

ഒരു മതേതരരാഷ്ട്രമായ ഭാരതത്തിൽ എല്ലാ മതക്കാർക്കും തുല്യാവകാശങ്ങളാണെന്ന് 'നാഴികക്ക് നാല്പതുവട്ടം' നമ്മുടെ ദേശീയ നേതാക്കൾ പ്രസംഗിക്കാറുണ്ടെങ്കിലും ഇന്ത്യയിലെ ഏറ്റവുംവലിയ ന്യൂനപക്ഷമായ മുസ്ലീംകളടക്കമുള്ള എല്ലാ ന്യൂനപക്ഷക്കാരും ഇന്ന് മദ്ദനത്തിനിരയായിക്കൊണ്ടിരിക്കയാണ്. എല്ലാവരെയും ഭാരതവൽക്കരിക്കണമെന്നുള്ള ചില പുരോഗമനപിന്തിരിപ്പന്മാരുടെ ആവർത്തിച്ചാവർത്തിച്ചുള്ള പ്രഖ്യാപനങ്ങളും ഇതിന്നുദാഹരണങ്ങളാണല്ലോ. ''തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ'' എന്ന് കുമാരനാശാൻ പാടിയിട്ടുണ്ടെങ്കിലത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും

വി. പി. കുഞ്ഞിക്കോയ, Ist P.D.C.

ഭാരതത്തിൽ അനുസ്യൂതം നടമാടുന്നുഎന്ന് പറയുമ്പോൾ നാം എത്രമാത്രം അധഃപതിച്ചുഎന്ന് ചിന്തിക്കേണ്ടതുതന്നെയാണ്. ഇന്ത്യൻരാഷ്ട്രപിതാവായ മഹാത്മാഗാന്ധിജി ദക്ഷിണാഫ്രിക്കയിലെ കറുത്തവർഗ്ഗത്തിന് വേണ്ടി ശബ്ദമുയർത്താൻ മുന്നോട്ട് വന്നതിനെ അഭിനന്ദിച്ചവർതന്നെ അദ്ദേഹത്തിന്റെ സ്വന്തം നാടായ ഭാരതത്തിൽ അവശതയനുഭവിക്കുന്ന ന്യൂനപക്ഷങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുമ്പോൾ അത് വർഗ്ഗീയമായി ചിത്രീകരിക്കുന്നതാണ് ഇവിടെ നാമിന്ന് കാണുന്നത്.

സ്വതന്ത്രഭാരതത്തിന്റെ 27-ാമത് വാർഷികം ആഘോഷിച്ച മഹത്തായ ആ അവസരത്തിൽ പോലും ന്യൂനപക്ഷമായ മുസ്ലീംകൾ തെക്കെഇന്ത്യയിലെ വർഗ്ഗീയവാദികളായ-മതഭ്രാന്തന്മാരായ ജൂദാസുകളുടെ ആക്രമണത്തിന് വിധേയമായ പരിത്രമാണ് നമുക്ക് പറയാനുള്ളത്. തെന്നിന്ത്യയിലെ ചൂടുള്ള മണൽത്തരികളിൽ-ജബൽപൂരിൽ, ഭീവണ്ടിയിൽ, മാണ്ഡ്യയിൽ, തലശ്ശേരിയിൽ. അപ്പോൾ പോലും വർഗ്ഗീയതയുടെ നീണ്ടൊഴുകിയ പാരമ്പര്യമാണ് നമുക്കുള്ളത്. ഈയവസരത്തിൽ നമ്മുടെ മതേതര, ജനാധിപത്യ, സോഷ്യലിസ്റ്റ് വ്യവസ്ഥകളെല്ലാം കാറ്റിൽ പറന്നുഎന്ന് പറയുമ്പോൾ സഹതാപമാണ് തോന്നിപ്പോകുന്നത്.

സ്വാതന്ത്ര്യലബ്ധിയോടെ ഭാരതപുരോഗമനം മുന്നിൽ കണ്ടുകൊണ്ട് നമ്മുടെ നേതാക്കൾ വിഭാവനംചെയ്ത നീണ്ട പഞ്ചവത്സരപദ്ധതികൾ നാലെണ്ണം കടന്നുപോയെങ്കിലും നമുക്ക് വേണ്ടത്ര നേട്ടങ്ങൾ കൈവരിക്കാൻ ഇനിയും സാധിച്ചിട്ടില്ല എന്നതാണ് പരമാർത്ഥം. സ്വാതന്ത്ര്യത്തിന്റെ പ്രകാശം പോലും തൊട്ടുതീണ്ടിയിട്ടില്ലാത്ത പല അവികസിത പ്രദേശങ്ങളും ഇന്നും ഭാരതത്തിലുണ്ട്. പല പദ്ധതികളും നാം കണ്ടുകഴിഞ്ഞെങ്കിലും, പുരോഗമനാത്മകമായ പല ആസൂത്രണങ്ങളും നമുക്കുണ്ടെങ്കിലും അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിന്റെ അവസ്ഥ ഇന്നും വളരെ ശോചനീയമായിരിക്കയാണ്. സാധാരണക്കാരൻ കൂടുതൽ സാധാരണക്കാരനായി തരംതാണ്കൊണ്ടിരിക്കയാണ്. ഇതിന് പല ഉദാഹരണങ്ങളുമുണ്ട്. നാട്ടിലെ ബൃഹത്തായ പല പദ്ധതികളുടെയും കോൺട്രാക്ടെടുക്കുന്നവർ കോടീശ്വരന്മാരായിതീരുമ്പോൾ, അതിന്റെ നിർമ്മാണത്തിൽ ജീവൻപോലും പണയംവെച്ച് രക്തം വിയർപ്പാക്കി കഠിനാദ്ധ്വാനംചെയ്യുന്ന തൊഴിലാളികൾ തെരുവുതെണ്ടികളാകുന്ന അവസ്ഥാവിശേഷമാണിവിടെ. ഇത്തരത്തിലുള്ള നശിച്ച ഉച്ചനീചത്വങ്ങൾ ഇവിടെ നിന്ന് എന്ന് തുടച്ചുനീക്കുന്നുവോ അന്നേ, നട്ടെല്ലൊടിഞ്ഞ തൊഴിലാളിവിഭാഗത്തിന്ന് ഇവിടെ നിലനിൽപ്പുള്ളു.

ഒരു കാർഷികരാജ്യമായ ഇന്ത്യയിൽ ഉല്പാദനം എത്രതന്നെ വർദ്ധിച്ചാലും വളർന്ന്‌വരുന്ന ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. തന്മൂലം നാം കാർഷികമായി സ്വയംപര്യാപ്തി നേടിയേ തീരൂ. അതിന് വേണ്ടത്ര അത്യന്താധുനികരീതിയിലുള്ള കാർഷികോപകരണങ്ങളും മററും ഇനിയും കിട്ടിയേതീരൂ. വ്യാവസായികമായി നോക്കുമ്പോൾ വളരെയധികം പുരോഗതി നേടാൻ തക്ക രീതിയിലുള്ള നിരവധി അസംസ്കൃത പദാർത്ഥങ്ങൾ മററു രാഷ്ട്രത്തെ അപേക്ഷിച്ച് ഭാരതത്തിൽ കിട്ടാൻ സാഹചര്യമുണ്ടായിട്ട്‌പോലും ഒരു കൂട്ടം കുത്തകക്കാരുടെ പിടിയിൽ നമ്മുടെ വ്യാവസായികമേഖല ഇന്നും അടിമപ്പെട്ടിരിക്കയാണ് എന്ന ദുഃഖസത്യം വിസ്മരിക്കാൻവയ്യ. ഈ കുത്തകക്കാരുടെ പിടിയിൽനിന്ന് വ്യാവസായികമേഖലയെ മോചിപ്പിക്കുകയും ഇവിടുത്തെ നശിച്ച തൊഴിലാളിസമരം അവസാനിപ്പിക്കുകയും ചെയ്തില്ലെങ്കിൽ നമ്മുടെ വ്യവസായികമേഖല ഇനിയും വഷളാകും എന്ന കാര്യത്തിൽ സംശയമില്ല.

ഒരു രാഷ്ട്രത്തിന്റെ പുനർനിർമ്മാണത്തിൽ മുഖ്യമായ പങ്ക്‌വഹിക്കേണ്ട ഗ്രാമാന്തരീക്ഷം നമ്മെസംബന്ധിച്ചേടത്തോളം അന്ധകാരത്തിൽനിന്നും അന്ധകാരത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. ഗ്രാമങ്ങളുടെ നാടായ ഭാരതത്തിലെ ഗ്രാമങ്ങളിൽ ഗതാഗതവൈദ്യുതപാർപ്പിടസൗകര്യങ്ങളില്ലാതെ ബുദ്ധിമുട്ടിക്കൊണ്ടിരിക്കുന്ന ഗ്രാമീണജനതയെയാണ് നാം കാണുന്നത്. പൊതുജനാരോഗ്യത്തിന്റെ കാര്യം പറയുകയാണെങ്കിൽ നമ്മുടെ ചികിത്സാസൗകര്യങ്ങൾ വളരെ പരിമിതമാണ്. അപൂർവ്വം ചില ആശുപത്രികളുണ്ടെങ്കിൽത്തന്നെ അവിടെ വേണ്ടത്ര സൗകര്യങ്ങളില്ലാതെയും ഉള്ളതുതന്നെ അട്ടിമറിയുടെയും കുംഭകോണത്തിന്റെയും മദ്ധ്യത്തിൽകിടന്ന് ചാഞ്ചാടിയും ഉദ്ദേശസാദ്ധ്യത്തിനുതകാത്തമട്ടിലാണുള്ളത്.

സ്വാതന്ത്ര്യലബ്ധിക്കുശേഷം വിദ്യാഭ്യാസപരമായി നമുക്ക് നേട്ടങ്ങൾ ഇല്ലാതില്ല. എങ്കിലും ഇന്ത്യൻ ജനതയിൽ നല്ലൊരുശതമാനം ഇന്നും അക്ഷരാഭ്യാസമില്ലാതെയാണ് ജീവിക്കുന്നത്. ഇതിന്ന് കാരണം നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പരിമിതികൾതന്നെ. പല നൂതന പരിഷ്കാരങ്ങൾക്കും അടിമപ്പെട്ട നമ്മുടെ വിദ്യാഭ്യാസരംഗം ഒരു പരീക്ഷണരംഗമായി മാറിയിരിക്കയാണിന്ന്. തന്മൂലം നമ്മുടെ വിദ്യാഭ്യാസ നിലവാരംതന്നെ താണ്കൊണ്ടിരിക്കയാണ്. ഹിപ്പിസത്തിലും മയക്കുമരുന്നിലും ആശ്വാസംകണ്ടെത്തുന്ന വിദ്യാർത്ഥിവർഗ്ഗം അവയിൽനിന്ന് പിന്തിരിയേണ്ടിയിരിക്കുന്നു. തൊഴിലധിഷ്ഠിതമായ ഒരു വിദ്യാഭ്യാസാവിഷ്ക്കരണം കൊണ്ടേ ഈ രംഗത്ത് നമുക്ക് വല്ല നേട്ടവും ഉണ്ടാക്കാൻ സാധിക്കൂ.

സോഷ്യലിസത്തിലേക്കാണ് നമ്മുടെ പ്രയാണമെന്ന് ഭാരതം സ്വാതന്ത്ര്യയായതോടെ പറയാൻ തുടങ്ങിയതാണ്. എന്നാൽ വൻകിട കള്ളക്കടത്തുകാരും, പൂഴ്ത്തിവെപ്പുകാരും, കരിഞ്ചന്തക്കാരും, കള്ളപ്പണക്കാരും ഒരുവശത്തുനിന്ന് നൃത്തംചെയ്യുമ്പോൾ ഉടുതുണിക്ക് മറുതുണിയില്ലാതെ, പട്ടിണിയും പരിവട്ടവുമായി നട്ടംതിരിയുന്ന, വയറൊട്ടിയ ഒരുകൂട്ടം മനുഷ്യപ്രേതക്കോലങ്ങളെയാണ് മറുവശത്ത് നമുക്ക് കാണാൻ സാധിക്കുന്നത്. സോഷ്യലിസത്തിലേക്കുള്ള പ്രയാണത്തിന്റെ പേരുപറഞ്ഞ് ഈ അടുത്തകാലത്ത് 'മിസ'യുടെ പേരിൽനടന്ന ഒച്ചപ്പാടുകളെല്ലാം-അവയിലും കൃത്രിമത്വത്തിന്റെ ബീജമില്ലെങ്കിൽ, അഥവാ അതൊരു പ്രഹസനമല്ലെങ്കിൽ നമ്മുടെ നാട്ടിന് തീർച്ചയായും ഒരു നേട്ടംതന്നെ.

ഇവിടുത്തെ പൂർവ്വികസുഖലോലുപന്മാർക്ക് സർക്കാർ കൊടുത്തിരുന്ന 'മാലിഖാൻ' (പ്രീവിപേഴ്സ്) നിർത്തലാക്കുകയും വൻകിടബേങ്കുകൾ ദേശസാൽക്കരിക്കുകയും ചെയ്തപ്പോൾ നമുക്ക് പല പല പ്രതീക്ഷകളും ഉണ്ടായിരുന്നെങ്കിലും വിദേശങ്ങളിൽനിന്ന് അമിതമായ തോതിലുള്ള കള്ളപ്പണം ഭാരതത്തിലേക്കൊഴുകുവാൻ തുടങ്ങിയതോടെ നമ്മുടെ എല്ലാ പ്രതീക്ഷകളും തകർന്ന് തരിപ്പണമായിരിക്കയാണ്. ഇതെല്ലാം കാണുമ്പോൾ പുരോഗമനത്തിന്റെ പന്ഥാവിലേക്ക് കുതിക്കുന്ന സ്വാതന്ത്ര്യത്തിന്റെ ഈ പോക്ക് എവിടെച്ചെന്നവസാനിക്കുമെന്ന് കണ്ടറിയുകതന്നെ വേണം.

ഇവിടെ നടമാടുന്ന അനീതിക്കും, അക്രമത്തിനും, അരാജകത്വത്തിനുമെതിരെ പോരാടിക്കൊണ്ട് നമ്മുടെ പൂർവ്വികർ സ്വപ്നംകണ്ട ആ സ്വാതന്ത്ര്യഭാരതം കെട്ടിപ്പടുക്കാൻ വിദ്യാർത്ഥിവർഗ്ഗമേ നിങ്ങൾ കർമ്മധീരരാകൂ......

# തളച്ചിടുന്ന കൈകൾ

**ചെ**മ്മൺ പാത...കിഴക്കോട്ടു നീണ്ടുപോകുന്ന ചെമ്മൺ പാതയിലൂടെ നടന്നു. പാതയ്ക്കിരുവശവുമുള്ള ചെടികളിൽ ചെമ്മൺപൊടികൾ പുരണ്ടിരുന്നു. കൂർത്ത കരിങ്കൽ ചീളുകൾക്കു മുകളിലൂടെ നടക്കുമ്പോൾ ഓർത്തു. ഇവിടെ ഒരു മാറ്റവും വന്നിട്ടില്ല. കിഴക്കൻ മേഘങ്ങൾക്കിടയിലെ സൂര്യൻ ഇവിടെയിറങ്ങാൻ മറന്നുപോയോ?

പെട്ടി ചുമന്നുകൊണ്ട് പിറകെ നടന്ന ശങ്കരൻ ചോദിച്ചു. ''കുട്ടി എന്നാ പോവ്വാ''? ''എനിയ്ക്കിവിടെയാണ് ശങ്കരാ, കൂടുതൽ ഇഷ്ടം. പിന്നെ ഞാനെന്തിനു മടങ്ങിപ്പോവുന്നു.'' മറുപടിയിൽ സംതൃപ്തനല്ലാത്ത ശങ്കരൻ പറഞ്ഞു: ''വെയില് ചൂടാവുന്നതിന് മുൻപ് അങ്ങെത്തണം.''

വളഞ്ഞു തിരഞ്ഞിറങ്ങുന്ന പാത. ഇടയ്ക്കു വഴിയിലേയ്ക്ക് തലനീട്ടുന്ന മുളം തലപ്പുകൾ. വിസ്തൃതമായ നെൽപ്പാടങ്ങൾ. നനവുള്ള മണ്ണ്......ഈ മണ്ണിനോട് അടങ്ങാനാവാത്ത ദാഹം തോന്നുന്നു......

വർഷങ്ങൾക്കുമുമ്പ് ഇതിലെ നടക്കാറുള്ളത് രഘു ഓർത്തു. അന്ന് താനൊരു കൊച്ചു കുട്ടിയായിരുന്നു. ഓർമ്മകളുടെ വെളിച്ചത്തിൽ ഓടിയടുക്കുന്ന സന്ധ്യകളിൽ മുത്തശ്ശി പറയും: ''ഉണ്ണീ, കാലും മുഖവും കഴുകി വാ. സന്ധ്യയായാല് കൈയ്യും കാലും കഴുകണമെന്നൊരു വിചാരോം ഇല്ല''......കൃഷ്ണന്റെ ബിംബത്തിനടുത്ത് തളത്തിൽ തൂക്കിയിട്ടിട്ടുള്ള പഴക്കംചെന്ന ഭസ്മകൊട്ടയിൽ സൂക്ഷിച്ചു വെച്ചിട്ടുള്ള ഭസ്മം ഒരു നുള്ള് എടുത്ത് നെറ്റിയിൽ തൊടുവിച്ചു മുത്തശ്ശി നാമം ചെല്ലിക്കും.

ഒരിക്കൽ മുത്തശ്ശി പറഞ്ഞു: ''ഈ വീടിന് യാതൊരു കേടും പറ്റാത്തതെന്താണെന്നറിയ്യോ, ഉണ്ണിക്ക്? ഇത് ലക്ഷണമൊത്തൊരു വീടാണ്. കിഴക്ക് എരഞ്ഞി, തെക്ക് പുളി, പടിഞ്ഞാറ് പാല, വടക്ക് പ്ലാവ്......''മുത്തശ്ശിക്ക് താഴേടത്തുതറവാട്ടിന്റെ നല്ല നാളുകളെപ്പറ്റി മാത്രമെ പറയാനുണ്ടായിരുന്നുള്ളൂ.

മുത്തശ്ശിക്കു മാത്രം ഉണ്ണിയായ രഘു. മുത്തശ്ശനെ കുറിച്ചുള്ള നേരിയ ഓർമ്മകൾ കുഴിച്ചു മൂടപ്പെട്ടപ്പോൾ, വടക്കേ പ്ലാവിലെ ഒരു വലിയ കൊമ്പു മുറിഞ്ഞു വീണപ്പോൾ, മുത്തശ്ശി കരഞ്ഞു. അതിനുശേഷം മുത്തശ്ശി ഒരിക്കലും കരയുന്നതു കണ്ടില്ല.

പണ്ടു താൻ ദൂരെയുള്ള കോളേജിൽ പോവുമ്പോൾ മുത്തശ്ശിക്കു ഭയമായിരുന്നു. അന്നു ചെറിയ കുട്ടിയായ ഗീത ആദ്യംതന്നെ പറഞ്ഞേല്പിക്കും—വെക്കേഷനു വരുമ്പോൾ കുപ്പിവള കിണ്ടുവരാൻ. അമ്മ നിർവ്വികാരതയോടെ പറഞ്ഞയയ്ക്കും.

വിദ്യാഭ്യാസം കഴിഞ്ഞു ജോലി കിട്ടി പോവുന്ന അവസരത്തിൽ മുത്തശ്ശി ഏറ്റവും ഭയചകിതയായി കാണപ്പെട്ടു. ''ഉണ്ണീ, നിനക്ക് ഇവിടെ അടുത്തെവിടെയെങ്കിലും പണിയ്ക്കു പോയാൽ പോരെ''? പറയാനുള്ള കഥ കേൾക്കാനാളില്ലാതെ വറ്റിവരണ്ടു പോകുന്നതു കണ്ടു മുത്തശ്ശിക്കു കൂടുതൽ ഒന്നും പറയാനുണ്ടായിരുന്നില്ല.

''ഏട്ടാ, വെക്കേഷനുവരുമ്പോൾ നല്ലൊരു റിബൺ......'' കുറച്ചുനാളത്തെ വിടവിനുശേഷം കണ്ടെത്തുമെന്ന ധാരണയിൽ നിറങ്ങൾ പുശിയ അനിയത്തി ഗീത.

അപ്പോഴും അമ്മ പറഞ്ഞു: ''മോനേ, ഇടയ്ക്കിടെ എഴുത്തയയ്ക്കണം.'' അതേ നിവ്വികാരത.

സി. മോഹനൻ, II B.Sc. Chemistry

ജോലി കിട്ടി ആദ്യമായി മടങ്ങിയതോർമ്മിക്കുന്നു. വീട്ടിൽനിന്ന് ടെലഗ്രാം കിട്ടി പുറപ്പെട്ട ദിവസം. തരിശായി കിടക്കുന്ന വരണ്ട പാടങ്ങൾ. വിണ്ടുകിടക്കുന്ന കട്ടകൾ. കരിയിലയിലെ ഞരമ്പുകൾ. നടവരമ്പിൽനിന്നും വീട്ടിലേയ്ക്കു തിരിയുന്ന വലിയ വരമ്പ്. വലിയ വരമ്പിന്റെ അവസാനത്തിൽ അംഗഭംഗംവന്ന വൃദ്ധനായ ആൽമരം.

മുറ്റത്തെ ഒട്ടുമാവ് അപ്രത്യക്ഷമായിരിക്കുന്നു... മുത്തശ്ശിയുടെ കുഴിച്ചുമൂടപ്പെടുന്ന ഓർമ്മകളുടെ പുകച്ചുരുൾ ഉയർന്നുവന്നപ്പോൾ കിഴക്കുവശത്തെ എരഞ്ഞിമരത്തിന്റെ ഒരു വലിയ കൊമ്പുകൂടി പൊട്ടി വീണതായി കണ്ടു. ഉണ്ണി മരിച്ചുകഴിഞ്ഞിരിക്കുന്നു...ഇപ്പോൾ രഘു മാത്രം ആയി......

രാത്രിയിൽ പാലക്കൊമ്പിൽനിന്ന് മൂളുന്ന കൂമന്റെ ശബ്ദംകേട്ട് പേടിക്കുന്ന ഗീതയെ ആശ്വസിപ്പിക്കാനാവാത്ത അമ്മയുടെ ദയനീയതയിൽ കരിമ്പനക്കൂട്ടത്തിന്റെ പേടിപ്പെടുത്തുന്ന ഇരുട്ടിൽ രഘു സ്വയം ഒളിച്ചു.

അധികം താമസിയാതെ രഘു ജോലിസ്ഥലത്തേയ്ക്കു പുറപ്പെട്ടപ്പോൾ ചുവന്ന റിബ്ബൺ കിട്ടാത്തതിൽ പ്രതിഷേധമുള്ള അനിയത്തി വീണ്ടും ഓർമ്മ

പ്പെട്ടത്തി—''ഏട്ടാ, ഇപ്രാവശ്യം വരുമ്പോഠം നല്ലൊരു ചെയിൻ കൊണ്ടുവരണം കെട്ടോ. ഇനി മറന്നുപോയി എന്നു പറഞ്ഞു വന്നാലുണ്ടല്ലോ......'' നിർവ്വികാരതസ്വരൂപകരം അമ്മയുടെ മുഖത്തു ദുഃഖത്തിന്റെ ഭയത്തിൻെറ ബീജം പടർന്നു പന്തലിക്കുന്നത് രഘു കണ്ടു. അതെ, അന്നു മുത്തശ്ശിയിൽ കണ്ട അതേ വികാരവൈവശ്യം. ലീവധികമില്ലാത്തതിനാൽ സമയം കളയാതിറങ്ങി.

നിറഞ്ഞുകവിഞ്ഞ സ്വാർത്ഥതയിൽ അധികം താമസിയാതെ വീണ്ടുമൊരു ടെലഗ്രാം ഒഴുകി വന്നപ്പോഠം തണുത്തുറഞ്ഞുപോയി. നാരായവേരററ ജീവിതത്തിലെ കരിയിലകളിൽ കാണുന്ന മൃഗതൃഷ്ണകളിൽ ഭ്രമിക്കപ്പെടുന്ന......''അല്ലാ, ഇതാര്. രഘു വരുന്ന വഴിയാണോ? വല്ലാതെ ക്ഷീണിച്ചിട്ടുണ്ട്. അല്ലേ? സാരമില്ല. വേഗം വീട്ടിലേക്കു ചെല്ലു. ഇതൊക്കെ വിധിയാണെന്ന് വെച്ചോളൂ.''

രാഘവൻ നായരാണ്. ഒന്നും സംസാരിക്കാനില്ലാത്തതിനാൽ നിശ്ശബ്ദമായി നിന്നു. ''എത്ര ദിവസത്തെ ലീവുണ്ട്? എന്നു തിരിച്ചുപോകും?'' പെട്ടെന്നൊരു മറുപടി പറയാൻ സാധിച്ചില്ല. ''ഒരു മാസത്തെ ലീവുണ്ട്. എന്നു പോകണമെന്നു തീരുമാനിച്ചിട്ടില്ല.'' വീട്ടിലെത്തിയില്ല. അതിനു മുമ്പേ എല്ലാവർക്കും അറിയണം എന്നു തിരിച്ചു പോകുമെന്ന്.

കൂർത്ത കല്ലുകഠംക്കു മുകളിലൂടെ ഓടിവന്ന ലോറി മണ്ണു നിറച്ച് പൊടി പരത്തിക്കൊണ്ട് നിരങ്ങി നീങ്ങി തിരിച്ചുപോയി. വയലിനെ തനിച്ചാക്കി, കൂടുതൽ ആഴത്തിലേയ്ക്കു താഴ്ത്തിവിട്ടുകൊണ്ട്...... താഴ്ചയ്ക്കൊരവസാനം കണ്ടെത്താൻ സാധിക്കാതെ..... മുന്നിലെ മരീചികയിലേയ്ക്കുററുനോക്കിക്കൊണ്ടുതന്നെ ജനജീവിതം പ്രയാണമാരംഭിച്ചു.

വരമ്പത്തേയ്ക്കു ചാഞ്ഞ വിളഞ്ഞ നെല്ല് തട്ടിമാററി മുന്നോട്ടു നീങ്ങുമ്പോഠം ശ്രദ്ധിച്ചു. ദ്രവിച്ച അസ്ഥിക്കൂടത്തിൻെറ ഇളകിയ കണ്ണികഠംപോലെ തകർന്ന താഴേടത്തു തറവാടിൻെറ പടിപ്പുര. താഴേടത്തു തറവാട് ക്ഷയിച്ച ദുഃഖസത്യത്തെ പ്രതിനിധാനം ചെയ്യുന്ന മുൻവശത്തെ ഉണങ്ങിയ ആൽമരം.

മറെറാരു മാവിനെക്കൂടി അഗ്നി ഭക്ഷണമാക്കി. അഗ്നിയിൽ അർപ്പിക്കപ്പെട്ട ഹവിസ്സിൽ, കാക്കകളുടെ ശബ്ദത്തിൽ ഉയർന്നുപൊങ്ങിയ പുക താഴേടത്തു തറവാടിനെ നോക്കി പരിഹസിച്ചു. കിഴക്കുവശത്തെ ഉണങ്ങിവീണ എരഞ്ഞിമരത്തിന് മറുപടി കൊടുക്കാൻ സാധിച്ചില്ല. തുച്ഛസംഖ്യയ്ക്കു മാപ്പുസാക്ഷിയാകേണ്ടിവന്ന മൂവാവിന് പറയാൻ ഒന്നും ഉണ്ടായിരുന്നില്ല. രണ്ടു കൂട്ടുകാരുടെ വീഴ്ചയിൽ പൊതിഞ്ഞ ദുഃഖത്തോടെ പാലയും പുളിയും നിസ്സഹായതയോടെ നോക്കിനിന്നു.

തളത്തിലെ നടുമുററത്തെ പുതിയ ഉറവുകണ്ട് രഘു അത്ഭുതപ്പെട്ടു. ''ഏട്ടനെത്ര ദിവസത്തെ ലീവുണ്ട്.'' നീലനിറത്തിലുള്ള ഹാഫ് പാവാടയും ചുവന്ന റിബ്ബണും ധരിച്ചിട്ടുള്ളഗീതയല്ല, കുപ്പിവളയും ചെയിനും കിട്ടാത്തതിൽ ദ്വേഷ്യമുള്ള ഗീതയല്ല; കണ്ണുകളിൽ ഭയത്തിൻെറ നീരുറഞ്ഞ, മുഖത്തു ദുഃഖം തളം കെട്ടിയ ഗീത. ''ഏട്ടനെന്താ, ഒന്നും മിണ്ടാത്തത്. ഏട്ടനെന്നാ പോകേണ്ടത്.'' ''അനിയത്തീ, നീയെങ്കിലും അത് ചോദിക്കാതിരിക്കൂ. എനിക്കു തിരിച്ചുപോകണം. ഇപ്പോഴല്ല. എന്നെന്നേയ്ക്കുമായി. അതിനുമുമ്പ് എനിക്കു ചെയ്തുതീർക്കാനുള്ള പല കാര്യങ്ങളും......''

പാലപ്പൂക്കഠം മാദകഗന്ധം പൊഴിക്കുന്ന രാവിൽ കരിമ്പനക്കാടുകഠം സൃഷ്ടിച്ച ഇരുട്ടിൽ നാലുകെട്ട് തളർന്നുറങ്ങി. സർപ്പക്കാവിൽനിന്നും ഇരതേടി പുറപ്പെട്ട പാമ്പ്. അനിയത്തിയുടെ കണ്ണിൽ നിഴലിച്ച ഭയം. വിളിച്ചാൽ വിളി കേഠംക്കാത്ത ദൈവങ്ങഠം. ചിറകുകൊഴിഞ്ഞുവീണ ഉണങ്ങിയ ആൽമരം. ഇടിഞ്ഞുവീഴാറായ കളപ്പുരയിൽ അഭയം തേടിയ പട്ടി. കരിമ്പനയുടെ നെറുകയിൽ ഇരുട്ടിനെ ഇഷ്ടപ്പെടുന്ന മൊരുവിന്റെ സന്തോഷം നിറഞ്ഞ നിർവൃതി. പാമ്പിൻ കാവിലെ ഇരുട്ടിൽ മുങ്ങിത്തപ്പി......ഒരുപിടി കരിയിലകഠം......സൗരഭ്യം നശിച്ചവ......

അമ്പലത്തിൽനിന്ന് പ്രസാദവും വാങ്ങി ചന്ദനക്കുറിയുമണിഞ്ഞ് വരുന്ന പ്രഭാതം. താഴേടത്തു തറവാടിൻെറ അററ കണ്ണികളെ കോർത്തിണക്കാനെത്തിയ വെയിൽനാളങ്ങഠം. മൂവാവിൻേറയും എരഞ്ഞിയുടേയും പുതിയ ബീജങ്ങഠം വളർത്താനുള്ള വ്യഗ്രത രഘുവിൽ തെളിഞ്ഞു. കിഴക്കു ഭാഗത്ത് ഒരു ആൽ വെച്ചുപിടിപ്പിക്കാൻ രഘു തീരുമാനിച്ചു. മനപന്തരങ്ങളിലൂടെ കണ്ടെത്താൻ സാധിക്കാത്ത എന്തോ ഒരു അനുഭൂതി ആശ്വാസം നല്കുന്നതുപോലെ.

# തീരങ്ങളിൽ

നിത്യദുഃഖിതയായ കാലം.

അവസാനമില്ലാത്ത മയക്കംപോലെ നഗരം; നഗരത്തിലെ വിരസമായ പകലുകളിലൊന്നിന്റെ ആവർത്തനമായി തളർന്നുകിടന്ന പാത; ചെമ്മണ്ണിന്റെ നിറമുള്ള—

ജനലഴികൾക്കു പുറത്ത്—

തകർന്നുവീണുകൊണ്ടിരുന്ന ദിവസത്തിന്റെ വ്യക്തമല്ലാത്ത സ്വരം, ആകാശത്തിൽ നഷ്ടപ്പെട്ട മദ്ധ്യാഹ്നപ്പക്ഷിയുടെ ചിറകുകൾക്കുകീഴെ, ഉണർന്ന ഭൂമിയിൽ സ്വപ്നമായി—, ഭയത്തിന്റെ ഞെട്ടലുകളുണ്ടാക്കി.

പിന്നീട്, ഒരായുർദൈർഘ്യത്തിന്റെ അസുഖകരങ്ങളായ ഓർമ്മപോലെ മാസങ്ങളിലൂടെ ഋതുക്കളും വർഷങ്ങളും—

ഇവിടെനിന്നും ആരംഭിക്കുകയോ അവസാനിക്കുകയോ ചെയ്യുന്ന, കണ്ണുകളിൽ ആലസ്യത്തിന്റെ വിത്തുമുളപ്പിച്ച നട്ടുച്ചകളിൽ—

മുറിയിലെ കനത്തുവന്നിരുന്ന ഏകാന്തതയുടെ ആവരണത്തിനുള്ളിലിരുന്നു, മടുപ്പിന്റെ അസ്വരസത്തിൽനിന്നും രക്ഷനേടാനായി ചിന്തിയ്ക്കാൻശ്രമിച്ചു. പിന്നെ—

അമൂർത്തങ്ങളായ വേദനയെ ചെപ്പിലൊതുക്കുവാൻ പാടുപെടുന്ന, മുഖത്തെ ദുഃഖഭാവം അടക്കിനിർത്താൻ പതിവായി സൺഗ്ലാസ്സിടുന്ന മോഹനേട്ടനെപ്പററി—സ്വന്തം നിലനില്പിനെപ്പററി.

—പുറത്തെ വെയിലിനു രൂക്ഷതവർദ്ധിക്കവെ ക്ഷീണംതോന്നി. പരന്ന മഞ്ഞവെയിലിനുകുറുകെ മൃഗതൃഷ്ണപോലെ ഒഴുകിനടക്കണമെന്നും, തളർന്നുവീഴുമ്പോൾ മരണത്തിനുമുപരിയായുള്ള ഒരാലസ്യതലത്തിലേയ്ക്കു വഴുതിയിറങ്ങണമെന്നും മോഹമുണ്ടായിരുന്നു; വളരെയധികം പഴക്കമേറിയ മോഹം.

—മഞ്ഞുവീണുകൊണ്ടിരുന്ന ഡിസംബറിലെ ഒരു സന്ധ്യ. സാധാരണപോലെ യാതൊരു മാററവുമില്ലാതെ കൊഴിഞ്ഞുവീഴുന്ന പകലുകൾ. സ്വയം തപിച്ചുകൊണ്ട് വേർപെടുത്തുവാൻ ശ്രമിക്കവെ മനസ്സിലുടക്കുന്ന വർഷക്കാലവേരുകൾ. ഒടുവിൽ, ഹോസ്ററലിലേക്കു ഫോൺകോൾ കിട്ടുമ്പോഴേക്കും ഉച്ചമയങ്ങിത്തുടങ്ങിയിരുന്നു. പലപ്പോഴും കാണണമെന്നു പറയാറുണ്ടെന്നും ചേച്ചിക്കപ്പോൾ കുറേ സീരിയസ്സാണെന്നും പറഞ്ഞുതീരുന്നതിനുമുൻപേതന്നെ തളർന്നിരുന്നു മോഹനേട്ടൻ. അപ്പോഴത്തെ മോഹനേട്ടന്റെ വിളറിവെളുത്ത രൂപം സങ്കല്പിക്കുന്നതിൽ അന്നൊക്കെ പ്രത്യേക രസംതന്നെ തോന്നിയിരുന്നു. ഹോസ്ററലിന്റെ മൂന്നാം നിലയിലുള്ള സ്പെഷ്യൽ വാർഡിലെത്തുമ്പോഴേക്കും ഭയം നെറുകയിലേക്കു അരിച്ചുകയറിയിരുന്നതായിമാത്രം ഓർമ്മയുണ്ട്.

പിന്നത്തെ രാത്രികൾക്കു നീളം കൂടുതലായിരുന്നു. വർഷത്തിലൊരിയ്ക്കൽമാത്രം തുറക്കാറുണ്ടായിരുന്ന തെക്കിനിയിലെ പൊടിനിറഞ്ഞു നിറംമങ്ങിയ സ്വർണ്ണത്തളികയിൽ സ്വന്തം മുഖം നഷ്ടപ്പെട്ടുവെന്നറിഞ്ഞപ്പോൾ നിസ്സഹായത; കണ്ണുകളിൽ നിദ്രാവിഹീനതയുടെ പാടുകൾ—

—വീടനാഥമായി കിടന്നിരുന്നതിനാലും അമ്മയുടെ നിർബ്ബന്ധത്താലും കോളേജെന്നുള്ളതു ഒരു വിദൂരസ്വപ്നം മാത്രമായി. അസ്വസ്ഥതനിറഞ്ഞ

പി: പ്രദീപ്കുമാർ, I B. A. (English)

കണ്ണുകൾകൊണ്ട് ചുമരിൽ വിരൂപങ്ങളായ ചിത്രമെഴുതി അക്കാലത്ത്. മയങ്ങുമ്പോൾ പെട്ടെന്നു ഞെട്ടിയുണരുകയും ഉണരുമ്പോൾ മയങ്ങുകയുംചെയ്തു. ഉണരുന്ന അസുലഭ നിമിഷങ്ങളിൽ—

കാമുവിനെ സ്വപ്നംകണ്ടു—,

സാർത്രിനെ—,

—തിയറി ഓഫ് എക്സിസ്ററൻഷ്യലിസത്തെ.

കോളേജിലുള്ള അനവധി പടികൾ കയറിയിറങ്ങി അവസാനത്തെ കോറിഡോറിലേക്കെത്തുമ്പോഴേക്കും ആശ്വസിപ്പിക്കാനെത്തുന്ന സുഹൃത്തിനെകണ്ടു.

ക്ലാസ്സിലെ വിരസമായ മണിക്കൂറുകൾക്കുശേഷം ക്ലബ്ബിലെ ടേബിൾടെന്നീസ് ബോർഡിനു മുമ്പിൽനിന്നു, ഗെയിംസ് നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ അഭിപ്രായമറിയിച്ച സുഹൃത്തിനെ—

—യൂ ഹാഫ് ഗോട്ട് പ്രെററിലിപ്പ്സ്, മൈ ഗേൾ.

ഷിഫോൺസാരിയിൽ സൌന്ദര്യം കണ്ടെത്തുന്ന, പ്രായമെത്തിയിട്ടും അവിവാഹിതയായിത്തുടരുന്ന യുവതിയായ, മിസ്സ് വിമലാനായർ—

മുററത്തു വെയിലേററുവാടിയ പാരിജാതപ്പൂക്കൾ; നോക്കിക്കിടക്കെ തെളിഞ്ഞുവരുന്ന ഭൂതകാലം, അരൂപിയായ സ്വപ്നങ്ങളെ താലോലിക്കുന്ന മനസ്സെന്ന കാർമേഘം. പൊടുന്നനെ പടിപ്പുര കടന്നു വരുന്ന മുഖങ്ങളിലൊന്നു് പരിചിതമായിരുന്നു. സൺഗ്ലാസ്സുവെച്ച, ദുഃഖഭാവമുള്ള—

ഇരുട്ടു കുറുകിക്കിടന്ന തെക്കിനിയിലെ അടക്കിപ്പിടിച്ച സംസാരത്തിൽ ശ്രദ്ധയേയില്ലെന്ന ഭാവത്തിൽ നടന്നു. വിവരമറിഞ്ഞപ്പോഴേക്കും ഞെട്ടിപ്പോയി; പിന്നെ വിയർത്തു.

വിധിയുടെ ഒരായിരം നഖമൂർച്ചയിൽനിന്നും പ്രാണരക്ഷാർത്ഥമെന്നോണം ഒരിസ്സൽക്കൂടെ ധൈര്യത്തോടെ പറഞ്ഞു; ദുർബ്ബലമായ ശബ്ദത്തിൽ—

—അമ്മേ, ഞാൻ ചേട്ടനെപ്പോലെ കരുതുന്നു....

—കുട്ടീ, നിൻെറ ഭാവിയോർത്താ ഞാനിതൊക്കെ പറയണത്—

പൂർത്തിയാകുന്നതിനുമുൻപേ ശബ്ദം തൊണ്ടയിൽ കുരുങ്ങിക്കിടന്നു.

സ്വന്തം ഭാവിയോർത്ത് മററുള്ളവർ വിലപിക്കുന്നതിലെ വ്യർത്ഥതയെപ്പററി മനസ്സിലാക്കിയപ്പോഴെക്കും കാലം ഒരുപാടു മാറിയിരുന്നു. ചേച്ചിയുടെ പതനത്തിൽ സഹതപിച്ചിരിക്കെ അപ്രതീക്ഷിതമായുണ്ടായ വാശിക്കുമുന്നിൽ കീഴടങ്ങേണ്ടി വന്നപ്പോൾ, അസ്വസ്ഥത പെരുകുകയും ഇരുട്ട് പൂർണ്ണമായും വന്നു പൊതിയുകയുംചെയ്തു.

—കട്ടിലിൽ, ബാത്തിക്ക് പെയിൻറുചെയ്ത ബെഡ്ഷീററിൽ വിധേയത്വത്തോടെ മയങ്ങിക്കിടക്കുമ്പോൾ പെൺകുട്ടി സ്വന്തം ചേച്ചിയെ മറന്നു; മദ്ധ്യാഹ്നപ്പക്ഷിയെ മറന്നു; ഭൂതഭാവികളെ മറന്നു.

പിന്നീട്, അടുത്തുവരുന്ന കാലൊച്ചക്കുവേണ്ടി കാത്തിരുന്നു.

# തിരിച്ചുവരവ്

സിമൻറിട്ട കോണിപ്പടി കയറി ചുററും നോക്കി. ചുകന്ന കടലാസ്സുപൂക്കരം തലയിൽ ചുംബിച്ചു. കല്ലു കൊണ്ടുകെട്ടിയ നടപ്പാതയ്ക്കുചുററും പലതരം കളർ ച്ചെടികരം. നടപ്പാതയവസാനിക്കുന്നിടത്ത് സുന്ദര മായ തോട്ടം. ചെടികരം കലാപരമായി വെട്ടി തോട്ടത്തിനുചുററും മതിൽ കെട്ടിയിരിക്കുന്നു. തോട്ടത്തിനുള്ളിൽ വിവിധവർണ്ണത്തിലുള്ള പൂക്കരം, തോട്ടത്തിൻെറ പിന്നിൽ ഓടുവെച്ച ചെറിയ ഒരു നില വീട്.

മനസ്സിലെ ഭീതി നിന്നനില്പിൽനിന്ന് ഇള കാൻ സമ്മതിക്കുന്നില്ല. അപരിചിതത്വം ശരീര മാകെ അനുഭവപ്പെട്ടു. സംശയത്തോടുകൂടി കാലുകരം മുമ്പോട്ടുവെച്ചു. കാലുകരംക്ക് സ്വാധീനമില്ലാത്തതു പോലെ തോന്നി. മുററത്തെത്തിയപ്പോരം സൂട്ട് കെയ്സ് താഴെവെച്ച് പാൻറിൻെറ കീശയിൽ നിന്നെടുത്ത സിഗരററിന് തീ കൊളുത്തി. തീപ്പെട്ടിയുരയ്ക്കുന്ന ശബ്ദം കേട്ടിട്ടാവണം മുററത്തെ വെളുത്ത പൂഴിയിൽനിന്ന് കളിക്കുകയായിരുന്ന കുട്ടി തിരിഞ്ഞുനോക്കി. ചുകന്ന ഫ്രോക്കുധരിച്ച വെളുത്ത പെൺകുട്ടിയെ കാണാൻ നല്ല ചന്തം. 'അമ്മേ..... പുറത്ത് ആരോ വന്നിരിക്കുന്നു'. അവരം വിളിച്ചു കൂവി.

ഞാൻ സിഗരററിൻെറ വെളുത്ത പുക ചുരുളുകളാക്കി അന്തരീക്ഷത്തിൽ പരത്തി ഡോർകർട്ടനിളകുന്നുണ്ടോ എന്നു നോക്കിനിൽക്കുകയായിരുന്നു.

'എനിക്കു തെററുപററിയോ?' വീടുമാറിയിട്ടില്ലെന്നുറപ്പുവരുത്താൻ മൂന്നുപേരോടു ചോദിച്ചു സംശയം തീർത്തതാണ്. പിന്നെ വീണ്ടും താനെന്തിനിങ്ങനെ സംശയിക്കുന്നു.

നിമിഷങ്ങരംക്കുശേഷം സ്വർണ്ണവളയിട്ട ഒരു വെളുത്ത കൈ കർട്ടൻ അകററി. ഒരു സ്ത്രീയുടെ മുഖം പ്രത്യക്ഷപ്പെട്ടു. എന്നെ മനസ്സിലാകാഞ്ഞിട്ടാവാം കുറച്ചുകൂടി മുന്നോട്ടുവന്ന് വാതിൽപടിയും ചാരി തറപ്പിച്ചുനോക്കുന്നത്. ഞാനും അതുപോലെ ചെയ്തു. ഇത് അവരംതന്നെയല്ലെ? വീണ്ടും സംശയം. ചീകിയൊതുക്കാത്ത നീണ്ട ചുരുളൻമുടി. നീണ്ട കണ്ണുകരം. ചിരിക്കുമ്പോരംമാത്രം തെളിഞ്ഞു കാണാവുന്ന നുണക്കുഴികളുടെ അടയാളം. നെററിയുടെ വലത്തുഭാഗത്തെ നീണ്ട മുറിയുടെ കല. ചുകന്ന ചുണ്ടുള്ള ചെറിയ വായ. അതെ അവരംതന്നെ. മനസ്സുവേഗം ഉത്തരം കണ്ടുപിടിച്ചു.

'ഇയാരം ഏതാമ്മേ.....' കുട്ടി അങ്ങിനെ ചോദിച്ചത് നീണ്ടനേരത്തെ ഞങ്ങളുടെ തുറിച്ചുനോട്ടം കണ്ടിട്ടായിരിക്കും.

'കയറിയിരിക്കാം'' ഗൗരവംകലർന്ന ശബ്ദം.

സൂട്ട്കെയ്സ് കോലായിൽവെച്ച് ദിനപ്പത്രം വെച്ചിരുന്ന കസേരമേൽ ഇരുന്നു. സിഗരററിൻെറ കുററി അമർത്തിവലിച്ചു. സിഗരററിൻെറ പുകപോലെ മനസ്സിലെ വികാരങ്ങരം ശരീരമാകെ അരിച്ചു കയറി. വിരൽത്തുമ്പിൽ ചൂടുപററിച്ചേർന്നപ്പോരം സിഗരററുകുററി മുററത്തേയ്ക്ക് വലിച്ചെറിഞ്ഞു. നിമിഷങ്ങരം ചിറകററുവീണു.

'അദ്ദേഹം ഇവിടെ ഇല്ല. അഞ്ചുമണിക്ക് ഓഫീസ്സിൽനിന്ന് തിരിച്ചുവന്നേയ്ക്കും. എനിക്ക് അടുക്കളയിൽ ജോലിയുണ്ട്''. അവരം ഗർവ്വോടെ അകത്തേയ്ക്കുവലിഞ്ഞു. ഡോർകർട്ടൻ പൂർവ്വസ്ഥിതി പ്രാപിച്ചു ഇളകിക്കൊണ്ടുനിന്നു.

**ശ്രീധരൻ, വേക്കോട്ട്, I M. Com.**

മുഖംവെട്ടിച്ചുള്ള അവളുടെ നടത്തം ഓർമ്മയിൽ മറഞ്ഞുകിടന്ന എന്തിനേയൊ ചികഞ്ഞെടുത്തു.

അന്നൊരു ദിവസം—

ഫസ്റ്റ്ഹവർ ക്ലാസ്സില്ലാത്തതിനാൽ ബസ്സ്സ്റ്റാൻറിലേയ്ക്ക് പോവുകയായിരുന്നു. താറിട്ട റോഡ് തോട്ടത്തിനെ വളഞ്ഞുവലംവെച്ച് സ്റ്റാൻറിലേക്കൊഴുകുന്നു. ചെടികളെ വെട്ടി മതിൽ സൃഷ്ടിച്ച തോട്ടത്തിൻെറ ഒരു ഭാഗത്തെത്തിയപ്പോരം എതിരെ അവരം വരുന്നതുകണ്ടു. പെന്നുതിരുകിയ കൈവിരലുകൊണ്ട് പുസ്തകത്തെ മാറോടുചേർത്ത്, ചുകന്ന ധാവണിചുററിയ കനകം. ക്ലാസ്സിന്നടുത്തുകൂടി കുണുങ്ങിനടന്നു പോകുമായിരുന്ന അവളെ പരിചയപ്പെടണമെന്ന് പലതവണ തോന്നിയതാണ്. ഇതുവരെ അതിനൊരവസരം കിട്ടിയില്ല. ഞാൻ ക്ലാസ്സിലിരുന്നുകൊണ്ടുതന്നെ പുറത്തേയ്ക്ക് നോക്കിച്ചിരിക്കും. അതിന്ന് മറുപടിയെന്നോണം അവരം കണ്ണുകൊ

ണ്ടൊരു തറപ്പിച്ച നോട്ടമായിരിക്കും. ആ നോട്ടം അടിമുതൽ മുടിവരെ രക്തത്തിൽ കുടുങ്ങിയ സൂചികളൊക്കെ ഓടിനടക്കും. പേരുമനസ്സിലാക്കിയതുതന്നെ സുഹൃത്തുക്കളോട് ചോദിച്ചിട്ടാണ്. ഇപ്പോൾ എല്ലാററിനും അവസരം കിട്ടിയിരിക്കുന്നു. പലതും പറയണമെന്ന് മനസ്സിൽ കരുതി. പക്ഷേ ആശയങ്ങൾക്ക് രൂപംനൽകാൻ കഴിഞ്ഞില്ല. നാക്ക് താഴോട്ടിറങ്ങുന്നതുപോലെ തോന്നി.

വാട്ട് ഈസ് ദ ടൈം നൌ? അടുത്തെത്തിയപ്പോൾ അങ്ങിനെയാണ് ചോദിച്ചത്.

'കൈമേൽ വാച്ചിരിക്കെ സമയം അറിയേണ്ട ആവശ്യം'? വെറുപ്പുകലർന്ന മുഖഭാവത്തോടെ തിരിഞ്ഞുനടക്കാൻ ശ്രമിച്ചു.

'ടു അഡ്ജസ്റ്റ്....'

'ടു അഡ്ജസ്റ്റ് വാട്ട്?' നുണക്കുഴികൾ തെളിച്ചുകൊണ്ട് ചുണ്ടുകൾ വലിഞ്ഞു. അവൾ ചിരി മറയ്ക്കാൻ ശ്രമിച്ചെങ്കിലും മുഖം പരാജയപ്പെടുത്തി. ഇങ്ങനെയൊക്കെ സംസാരിക്കുമെന്ന് കരുതിയിരുന്നില്ല. 'വാട്ട് അഡ്ജസ്റ്റ്' എന്ന ചോദ്യചിഹ്നം ശരീരത്തിൽ മുഴുവൻ മധുരമുള്ള മുറിവുകളേല്പിച്ചു. വീണ്ടും തിരിഞ്ഞുനോക്കിയപ്പോൾ മുഖം തിരിച്ചു ചിരിക്കുന്ന അവളുടെ മുഖം കണ്ടു. ആ ചിരിയിലും തൻെറ നോട്ടത്തിലും ആ ചോദ്യത്തിൻെറ ഉത്തരമുണ്ടായിരുന്നു.

ആ മുഖം വെട്ടിച്ചുള്ള നടത്തം, ആ ചിരിക്കുന്ന മുഖം മനസ്സിൽ കുറേ ദിവസങ്ങളോളം തങ്ങിനിന്നു. പലതവണ മനഃപൂർവ്വം ക്ലാസിലിരിക്കാതെ ഗേൾസ് റീഡിംഗ്റൂമിൻെറടുത്തുപോയിനിന്നു. ഇടയ്ക്കൊക്കെ ഒന്നു ചിരിക്കുകമാത്രംചെയ്തു് അവൾ നടന്നുമറയും. എൻെറ മനസ്സിൽ ആ ചിരികൾക്ക് പല വ്യാഖ്യാനങ്ങളും നൽകപ്പെട്ടു. പ്രേമമെന്ന വികാരം എന്നെ കീഴടക്കി. ആഴ്ചകളും മാസങ്ങളും അരിച്ചുപോയപ്പോൾ എൻെറ മനസ്സിൽ അവളുടെ വ്യക്തമായ രൂപം പ്രതിഷ്ഠിക്കപ്പെട്ടിരുന്നു; അവളുടെ സമ്മതമില്ലാതെ.

കോളേജിലെ സ്പോർട്ട്സ് താരമായ കനകത്തിന് യൂനിവേഴ്സിററി താരമായി സെലക്ഷൻ കിട്ടിയെന്നറിഞ്ഞപ്പോൾ അവളേക്കാൾ കൂടുതൽ സന്തോഷിച്ചത് താനായിരിക്കണം. പക്ഷെ, ഒരു പ്രത്യേക ദിവസത്തെക്കുറിച്ചോർത്തപ്പോൾ വേദനയും സന്തോഷവും തോന്നി. മനസ്സിൽ വേദന സൃഷ്ടിച്ചതോടൊപ്പംതന്നെ ഞങ്ങൾതമ്മിൽ കൂടുതൽ അടക്കാനും അതിടയാക്കി.

കോളേജിൻെറ പടിഞ്ഞാറുവശം. ചുകന്ന ചരക്കല്ലുനിറഞ്ഞ സ്പോർട്ട്സ് ഗ്രൗണ്ടിൻെറ ഒരു വശം ഹൈജംപ് പ്രാക്ടീസ്ചെയ്യാൻ സജ്ജമാക്കിയിരുന്നു. രണ്ടു പോസ്റ്ററിന്മേൽ എളുപ്പം വെയ്ക്കാനും എടുത്തുമാററാനും കഴിയുന്ന ഒരു ചെറിയ ഓട വിലങ്ങനെ വെച്ചിട്ടുണ്ടായിരുന്നു. പോസ്റ്ററിൻെറ പിന്നിൽ പൂഴി കൂട്ടിയിട്ടുണ്ട്. എന്നോടൊപ്പം എൻെറ കൂട്ടുകാരായ മററു മൂന്നു കുട്ടികളുമുണ്ടായിരുന്നു കളികാണാൻ. കനകത്തോടൊപ്പം സെലക്ഷൻ കിട്ടിയ മററു പെൺകുട്ടികളും. നീല ഫ്രോക്കുധരിച്ച പെൺകുട്ടികൾ. കനകം ഫ്രോക്കുധരിച്ചപ്പോൾ ഒരു ചെറിയ കുട്ടിയെപ്പോലെ തോന്നിച്ചു. അവർ ഓരോരുത്തരായി ഓടിവന്നു ഓടിവന്നു ഓട ചാടിക്കടന്നു. മുളയരത്തിൽ വെച്ചപ്പോൾ ചിലർക്ക് ചാടാൻ വിഷമം തോന്നി കനകം ഒഴിച്ച് മറെറല്ലാവരും ഓട താഴെ തെറിപ്പിച്ചുകൊണ്ട് ചാടാൻ സാധിക്കാതെ നിരാശരായി. കുറച്ചുകൂടി ഉയർത്തിവെച്ചിട്ടും കനകം നിഷ്പ്രയാസം കടന്നുതള്ളി. എല്ലാവരും പ്രത്യേകിച്ച്, ഞാൻ സന്തോഷിച്ചു. 'ഈ ഹൈററ് തുള്ളുകയാണെങ്കിൽ കനകത്തിന് കഴിഞ്ഞകാലത്തെ റിക്കാർഡുകൾ തകർക്കാൻ കഴിയും' ടീച്ചർ ഓട കുറച്ചുകൂടി ഉയർത്തിവെച്ചുകൊണ്ടു പറഞ്ഞു.

കനകം ചാടാൻവേണ്ടി തയ്യാറാവുകയായിരുന്നു. ഞങ്ങൾ കയ്യടിച്ചു. അവൾ ഓടിവരുമ്പോൾ ഞാനും ഓടുന്നതുപോലെ തോന്നി. പെട്ടെന്നതു സംഭവിച്ചു. ഓട കാലുകൊണ്ട് തട്ടിത്തെറിച്ചു. അവൾ പൂഴിയിൽ വീണു. പിളർന്ന ഓട കുറച്ചുകലെ കിടന്നു. രക്തത്തുള്ളികൾ പൂഴിയിൽ ഉററിവീണു. എല്ലാവരും പരിഭ്രാന്തരായി. വെളുത്ത കാൽമുട്ടിന്നു മുകളിൽനിന്നും രക്തം വാർന്നൊലിക്കുന്നു. ഞാൻ ഓടിച്ചെന്ന് കഴുത്തിലിരുന്ന ടവ്വൽകൊണ്ട് മുറി പൊതിഞ്ഞു വരിഞ്ഞുകെട്ടി. ആരോ കാറിന്ന് ഫോൺചെയ്തു. കാർ വന്നു. കനകത്തോടൊപ്പം ടീച്ചറും മററു പെൺകുട്ടികളും കാറിൽ കയറി. കാർ ഇളകാൻ ഭാവിച്ചപ്പോൾ ഞാനും കയറാൻ ശ്രമിച്ചു.

'രാജു വരണ്ട. ഞങ്ങൾതന്നെ അധികമാണ്' ടീച്ചർ പറഞ്ഞു.

പെട്ടെന്ന് കാർ ഞരങ്ങിമൂളി ഓടി. പിൻസീററിൽ ലതയുടെ തൊട്ടടുത്തിരിക്കുന്ന കനകത്തിൻെറ പിൻഭാഗം മാത്രമെ എനിക്ക് വ്യക്തമായി കാണാൻ കഴിഞ്ഞുള്ളു.

തിരികെവന്ന് ഗ്രൗണ്ടിന്നടുത്ത് തരിച്ചുനിന്നു. രക്തംപുരണ്ട് കട്ടപിടിച്ച പൂഴി കോരിയെടുത്തു ചുംബിച്ചു. മററു കുട്ടികൾ അടുത്തുണ്ടായിരുന്നു എന്ന ബോധം എനിക്കുണ്ടായിരുന്നില്ല. അവർ എന്നെ നോക്കി അർത്ഥംവെച്ച് ചിരിച്ചു. ഞങ്ങൾ നാലുപേരും ഹോസ്റ്റലിലേയ്ക്കു നടന്നു.

എൻെറ മനസ്സുനിറയെ വാടിയ മുഖമുള്ള കനകമായിരുന്നു.

'കീറിയ ഓട കാലിന്നിടയിൽക്കുടുങ്ങി മുറിഞ്ഞതാണ്'. ആരോ പറഞ്ഞു.

'എങ്കിലും ആ മുറി വല്ലാത്ത സ്ഥലത്തായിപ്പോയി' ചിരിച്ചുകൊണ്ട് സെയ്തു പറഞ്ഞു. മററുള്ളവർ പൊട്ടിച്ചിരിച്ചു.

'രക്തബന്ധം എന്നതുകൊണ്ടുദ്ദേശിക്കുന്നത് രക്തത്തോടുള്ള സ്നേഹം എന്നായിരിക്കുമോ?' രണ്ടു

ത്ഥംവെച്ചു പറയാറുള്ള ചെറുട്ടി എന്ന സൂത്രക്കാരൻ എന്റെ കൈ പിടിച്ചുവലിച്ചുകൊണ്ട് ചോദിച്ചു.

'കലാകാരനല്ലെ? വെളുത്ത പൂഴിയിൽ ചുകന്ന രക്തത്തുള്ളി കണ്ടപ്പോൾ ആകർഷിച്ചതായിരിക്കും'. വേദനയിലും തമാശ കണ്ടെത്തുന്ന ദാസൻ പറഞ്ഞു.

ഹോസ്റ്റലിലെത്തിയിട്ടും മനസ്സമാധാനമുണ്ടായില്ല. മുറിപൂട്ടി കിടക്കയിൽ മലർന്നുകിടന്നു. ചിന്തകൾ നാലുപാടും കുതിച്ചോടി. തല പുകയുന്നു. ശരീരം ചുട്ടുപൊള്ളുന്നതുപോലെ. ഞാനറിയാതെ ആ ദിവസം മരിച്ചുവീണു.

പിറേറന്ന് ആശുപത്രിയിലേക്കോടി. കിടക്കമേൽ മലർന്നുകിടക്കുന്ന കനകം എന്നെ കണ്ടപ്പോൾ പുഞ്ചിരിച്ചു.

'എങ്ങിനെയിരിക്കുന്നു?'

'ഭേദമുണ്ട്. സ്റ്റിച്ച് ചെയ്തിട്ടുണ്ട്. ഏഴു ദിവസം കഴിഞ്ഞാൽ പോകാമെന്നു പറഞ്ഞു'.

നിമിഷങ്ങളോളം നിശ്ശബ്ദത.

'ഏതായാലും രക്തംപുരണ്ട ടവ്വൽ ഉപയോഗിക്കാൻ കൊള്ളാതായി'.

'സാരമില്ല. ആ രക്തത്തിന്റെ കറ ടവ്വലിന്മേൽ മാത്രമല്ല എന്റെ മനസ്സിലും പററിപ്പിടിച്ചുപോയി. പക്ഷേ, മനസ്സിലേത് നിന്റെ ചിത്രമായി മാറിയെന്നുമാത്രം.'

അവൾ പുഞ്ചിരിച്ചു.

ദിവസങ്ങൾക്കുശേഷം അവൾ ആശുപത്രിയിൽ നിന്നു കോളേജിൽ വന്ന ദിവസം ഞങ്ങൾതമ്മിൽ കണ്ടു. പലതും പറഞ്ഞു. ആ കണ്ടുമുട്ടലുകൾ പല തവണ ആവർത്തിച്ചു. മനസ്സുതുറന്ന സംസാരം. വിമൻസ് ഹോസ്റ്റലിന്റെ ഇടവഴികൾ ഞങ്ങളെപ്പററി പലതും മനസ്സിലാക്കിക്കാണും.

'കാപ്പി' ശ്രദ്ധാപൂർവം ഗ്ലാസ്സുമായി കുട്ടി മുന്നിൽ വന്നുനിൽക്കുന്നു. ഗ്ലാസ്സുവാങ്ങി മേശമേൽ വെച്ചു. പൊള്ളിയിട്ടായിരിക്കണം കൈകുടഞ്ഞുകൊണ്ട് ചുകന്ന ഫ്രോക്കുകാരി അകത്തേയ്ക്കുപോയത്. കനകം വാതിലിന്നടുത്തു നിൽക്കുന്നുണ്ടെന്ന് പിന്നീടാണ് മനസ്സിലായത്.

'ക്ഷമിക്കണം. ഞാൻ പോകുന്നു.'

'ക്ഷമിക്കാനൊന്നും സംഭവിച്ചില്ല. പക്ഷേ, സ്ഥാനത്തും അസ്ഥാനത്തും ഉപയോഗിച്ച് നിങ്ങളെപ്പോലുള്ള ആണുങ്ങൾ ആ വാക്കിന്റെ അർത്ഥം നശിപ്പിച്ചുകളഞ്ഞു'.

'കനകം ഇങ്ങനെ ചെയ്യുമെന്ന് ഞാൻ കരുതിയിരുന്നില്ല'.

'ഞാനും'

'ഞാനെന്തുചെയ്തെന്നാണ് നീ പറയുന്നത്'?

'ഞാനെന്തുചെയ്തു'?

'നീ ഒന്നും ചെയ്തില്ല. അല്ലേ? കോളേജ്ഹോസ്റ്റലിന്റെ ചുമരുകൾക്കും കുന്നിൻപുറത്തെ കറുത്ത മൊട്ടപ്പാറകൾക്കും നാക്കുണ്ടായിരുന്നെങ്കിൽ അവ പറയുമായിരുന്നു നീ എന്തുചെയ്തെന്ന്. ആയിരം തവണ നീ ആണയിട്ടുപറഞ്ഞ വാക്കുകൾ എല്ലാം പൊള്ളയാണെന്ന് ഇപ്പോൾ മനസ്സിലായി. 'ജീവിതത്തിൽ സ്നേഹിക്കുകയും വിവാഹം കഴിക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അത് രഘുവേട്ടനെ മാത്രമായിരിക്കും' എന്ന നിന്റെ പല്ലുവിയുടെ പൊരുളും അത്മവഞ്ചന മാത്രമായിരുന്നു. അല്ലേ?'

'കഴിഞ്ഞോ?'

'കഴിഞ്ഞില്ല. തുടക്കം മാത്രമായിരുന്നു. ഞാൻ നിന്റെ വാക്കുകളിൽ വിശ്വസിച്ചു. ജോലിയോ പണമോ ഇല്ലാത്ത ഞാൻ എങ്ങിനെ നിന്നെ വിവാഹം കഴിക്കും എന്നോർത്ത് പല സ്ഥലത്തും ജോലിയന്വേഷിച്ചു നടന്നു. ഒടുവിൽ ബോംബെ പട്ടണത്തിന്റെ തെരുവിൽ കത്തുന്ന വെയിലത്ത് എല്ലാവിധ കഷ്ടതകളും സഹിച്ച് പല ജോലിയും ചെയ്തു. പണമുണ്ടാക്കണം എന്ന ഒററ ലക്ഷ്യത്തോടെ. അതൊന്നും എനിക്ക് ബുദ്ധിമുട്ടുകൾ തോന്നിയിരുന്നില്ല. കാരണം എന്റെ മനസ്സിൽ കുളിർമയുണ്ടാക്കുന്ന ഒരനുഭൂതിയുണ്ടായിരുന്നു. അവസാനം ഞാനൊരു പണക്കാരനായി നിന്നെ സ്വീകരിക്കാൻ തിരിച്ചുവന്നപ്പോൾ എന്റെ ആശകളും പ്രതീക്ഷകളും നശിച്ചതായി മനസ്സിലായി'.

'കളവുപറയാനും അറിയാം അല്ലേ? നാട്ടിൽ നിന്ന് ഒളിച്ചോടിപ്പോയത് ജോലിയന്വേഷിക്കാനാണ്; അല്ലാതെ ഞാൻ ഗർഭിണിയാണെന്ന സത്യം അറിഞ്ഞാൽ നിങ്ങളുടെ അന്തസ്സ് നശിക്കും എന്നുവിചാരിച്ചിട്ടല്ല'?

'അതും ഒരുവിധത്തിൽ ശരിയാണ്. എന്നാൽ എന്റെ അന്തസ്സിന്റെ പ്രശ്നമല്ല, മറിച്ച് സാമ്പത്തികപരാധീനതയാണ് എന്നെ നാടുവിടാൻ പ്രേരിപ്പിച്ചത്.

'പുരുഷന് തോന്നുമ്പോൾ പലതും ചെയ്യാം. തൽക്കാലം രക്ഷപ്പെടാൻ സ്ഥലം വിട്ടാലും മതി. പക്ഷേ ഒരു സ്ത്രീ!.... അവൾ എന്നും സമൂഹത്തിന്റെ മുമ്പിൽ തെററുകാരി; കൊള്ളരുതാത്തവൾ. പുരുഷന്ന് തെററുചെയ്താലും സമൂഹത്തിൽ തലയുയർത്തി നടക്കാം. ബലിയാടാവുന്നത് സ്ത്രീ മാത്രം. മാത്രമല്ല, അവന്ന് സ്ത്രീക്കെതിരെ അലിഖിതങ്ങളായ പല നിയമങ്ങളും കെട്ടിച്ചമച്ച് സ്ത്രീയെ ചങ്ങലക്കിടാം. എന്റെ അന്നത്തെ സ്ഥിതി ആർക്കും മനസ്സിലാവുകയില്ല. അല്ലെങ്കിലും ഇന്നതെന്തിനൊക്കെ ആവർത്തിക്കുന്നു'. ദീർഘമായി നെടുവീർപ്പിട്ടു.

'ഞാനതു മനസ്സിലാക്കുന്നു കനകം. അന്നും ഞാനതു മനസ്സിലാക്കിയിരുന്നു. വാടിയ മുഖവും, ഉന്തിയ വയറുമുള്ള കനകം എന്റെ മുമ്പിൽവന്ന് കരയുന്നത് മാസങ്ങളോളം ഞാൻ മനസ്സിൽ കണ്ടിട്ടുണ്ട്. ഞാൻ

നിമിത്തം ഒരു സാധു പെൺകുട്ടി നശിച്ചുപോയല്ലൊ എന്നോർത്ത് പലതവണ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. പണക്കാരനായി തിരിച്ചുവന്ന നിന്നെ എന്റേതാക്കലാണ് അതിലും നല്ലതെന്ന് ഞാൻ വിചാരിച്ചു. എന്നിട്ട് നിന്നോട് മാപ്പുചോദിക്കമെന്ന് കരുതി. അല്ലാതെ ആത്മഹത്യ ഇതിന്നൊരു പരിഹാരമാർഗ്ഗമായിരിക്കുകയില്ല എന്ന് എന്റെ മനസ്സ് പറഞ്ഞു'.

'ഞാൻ ഗർഭിണിയാണെന്നറിഞ്ഞപ്പോൾതന്നെ വീട്ടുകാർ പലതും പറഞ്ഞു. പലതും ചെയ്തു. മുൻകോപിയും യാഥാസ്ഥിതികനുമായ എന്റെ അച്ഛൻ എന്നെ കൊന്നില്ലെന്നുമാത്രം. ഒടുവിൽ വീട്ടുകാർ വിവാഹത്തിന്നു പ്രേരിപ്പിച്ചു. എല്ലാവരും എന്നെ വെറുത്തപ്പോൾ ഒരാൾമാത്രമെങ്കിലും ആശ്വസിപ്പിക്കാനുണ്ടാകുമെന്ന് കരുതി നിങ്ങളെപ്പററി അന്വേഷിച്ചു. അവിടെയും ഞാൻ പരാജയപ്പെട്ടു. എന്റെ ചുററും തുറിച്ചുനോക്കുന്ന മുഖങ്ങൾ. എല്ലാവരുടെ കണ്ണുകളിലും സംശയമുൾക്കൊള്ളുന്ന അഗ്നിജ്വാലകൾ. ഞാൻ അവയുടെ തീക്ഷ്ണമായ ചൂടിൽക്കിടന്ന് ഉരുകി. പക്ഷെ അതും കാണാൻ ആരുമുണ്ടായിരുന്നില്ല. എങ്കിലും പൊള്ളയായ ആത്മഹത്യയിൽ ഞാൻ വിശ്വസിച്ചിരുന്നില്ല. ഒടുവിൽ വീട്ടുകാരുടെ അഭിമാനം രക്ഷിക്കാൻ, മററുള്ളവരുടെ തുറിച്ചുനോട്ടത്തിൽനിന്ന് രക്ഷപ്പെടാൻ, മററു സ്ത്രീകളെപ്പോലെ തലയുയർത്തി നടക്കാൻ ഞാൻ വിവാഹത്തിന്നു സമ്മതിച്ചു. പക്ഷെ എന്റെ ഭർത്താവിനെ വഞ്ചിക്കരുതെന്നുകരുതി പൂർവ്വകാലകഥകളെല്ലാം ഞാൻ അയാളോടു പറഞ്ഞു. നല്ലവനായ അദ്ദേഹം എല്ലാം ക്ഷമിച്ചു എന്നെ വിവാഹം കഴിക്കാൻ തയ്യാറായി. മാത്രമല്ല, അച്ഛനെയറിയാത്ത ബിന്ദുമോളെ സ്വന്തം മകളെപ്പോലെ വളർത്തുകയും ചെയ്യുന്നു'.

'മോളേ....!' ഞാൻ ബിന്ദുവെ കൈക്കുള്ളിലമർത്തി ചുംബിച്ചു. അവൾ എന്നെ പകച്ചുനോക്കുന്നുണ്ടായിരുന്നു. ഞാൻ അച്ഛനാണെന്നറിഞ്ഞപ്പോൾ എന്തെന്നില്ലാത്ത ആഹ്ലാദം എന്നെ വാരിപ്പുണർന്നു. ഞാൻ ഒരു വലിയ മനുഷ്യനായതുപോലെ തോന്നി. എന്റെ ലോകത്തിൽ പണക്കാരനായ ഞാനും സുന്ദരിയായ കനകവും ബിന്ദുമോളും മാത്രം. എന്തൊരനുഭൂതി !

'കനകം ഞാൻ തെററുകാരനാണ്. (എനിക്ക് വിറയ്ക്കുന്നുണ്ടായിരുന്നോ ?) പക്ഷേ ആ തെററുകൾ ഇനിമുതൽ ഒരുവലിയ ശരിയെ സൃഷ്ടിച്ചേയ്ക്കും. ഞാൻ ഇപ്പോഴും നിന്നെ ആത്മാർത്ഥമായി സ്നേഹിക്കുന്നു. ഞാൻ നിന്നെ വിവാഹം ചെയ്യാം. നമുക്ക് ആരുമറിയാതെ ഒളിച്ചോടാം. എന്തുപറയുന്നു കനകം?

നിർവ്വികാരയായി അവൾ ചിരിക്കാൻ ശ്രമിക്കുകമാത്രം ചെയ്തു.

'സമയം കഴിഞ്ഞു. ഇന്ന് ഞാൻ എന്നെ ജീവനതുല്യം സ്നേഹിക്കുന്ന ഒരാളുടെ ഭാര്യയാണ്. ഞാനൊരിക്കലും അയാളെ വഞ്ചിക്കുകയില്ല. ദയവു ചെയ്ത് രഘു അക്കാര്യംമാത്രം പറയരുത്''.

എന്റെ ആശകൾ ചിറകൊടിഞ്ഞുവീണു. എന്നെ എനിക്ക് നിയന്ത്രിക്കാനാവുന്നില്ല. ആകെ നശിച്ച ഞാൻ വീണ്ടും ചീഞ്ഞഴിയാൻ തുടങ്ങുന്നു. വർഷങ്ങളോളം എന്നെ നയിച്ച രൂപം വെറുത്ത് പുറംകാലുകൊണ്ട് ചവിട്ടാൻ മുതിരുന്നു. എല്ലാ വിഷമങ്ങളും കടിച്ചമർത്തി സ്വയം സമാധാനിച്ചു.

'ബിന്ദുമോളെ ഞാൻ കൂടെ കൂട്ടുന്നു. എന്റെ ആഗ്രഹമാണ്. കനകം എതിർത്തുപറയരുത്'.

'രഘു നിർബ്ബന്ധം പിടിക്കരുത്. ബിന്ദുമോളില്ലാത്ത ജീവിതം എനിക്കോർക്കാൻകൂടി കഴിയുന്നില്ല. മാത്രമല്ല, എന്റെ ഭർത്താവിന് അവളെ ജീവനാണ്. രഘു മറെറാന്നും ചിന്തിക്കാതെ നല്ല വിവാഹം കഴിച്ചു ജീവിക്കു. കഴിഞ്ഞതൊക്കെ കഴിഞ്ഞു. സന്തോഷിച്ച അത്രതന്നെ നമ്മൾ ദുഃഖിക്കുകയും ചെയ്തു. കാലം ഇതൊക്കെ മറക്കാൻ നിങ്ങളെ സഹായിക്കും'.

അവസാനത്തെ ആഗ്രഹവും വിലക്കപ്പെട്ടു. ആയിരം കടന്നലുകൾ തലയ്ക്കുചുററും കുത്തി മുറിവേല്പിക്കുന്നു. പ്രതീക്ഷകളോടെയുള്ള തിരിച്ചുവരവിന്റെ അന്ത്യം....! ഓർക്കാൻകൂടി കഴിയുന്നില്ല. നിമിഷങ്ങളോളം കുത്തിയിരുന്നു. എന്തോ ചിന്തിച്ചുറച്ചതുപോലെ വീട്ടിൽനിന്നും ഇറങ്ങി

'രഘു....! സൂട്ട്കെയ്സ്''

തിരിച്ചുവന്നു സൂട്ട്കെയ്സും എടുത്ത് കോണിയിറങ്ങി. ശത്രുക്കളെപ്പോലെ പറമ്പിൽനിന്നു തുങ്ങി നിൽക്കുന്ന മുൾപ്പടർപ്പുകൾ ശരീരത്തിൽ മുറിവേല്പിച്ചു. യാന്ത്രികമായി നടക്കുമ്പോഴും കുററബോധം എന്നിൽ ആളിപ്പടരുകയായിരുന്നു. സ്വയം തീർത്ത ഇരുമ്പുചങ്ങലകളിൽക്കിടന്നു പുളയുകയായിരുന്നു ഞാൻ. ലക്ഷ്യമില്ലാതെ എവിടേയ്ക്കോ നടന്നു. കറുപ്പുകലെ സമാന്തരരേഖയിലൂടെ കുതിച്ചോടുന്ന വണ്ടിയുടെ ചൂളംവിളികളിലൂടെ മനസ്സിലേയ്ക്ക് താഴ്ന്നിറങ്ങി. അതിവേഗം കറങ്ങുന്ന ചക്രങ്ങൾ എന്റെ ദുഃഖങ്ങളെ ചതച്ചരച്ച് കൊല്ലും എന്നെനിക്കറിയാമായിരുന്നു. കാലുകൾ വലിച്ചുവെച്ച് ഞാൻ നടന്നു.

# തിരിഞ്ഞുനോക്കുമ്പോൾ

സാധാരണ ജനങ്ങൾക്ക് ഇത്രയധികം താല്പര്യമുള്ള കളിയുണ്ടെങ്കിൽ അത് ഫുട്ബോളാണ്-പ്രത്യേകിച്ച് ഫുട്ബോളിന്റെ കളിത്തൊട്ടിലെന്നു വിളിക്കപ്പെടുന്ന കേരളത്തിൽ.

കായികരംഗത്ത് (പ്രത്യേകിച്ച് ഫുട്ബോളിൽ) ഇത്രയധികം സൗകര്യമുള്ള ഒരു കോളേജ് കോഴിക്കോട്ട് ജില്ലയിൽ ഉണ്ടോ എന്നു സംശയമാണ്. പ്രമുഖരും അപ്രമുഖരുമായ അനവധി കളിക്കാരെ സൃഷ്ടിച്ചുവിട്ട ഫാറൂഖ് കോളേജിന്റെ നാമധേയം 1959-നുശേഷം ഫുട്ബോൾരംഗത്ത് ഇല്ലായിരുന്നു എന്നുതന്നെ പറയാം. 1959-ൽ ഒ. ററി. കഞ്ഞാമുവിന്റെ നേതൃത്വത്തിലുള്ള ടീം കേരളാ യൂനിവേഴ്സിററി ട്രോഫിനേടി. അതിനുശേഷം 11 സംവത്സരം കാത്തിരിക്കേണ്ടിവന്നു. നമുക്കു ഫുട്ബോളിൽ എന്തെങ്കിലും ചലനമുണ്ടാകുവാൻ. 1970-ൽ സ്റ്റേററ് താരവും യൂനിവേർസിററി പ്ലേയറുമായ കുഞ്ഞിമുഹമ്മദ് നയിച്ച ടീം തങ്ങളുടെതന്നെ ഗ്രൗണ്ടിൽവെച്ചു നടന്ന മത്സരത്തിൽ ഫൈനലിൽ എത്തി. എന്നാൽ ഫൈനലിൽ ഇരുവിഭാഗം കാണികൾതമ്മിൽ നടന്ന അടികലശൽകാരണം മത്സരം തൃശ്ശൂർ എഞ്ചിനിയറിങ്ങ് കോളേജിലേക്കു നീട്ടിയെങ്കിലും-നിർഭാഗ്യത്താൽ നാം ഗുരുവായൂരപ്പനോട് 1—0ത്തിനു തോൽക്കുകയാണുണ്ടായത്.

1971 വന്നു ടീം കൂടുതൽ സുശക്തമായി-നായകൻ അഹമ്മദ് ആയി. അതുവരെ ജില്ലാലീഗിൽ 'ബി' ഡിവിഷ്യനിൽ കളിച്ച ഫാറൂഖ് കോളേജ് അക്കൊല്ലം 'ബി' ഡിവിഷ്യൻ റണ്ണേർസ് അപ്പായി 'എ' ഡിവിഷ്യനിലേക്കു കയറി. (ഒരു മത്സരം മാത്രം തോററു). അക്കൊല്ലം ആദ്യമായി ഗുരുവായൂരപ്പനെ തോല്പിച്ച് നമ്മൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ഇൻറർസോൺ മത്സരത്തിൽ 2-ാംസ്ഥാനം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു.

ചാമ്പ്യൻഷിപ്പ് പിടിച്ചടക്കാൻ കഴിഞ്ഞത് അഹമ്മദിന്റെ നേതൃത്വത്തിലാണെങ്കിൽ രണ്ടാം വർഷം അത് നിലനിർത്തിയത് ക്യാപ്ററൻ അബ്ദുൽ ലത്തീഫാണ്. ലത്തീഫ് നയിച്ച ടീമിൽ കാലിക്കററ് യൂനിവേർസിററി ഗോളി അസീസ്, സി. എ. അബൂബക്കർ എന്നീ പ്രമുഖ താരങ്ങൾ അണിനിരന്നിരുന്നു. സോണൽ മത്സരം ഫാറൂഖ്കോളേജ്ഗ്രൗണ്ടിൽവെച്ച് നടന്നപ്പോൾ ആദ്യമത്സരത്തിൽ മെഡിക്കലിനെ എതിരില്ലാത്ത നാലുഗോളിന് തകർത്തപ്പോൾ ആർട്ട്സ്കോളേജിനെ 6-1നു നിലം പരിശാക്കി. ഫൈനലിൽ. കടന്ന നാം തേഞ്ഞിപ്പലത്ത്വെച്ച് ഗുരുവായൂരപ്പനെ രണ്ടാവർഷവും തോല്പിച്ച് ചാമ്പൻഷിപ്പ് നിലനിർത്തി. അക്കൊല്ലത്തെ 'എ' ഡിവിഷ്യൻ ലീഗിൽ 4-ാം സ്ഥാനത്തിനർഹരാവുകയുംചെയ്തു. അങ്ങിനെ നമുക്കു നാഗജിട്രോഫിക്കുവേണ്ടിയുള്ള അഖിലേന്ത്യാ ഫുട്ബോളിൽ മുഖം കാണിക്കുവാൻ അവസരംലഭിച്ചു. ആദ്യമത്സരത്തിൽ ജേതാക്കളായ മഗൻസിങ് നയിക്കുന്ന ആർ. എ. സി. ബിക്കാനീറിനെ വിറപ്പിച്ചുവിട്ടെങ്കിലും നാം 3-1ന് പരാജയപ്പെടുകയാണുണ്ടായത്. നമുക്കുവേണ്ടി ലത്തീഫിന്റെ ബൂട്ടിൽനിന്ന് ഉയർന്ന മിന്നുന്നഗോൾ ആർ. എ. സി.യുടെ നെററ് കുലുക്കി. അക്കൊല്ലം ഗോളി അസീസ് ജൂനിയർ സ്റ്റേററ് കോച്ചിങ്ങ്കേമ്പിൽ പങ്കെടുത്തിരുന്നു.

ഹാററ്ട്രിക്ക് പൂർത്തിയാക്കാനുള്ള ഭാഗ്യം ലഭിച്ചു ആരം ക്യാപ്ററൻ സി. എ. അബൂബക്കറാണ്. രണ്ടാം വർഷം ഒരു യൂനിവേർസിററി കളിക്കാരനേ ഉണ്ടായിരുന്നുള്ളുവെങ്കിൽ മൂന്നാംവർഷം അതായത് 73_74ൽ 2 റിസർവുകൾ ഉൾപ്പെടെ 5 കളിക്കാർ ഫാറൂഖിന്റെ സംഭാവനയായിരുന്നു. അതിൽ ഗോളി അസീസ്, മാമുക്കോയ, അഹമ്മദ്കോയ,

പി. വി. ബാബുസർവോത്തമൻ, II P. D. C.

എന്നിവർക്കേ യൂനിവേർസിററി ജേർസി അണിയാൻ പററിയുള്ളൂ. 'ബി' സോൺ മത്സരം മെഡിക്കൽകോളേജിൽവെച്ച് നടന്നപ്പോൾ ആതിഥേയരെ 4_0ത്തിനും ആർട്ട സിനെ 4_2നും തോല്പിച്ചു നാം ഫൈനലിൽ മൂന്നാം വർഷവും ഗുരുവായൂരപ്പനോടേററുമുട്ടി. കളിതീരാൻ 10മിനുട്ട് ബാക്കിയിരിക്കെ നമ്മൾ 4—1ന് ലീഡ്ചെയ്യുമ്പോൾ പരാജയഭീതിപൂണ്ട ഗുരുവായൂരപ്പൻ വിദ്യാർത്ഥികൾ ഗ്രൗണ്ട് കൈയ്യേറിയതുകാരണം കളി മുഴമിപ്പിക്കാൻ കഴിഞ്ഞില്ല. പിന്നീട് അവർ മത്സരത്തിൽനിന്ന് പിന്മാറിയതുകാരണം മൂന്നാം വർഷവും തുടർച്ചയായി ചാമ്പ്യൻഷിപ്പ് നിലനിർത്തി ഒരു ഹാററ്ട്രിക്ക് വിജയം പൂർത്തിയാക്കി. ഇൻറർസോൺ തേഞ്ഞിപ്പലത്ത്വെച്ച് നടന്നപ്പോൾ ആദ്യം പ്രമുഖ താരങ്ങളടങ്ങുന്ന 'ക്രൈസ്ററി'നെ നാം പിടിച്ചു നിർത്തി. പിന്നീട് നടന്ന വാശിയേറിയ മത്സരത്തിൽ ഇന്ത്യൻ താരം ദേവാനന്ദ് നയിക്കുന്ന എസ്.

എൻ. കോളേജിനെതിരെ പകതി സമയത്ത് 2 ഗോാം ലീഡ് നേടിയശേഷം അവസാന നിമിഷത്തിൽ അവർ ഗോാം മടക്കിയതുകാരണം അവരോടും 'ഡ്രോ' ആവേണ്ടിവന്നു. പിന്നീട് എം. ഇ. എസിനോടും ഡ്രോകൊണ്ടു തൃപ്തിപ്പെടേണ്ടിവന്നു. അങ്ങനെ ആരോടും തോല്ക്കാതെ മൂന്നാം സ്ഥാനത്തിനർഹരായി. (ഈ സമയത്ത് ഗോളി അസീസ് ട്രാൻസ്പോർട്ടിൻെറ ഗോളിയായിപോയതും എടുത്തു പറയേണ്ടതാണ്.) അക്കൊല്ലം കർണ്ണാടകത്തിൽവെച്ച് നടന്ന മിത്രൻ മെമ്മോറിയൽ ട്രോഫിക്കുവേണ്ടിയും നാം പങ്കെടുത്തിരുന്നു.

പ്രമുഖ താരങ്ങളെല്ലാം നഷ്ടപ്പെട്ട ഈ കൊല്ലത്തെ ടീം ദാവൂദിൻെറ നേതൃത്വത്തിൽ ലീഗ് 'ബി' സോൺ ഫുട്ബോാം എന്നിവയിൽ ദയനീയമായി പരാജയപ്പെടുകയാണുണ്ടായത്, എങ്കിലും 3 കൊല്ലം തുടർച്ചയായി ചാമ്പ്യൻഷിപ്പ കൈവശംവെച്ചു എന്നത് അഭിമാനിക്കാൻ വകയുള്ളതാണ്. ഇക്കൊല്ലം ഇസ്മായിലിനെ മാത്രമേ യൂനിവേർസിററി ടീമിൽ അയക്കാൻ പററിയുള്ളു. അദ്ദേഹം സ്റ്റേററ് ജൂനിയർ കോച്ചിങ്ങ് ക്യാമ്പിലും പങ്കെടുത്തു.

ഫുട്ബോളിൽ ഫാറൂഖ്കോളേജ് വളരെദൂരം പിന്നിടേണ്ടിയിരിക്കുന്നു. ഫുട്ബോളിൽ ഇത്രയധികം പുരോഗതിക്ക് കാരണഭൂതനായ ഫിസിക്കൽ എഡ്യുക്കേഷൻ ലക്ചർ സി. പി. അബൂബക്കറെ എത്ര അഭിനന്ദിച്ചാലും മതിയാവുകയില്ല. നല്ലനല്ല കളിക്കാരെ തേടിപ്പിടിച്ച് കോച്ചിങ്ങ് കൊടുത്തെങ്കിൽ മാത്രമേ അടുത്തവർഷം ഫുട്ബോളിൽ നമുക്ക് എന്തെങ്കിലും അട്ടിമറി സൃഷ്ടിക്കാൻ കഴിയൂ...

# യാത്രക്കാർ

—വി. മായിൻകുട്ടി, II P. D. C.

എണ്ണമയമില്ലാത്ത നീണ്ടമുടിയുള്ള
പഴയതിനോടവജ്ഞയുള്ള
വർത്തമാനത്തെക്കുറിച്ചജ്ഞതയുള്ള
ഒരുപററം യുവാക്കരം ദേശാടനത്തിനിറങ്ങി.
ശൂന്യമായ കരങ്ങളും ഒഴിഞ്ഞഭാണ്ഡവും
കല്പിച്ചമനസ്സും മദ്യത്തിൻെറ ലഹരിയും
ലക്ഷ്യത്തിൻെറ അഭാവവും ആശയത്തിൻെറ കുറവും
കൈമുതലുള്ള അവർ
ജീവിതമാം സഞ്ചാരപഥത്തിൽ
ദാഹജലമന്വേഷിച്ചിറങ്ങിയ പുതുയുഗപാന്ഥർ.
മദ്യംനിറഞ്ഞു തുളമ്പുന്ന ആമാശയത്തിനല്ല
പാനീയങ്ങരം ഈർപ്പംനൽകിയ തൊണ്ടക്കല്ലേ.
പക്ഷെ; വരണ്ടുണങ്ങിയ മനസ്സിനെ
ഈർപ്പംതെളിച്ചുണർത്താൻ, ആശയററ ജീവിതത്തെ
പ്രതീക്ഷകൊണ്ടുനിറക്കാൻ
പുതിയ ഉറവകരംതേടി അവരലഞ്ഞു.
പഴമകരം പന്തലിച്ച ശ്മശാനഭൂമികളിൽ
സംസ്ക്കാരങ്ങരം വിളഞ്ഞ നദീതടങ്ങളിൽ
പുല്ലുമുളക്കാത്ത, കാലികരംമേയാത്ത
വിജനമാം മരുഭൂമികളിലവർ
അരുവികരംതേടി, അന്ധരായിനടന്നു.
വരണ്ട മരുഭൂമികളിൽ അലതല്ലും
മൃഗതൃഷ്ണയിലാകൃഷ്ടരായി, ആശയോടെ
ഓടിവന്ന അവർ നിരാശരായിമടങ്ങി.
ജലംകിട്ടാതെ, മനസ്സുനനക്കാതെ
അരുവികരംക്കരികിലൂടെ, പുഴകരംക്കിടയിലൂടെ
തേടിനടക്കമീ നവയുഗസന്തതികരം, ഈ
കുരുക്ഷേത്രത്തിലായുധമില്ലാത്ത ക്ഷത്രിയർ.